കേന്ദ്ര ഗവൺമെൻറ്

നിയമ മന്ത്രാലയം

# ഇൻഡ്യൻ ട്രസ്റ്റ് ആക്റ്റ്, 1882

## (1882-ലെ 2-ാം നമ്പർ ആക്റ്റ്)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനു വേണ്ടി കേരളാ ഗവൺമെൻറ് പ്രസ് സൂപ്രണ
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1976

K1-50

കേന്ദ്ര ഗവൺമെന്റ്
നിയമ മന്ത്രാലയം

# ഇൻഡ്യൻ ട്രസ്റ്റ് ആക്റ്റ്, 1882

(1882-ലെ 2-ാം നമ്പർ ആക്റ്റ്)

കേരള ഔദ്യോഗിക ഭാഷാ (നിയമ നിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

1-50

©
കേന്ദ്ര ഗവൺമെൻറ്
നിയമ മന്ത്രാലയം

ii

# ഇൻഡ്യൻ ട്രസ്ററ് ആക്ററ്, 1882

## വകുപ്പുകളുടെ വിന്യാസം

ആമുഖം

### അദ്ധ്യായം I

### പ്രാരംഭികം

1. ചുരുക്കപ്പേര്.
പ്രാരംഭം.
തദ്ദേശ വ്യാപ്തി.
ഒഴിവാക്കലുകൾ.
2. അധിനിയമങ്ങൾ റദ്ദാക്കൽ.
3. വ്യാഖ്യാനഖണ്ഡം :—"ട്രസ്ററ്", "ട്രസ്ററുകർത്താവ്",
"ട്രസ്ററി", "ഗുണാനുഭോക്താവ്", "ട്രസ്ററു വസ്തു",
"ഗുണാനുഭവാവകാശം", "ട്രസ്ററു പ്രമാണം".
"ട്രസ്ററ് ലംഘനം".
"രജിസ്ററർ ചെയ്ത".
"നോട്ടീസ്"
1872-ലെ 9-ാം ആക്ററിൽ നിർവ്വചിച്ചിട്ടുള്ള പദങ്ങൾ

### അദ്ധ്യായം II

### ട്രസ്ററുകൾ സൃഷ്ടിക്കുന്നതിനെക്കുറിച്ച്

4. നിയമാനുസൃതമായ ആവശ്യം.
5. സ്ഥാവര വസ്തു സംബന്ധിച്ച ട്രസ്ററ്.
ജംഗമവസ്തു സംബന്ധിച്ച ട്രസ്ററ്.
6. ട്രസ്ററ് സൃഷ്ടിക്കുന്നത്.
7. ട്രസ്ററുകൾ ആർക്ക് സൃഷ്ടിക്കാമെന്ന്.
8. ട്രസ്ററിന്റെ വിഷയം.
9. ആർക്ക് ഗുണാനുഭോക്താവ് ആകാമെന്ന്. ഗുണാനുഭോക്താവിനാലുള്ള അവകാശത്യജനം.
10. ആർക്ക് ട്രസ്ററിയാകാമെന്ന്.
ട്രസ്ററ് സ്വീകരിക്കുവാൻ ആരും ബാദ്ധ്യസ്ഥനല്ലെന്ന്.
ട്രസ്ററിന്റെ പ്രതിഗ്രഹണം.
ട്രസ്ററിനുള്ള അവകാശം ത്യജിക്കുന്നത്.

### അദ്ധ്യായം III

### ട്രസ്ററികളുടെ കർത്തവ്യങ്ങളേയും ബാദ്ധ്യതകളേയും കുറിച്ച്

11. ട്രസ്ററി ട്രസ്ററ് നടപ്പാക്കണമെന്ന്.
12. ട്രസ്ററ് വസ്തുവിന്റെ സ്ഥിതിയെപ്പററി ട്രസ്ററി അറിവ് സമ്പാദിക്കണമെന്ന്.

13. ട്രസ്ററ് വസ്തുവിനുള്ള ഉടമാവകാശം ട്രസ്ററി സംരക്ഷിക്കണമെന്ന്.
14. ട്രസ്ററി ഗുണാനുഭോക്താവിനെതിരായി ഉടമാവകാശവാദം ഉന്നയിക്കരുതെന്ന്.
15 ട്രസ്ററിയിൽനിന്ന് വേണ്ടതായ ശ്രദ്ധ.
16. വേഗം കേടുവരുന്ന വസ്തു മാററുന്നത്.
17. ട്രസ്ററി നിഷ്പക്ഷനായിരിക്കണമെന്ന്.
18. ട്രസ്ററി നാശം തടയണമെന്ന്.
19. കണക്കുകളും വിവരവും
20. ട്രസ്ററു പണത്തിൻെറ നിക്ഷേപം.
20. (ക). വീണ്ടെടുക്കാവുന്ന സ്ററാക്ക് പ്രീമിയത്തിൻമേൽ വിലയ്ക്കു വാങ്ങുന്നതിനുള്ള അധികാരം
21. 1871-ലെ 26-ാം ആക്ററിൻ കീഴിൽ ഗവൺമെൻറിന് ഈടു കൊടുത്തിട്ടുള്ള ഭൂമിയുടെ പണയം.
ഗവൺമെൻറ് സേവിങ്ങ്സ് ബാങ്കുകളിലെ ഡിപ്പാസിററ്.
22. വിനിർദ്ദിഷ്ട സമയത്തിനുള്ളിൽ വിൽക്കണമെന്ന് നിദേശിക്കപ്പെട്ടിട്ടുള്ള ട്രസ്ററിയാലുള്ള വില്പന.
23. ട്രസ്ററു ലംഘനം ചെയ്താലുള്ള ബാദ്ധ്യത.
24. ട്രസ്ററിക്കു തട്ടിക്കഴിക്കാൻ അനുവാദമില്ല.
25. മുൻഗാമിയുടെ വീഴ്ചയ്ക്കു ബാദ്ധ്യതയില്ലായ്മ.
26. സഹട്രസ്ററിയുടെ വീഴ്ചയ്ക്കു ബാദ്ധ്യതയില്ലായ്മ.
പേരിനു മാത്രം രസീതിൽ ചേരുന്നത്.
27. സഹട്രസ്ററികളുടെ വെവ്വേറെയുള്ള ബാദ്ധ്യത.
സഹട്രസ്ററികൾ തമ്മിലുള്ള അംശദായം.
28. ഗുണാനുഭോക്താവിനാലുള്ള കൈമാററത്തെപ്പററി നോട്ടീസ് കൂടാതെ പണം കൊടുക്കുന്ന ട്രസ്ററിയുടെ ബാദ്ധ്യതയില്ലായ്മ.
29. ഗുണാനുഭോക്താവിൻെറ അവകാശം ഗവൺമെൻറിലേക്ക് കണ്ടുകെട്ടപ്പെടുന്നിടത്ത് ട്രസ്ററിയുടെ ബാദ്ധ്യത.
30. ട്രസ്ററികളുടെ നഷ്ടോത്തരവാദം.


## അദ്ധ്യായം IV

## ട്രസ്ററികളുടെ അവകാശങ്ങളേയും അധികാരങ്ങളേയും കുറിച്ച്


31. അവകാശ പത്രത്തിനുള്ള അവകാശം.
32. ചെലവുകളുടെ പ്രതിപൂരണത്തിനുള്ള അവകാശം.
തെററായി അധികം കൊടുത്ത പണം തിരിയെ എടുക്കാനുള്ള അവകാശം.
33. ട്രസ്ററ് ലംഘനം വഴി നേട്ടമുണ്ടാകുന്ന ആളിൽനിന്ന് നഷ്ടോത്തരവാദത്തിനുള്ള അവകാശം.
34. ട്രസ്ററ് വസ്തുവിൻെറ മാനേജുമെൻറിൽ കോടതിയോട് അഭിപ്രായത്തിന് അപേക്ഷിക്കാനുള്ള അവകാശം.
35. കണക്ക് തീർക്കലിനുള്ള അവകാശം.
36. ട്രസ്ററിയുടെ സാമാന്യ പ്രാധികാരം.
37. ലാട്ടുകളായും പരസ്യ ലേലത്തിലോ സ്വകാര്യ കാൺട്രാക്ററ്വഴിയോ ആയും വില്ക്കുവാനുള്ള അധികാരം

38. പ്രത്യേക ഉപാധികൾക്ക് കീഴിൽ വില്ക്കുവാനുള്ള അധികാരം ; തനിക്കായിത്തന്നെ വാങ്ങുവാനും വീണ്ടും വില്ക്കുവാനുമുള്ള അധികാരം. ട്രസ്റ്റ് വസ്തു വില്ക്കുന്നതിന് അനുവദിച്ചിട്ടുള്ള സമയം.
39. കൈമാററം ചെയ്തു കൊടുക്കുവാനുള്ള അധികാരം.
40. മുടക്കുകൾ വ്യത്യാസപ്പെടുത്താനുള്ള അധികാരം.
41. മൈനർമാരുടേയും മററും വസ്തു അവരുടെ സംരക്ഷണത്തിനും മററും വിനിയോഗിക്കുവാനുള്ള അധികാരം.
42. രസീത് കൊടുക്കുവാനുള്ള അധികാരം.
43. കംപൗണ്ടു ചെയ്യാനും മററുമുള്ള അധികാരം
44. അധികാരം പല ട്രസ്ററികൾക്കായിരിക്കുകയും അവരിൽ ഒരാൾ അവകാശം ത്യജിക്കുകയോ മരിക്കുകയോ ചെയ്യുകയും ചെയ്യുമ്പോൾ.
45. ട്രസ്ററിയുടെ അധികാരങ്ങൾ വിധിവഴി നിറുത്തിവയ്ക്കുന്നത്.

## അദ്ധ്യായം V

## ട്രസ്ററികളുടെ അവശതകളെക്കുറിച്ച്

46. പ്രതിഗ്രഹണത്തിനുശേഷം ട്രസ്ററിക്ക് പരിത്യജിക്കാവുന്നതല്ല.
47. ട്രസ്ററിക്ക് പ്രത്യായോജനം ചെയ്യാവുന്നതല്ല.
48. സഹട്രസ്ററിക്ക് തനിയെ പ്രവർത്തിക്കാവുന്നതല്ല.
49. വിവേകം ഉപയോഗിക്കാനുള്ള അധികാരത്തിന്റെ നിയന്ത്രണം
50. സേവനങ്ങൾക്ക് ട്രസ്ററിക്ക് വേതനം ചോദിക്കാവുന്നതല്ല.
51. ട്രസ്ററിക്ക് ട്രസ്ററ്വസ്തു സ്വന്തം ലാഭത്തിന് ഉപയോഗിക്കാവുന്നതല്ല.
52. വില്പനയ്ക്കുള്ള ട്രസ്ററിക്കോ അയാളുടെ ഏജൻറിനോ വാങ്ങാവുന്നതല്ല.
53. ട്രസ്ററിക്ക് ഗുണാനുഭോക്താവിന്റെ അവകാശം അനുവാദം കൂടാതെ വാങ്ങാവുന്നതല്ല.
ക്രയത്തിനുള്ള ട്രസ്ററി.
54. സഹട്രസ്ററികൾക്ക് തങ്ങളിൽത്തന്നെ ഒരാൾക്ക് കടം കൊടുക്കാവുന്നതല്ല.

## അദ്ധ്യായം VI

## ഗുണാനുഭോക്താവിന്റെ അവകാശങ്ങളേയും ബാദ്ധ്യതകളേയും കുറിച്ച്

55. പാട്ടത്തിനും (വാടകയ്ക്കും) ആദായത്തിനുമുള്ള അവകാശം.
56. വിനിർദ്ദിഷ്ടമാംവണ്ണം തന്നെയുള്ള നടപ്പാക്കലിനുള്ള അവകാശം. കൈവശം കൈമാററം കിട്ടുവാനുള്ള അവകാശം.
57. ട്രസ്ററ് പ്രമാണം, കണക്കുകൾ മുതലായവ പരിശോധിക്കുവാനും പകർപ്പുകൾ എടുക്കുവാനുമുള്ള അവകാശം.
58. ഗുണാനുഭവാവകാശം കൈമാററം ചെയ്യാനുള്ള അവകാശം.
59. ട്രസ്ററു നടപ്പാക്കാൻവേണ്ടി വ്യവഹാരപ്പെടാനുള്ള അവകാശം.
60. തക്ക ട്രസ്ററികളെ കിട്ടാനുള്ള അവകാശം.
61. കർത്തവ്യമായ ഏതെങ്കിലും കൃത്യം ചെയ്യാൻ നിർബന്ധിക്കുന്നതിനുള്ള അവകാശം.

62. ട്രസ്ററിയുടെ അന്യായമായ ക്രയം.
63. ട്രസ്ററു വസ്തു പിന്തുടർന്നു ചെയ്യുന്നത് — മൂന്നാമൻമാരുടെ കൈയിലേക്ക്;
അത് എന്തായി മാററപ്പെട്ടുവോ അതിലേക്ക്.
64. കൈമാററം വാങ്ങുന്ന ചിലരുടെ അവകാശങ്ങൾ ഒഴിവാക്കൽ.
65. അന്യായമായി മറിക്കപ്പെട്ട ട്രസ്ററ്വസ്തു ട്രസ്ററി ആർജ്ജിക്കുന്നത്.
66. കൂട്ടിക്കലർത്തിയ വസ്തുവിൻെറ സംഗതിയിലുള്ള അവകാശം.
67. പങ്കാളിയായ ട്രസ്ററി ട്രസ്ററ് പങ്കാളിത്ത ആവശ്യങ്ങൾക്ക് അന്യായമായി നിയോജിക്കുന്നത്.
68. ട്രസ്ററു ലംഘനത്തിൽ ചേരുന്ന ഗുണാനുഭോക്താവിൻെറ ബാദ്ധ്യത.
69. ഗുണാനുഭോക്താവിൽനിന്ന് കൈമാററം വാങ്ങിയ പ്രമാണങ്ങളുടെ അവകാശങ്ങളും ബാദ്ധ്യതകളും.

അദ്ധ്യായം VII

## ട്രസ്ററിയുടെ ഉദ്യോഗം ഒഴിവാകുന്നതിനെക്കുറിച്ച്

70. ഉദ്യോഗം ഒഴിവാകുന്നതെങ്ങനെയെന്ന്.
71. ട്രസ്ററിയുടെ വിമോചനം.
72. ട്രസ്ററിൽനിന്ന് വിമോചിപ്പിക്കപ്പെടുന്നതിനുള്ള ഹർജി.
73. മരണം മുതലായ സംഗതിയിൽ പുതിയ ട്രസ്ററികളുടെ നിയമനം.
74. കോടതിയാലുള്ള നിയമനം.
പുതിയ ട്രസ്ററികളെ തെരഞ്ഞെടുക്കാനുള്ള ചട്ടം.
75. ട്രസ്ററു വസ്തു പുതിയ ട്രസ്ററികളിൽ നിക്ഷിപ്തമാകുന്നത്.
പുതിയ ട്രസ്ററികളുടെ അധികാരങ്ങൾ.
76. ട്രസ്ററിൻെറ അതിജീവനം.

അദ്ധ്യായം VIII

## ട്രസ്ററുകളുടെ ഇല്ലാതാക്കലിനെക്കുറിച്ച്

77. ട്രസ്ററ് ഇല്ലാതാകുന്നത് എങ്ങനെയെന്ന്.
78. ട്രസ്ററു പിൻവലിക്കൽ.
79. പിൻവലിക്കൽ, ട്രസ്ററികൾ യഥാവിധി ചെയ്തതിനെ പരാജയപ്പെടുത്തരുതെന്ന്.

അദ്ധ്യായം IX

## ട്രസ്ററുകളുടെ പ്രകൃതമുള്ള ചില കടപ്പാടുകളെക്കുറിച്ച്

80. ട്രസ്ററിൻെറ പ്രകൃതമുള്ള കടപ്പാട് സൃഷ്ടിക്കപ്പെടുന്നതെവിടെയെന്ന്.
81. കൈമാററം ചെയ്യുന്ന ആൾ ഗുണാനുഭോഗാവകാശം വ്യയനം ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതായി കാണാത്തിടത്ത്.

82. ഒരാൾക്ക്, മറ്റൊരാൾ കൊടുക്കുന്ന പ്രതിഫലത്തിന് കൈമാററം ചെയ്യുന്നത്.
83. നടപ്പാക്കാൻ കഴിയാത്തതോ അല്ലെങ്കിൽ ട്രസ്ററുവസ്തു മുഴുവൻ തീർക്കാതെ നടപ്പാക്കിയിട്ടുള്ളതോ ആയ ട്രസ്ററ്.
84. നിയമവിരുദ്ധമായ ആവശ്യത്തിനുവേണ്ടിയുള്ള കൈമാററം.
85. നിയമവിരുദ്ധമായ ആവശ്യത്തിനുവേണ്ടിയുള്ള ഒസ്യത്ത് ബലാൽക്കരണം വഴി പഴിൻവലിക്കൽ തടയപ്പെട്ട ഒസ്യത്ത്.
86. റദ്ദാക്കപ്പെടാവുന്ന കാൺട്രാക്ററിന് അനുസൃതമായ കൈമാററം.
87. അധമർണ്ണൻ ഉത്തമർണ്ണൻെറ പ്രതിനിധി ആകുന്നത്.
88. വിശ്വാസാധിഷ്ഠിതൻ നേടുന്ന പ്രയോജനം.
89. അനുചിതമായ സ്വാധീനം പ്രയോഗിക്കുന്നതുവഴി നേടുന്ന പ്രയോജനം.
90. പരിമിതാവകാശത്തിൻെറ ഉടമസ്ഥൻ നേടുന്ന പ്രയോജനം.
91. നിലവിലുള്ള കാൺട്രാക്ററിനെക്കുറിച്ചുള്ള നോട്ടീസ്സോടുകൂടി ആർജ്ജിക്കുന്ന വസ്തു.
92. ട്രസ്ററായി വച്ചുകൊള്ളാനായി വസ്തു വാങ്ങാൻ കാൺട്രാക്ററു ചെയ്യുന്ന ആൾ വാങ്ങുന്നത്.
93. രാജിയാകുന്ന പല ഉത്തമർണ്ണൻമാരിൽ ഒരാൾ രഹസ്യമായി നേടുന്ന പ്രയോജനം.
94. പ്രകടമായ വ്യവസ്ഥയില്ലാത്ത സംഗതികളിൽ നിയമസങ്കല്പിത ട്രസ്ററുകൾ.
95. കടപ്പാടുള്ള ആളുടെ കർത്തവ്യങ്ങളും ബാദ്ധ്യതകളും അവശതകളും.
96. ഉത്തമവിശ്വാസപൂർവ്വം വിലയ്ക്കു വാങ്ങുന്നവരുടെ അവകാശങ്ങൾ ഒഴിവാക്കൽ.

പട്ടിക.

# ഇൻഡ്യൻ ട്രസ്റ്റ് ആക്റ്റ്, 1882

## (1882-ലെ 2-ാം നമ്പർ ആക്റ്റ്)

## സ്വകാര്യ ട്രസ്റ്റുകളേയും ട്രസ്റ്റികളേയും സംബന്ധിച്ച നിയമം നിർവ്വചിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനുമുള്ള ആക്റ്റ്

[1882 ജനുവരി 13-ാം തീയതി.]

**ആമുഖം**

സ്വകാര്യ ട്രസ്റ്റുകളേയും ട്രസ്റ്റികളേയും സംബന്ധിച്ച നിയമം നിർവ്വചിക്കുകയും ഭേദഗതി ചെയ്യുകയും ചെയ്യുന്നത് സമീചീനമായിരിക്കുകയാൽ; ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

### അദ്ധ്യായം I

### പ്രാരംഭികം

1. ചുരുക്കപ്പേര്, പ്രാരംഭം.—I. ഈ ആക്റ്റിന് ഇൻഡ്യൻ ട്രസ്റ്റ് ആക്റ്റ്, 1882 എന്നു പേർ പറയാവുന്നതും; ഇത് 1882 മാർച്ച് മാസം ഒന്നാം ദിവസം പ്രാബല്യത്തിൽ വരുന്നതും ആകുന്നു.

തദ്ദേശവ്യാപ്തി.—ഇത് ജമ്മു-കാശ്മീർ സ്റ്റേറ്റ്, ആൻഡമാൻ നിക്കോബാർ ദീപുകൾ എന്നിവ ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്; എന്നാൽ കേന്ദ്ര ഗവൺമെൻറിന്, അതതു സമയം ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഇത് ആൻഡമാൻ നിക്കോബാർ ദീപുകളിലേക്കോ അതിന്റെ ഏതെങ്കിലും ഭാഗത്തേക്കോ വ്യാപിപ്പിക്കാവുന്നതാണ്.

ഒഴിവാക്കലുകൾ:—എന്നാൽ ഇതിൽ അടങ്ങിയ യാതൊന്നും വക്ഫ് സംബന്ധിച്ച മുഹമ്മദീയ നിയമത്തിലെ ചട്ടങ്ങളേയോ ഏതെങ്കിലും ആചാരാധിഷ്ഠിത നിയമത്താലോ വ്യക്തി നിയമത്താലോ നിർണ്ണയിക്കപ്പെടുന്നതും, ഏതെങ്കിലും ഒരു അവിഭക്ത കുടുംബത്തിലെ അംഗങ്ങളുടേതുമായ പരസ്പര ബന്ധങ്ങളേയോ ബാധിക്കുന്നതോ, മതപരമോ ധർമ്മപരമോ ആയ പബ്ലിക് എൻഡോവ്മെൻറുകൾക്കോ സ്വകാര്യ എൻഡോവ്മെൻറുകൾക്കോ അല്ലെങ്കിൽ യുദ്ധത്തിൽ പിടിച്ചെടുത്ത പ്രൈസുകൾ പിടിച്ചെടുത്തവർക്കിടയിൽ വിതരണം ചെയ്യുവാനുള്ള ട്രസ്റ്റുകൾക്കോ ബാധകമാകുന്നതോ അല്ല. ഈ ആക്റ്റിലെ രണ്ടാം അദ്ധ്യായത്തിലെ യാതൊന്നും മേല്പറഞ്ഞദിവസത്തിനു മുൻപ് സൃഷ്ടിക്കപ്പെട്ട ട്രസ്റ്റുകൾക്ക് ബാധകമാകുന്നതും അല്ല.

2. അധിനിയമങ്ങൾ റദ്ദാക്കൽ.— ഇതിനോട് അനുബന്ധിച്ച പട്ടികയിൽ പറഞ്ഞിട്ടുള്ള സ്റ്റാറ്റ്യൂട്ടും ആക്റ്റുകളും, ആ പട്ടികയിൽ പറഞ്ഞിട്ടുള്ളിടത്തോളം ഈ ആക്റ്റു തൽസമയം വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളിൽ റദ്ദാക്കപ്പെട്ടിരിക്കുന്നതാണ്,

3. വ്യാഖ്യാനഖണ്ഡം.— : "ട്രസ്റ്റ്" "ട്രസ്റ്റ് കർത്താവ്" : "ട്രസ്റ്റി" : "ഗുണാനുഭോക്താവ്" "ട്രസ്റ്റുവസ്തു" "ഗുണാനുഭവാവകാശബന്ധം" : "ട്രസ്റ്റ്പ്രമാണം".

"ട്രസ്റ്റ്" എന്നാൽ വസ്തുവിന്റെ ഉടമസ്ഥാവകാശത്തോട് അനുബന്ധിച്ചതും മറെറാരാളുടെ, അല്ലെങ്കിൽ മറെറാരാളുടേയും ഉടമസ്ഥന്റേയും ഗുണത്തിനുവേണ്ടി, ഉടമസ്ഥനിൽ അർപ്പിക്കുകയും അയാറം സ്വീകരിക്കുകയും ചെയ്യുന്നതോ അല്ലെങ്കിൽ അയാറം പ്രഖ്യാപിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതോ ആയ ഒരു വിശ്വാസത്തിൽനിന്ന് ഉദ്ഭവിക്കുന്നതുമായ ഒരു കടപ്പാട് ആകുന്നു :

വിശ്വാസം നിക്ഷേപിക്കുകയോ പ്രഖ്യാപിക്കുകയോ ചെയ്യുന്ന ആറക്ക് "ട്രസ്റ്റ് കർത്താവ്" എന്ന് പേർ പറയുന്നു : വിശ്വാസം സ്വീകരിക്കുന്ന ആറക്ക് "ട്രസ്റ്റി" എന്നു പേർ പറയുന്നു : ആരുടെ ഗുണത്തിനുവേണ്ടിയാണോ വിശ്വാസം സ്വീകരിക്കപ്പെട്ടിട്ടുള്ളത്, അയാറക്ക് "ഗുണാനുഭോക്താവ്" എന്ന്പേർ പറയുന്നു : ട്രസ്റ്റിന്റെ വിഷയവസ്തുവിന് "ട്രസ്റ്റ് വസ്തു" എന്നോ "ട്രസ്റ്റ്" പണമെന്നോ പേർ പറയുന്നു : "ഗുണാനുഭവാവകാശ ബന്ധം" അല്ലെങ്കിൽ "ഗുണാനുഭോക്താവിന്റെ അവകാശം" ട്രസ്റ്റുവസ്തുവിന്റെ ഉടമസ്ഥനാണെന്ന നിലയിൽ അയാറക്ക് എതിരായുള്ള ഗുണാനുഭോക്താവിന്റെ അവകാശബന്ധമാകുന്നു: ട്രസ്റ്റു പ്രഖ്യാപിക്കപ്പെട്ട പ്രമാണം വല്ലതുമുണ്ടെങ്കിൽ, അതിന് "ട്രസ്റ്റുപ്രമാണം" എന്ന് പേർ പറയുന്നു:

"ട്രസ്റ്റു ലംഘനം" .—തൽസമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമം ഒരു ട്രസ്റ്റിയിൽ, ആ നിലയിൽ ചുമത്തുന്ന ഏതെങ്കിലും കർത്തവ്യത്തിന്റെ ലംഘനത്തിന് "ട്രസ്റ്റു് ലംഘനം" എന്ന് പേർ പറയുന്നു:

"രജിസ്ററർചെയ്ത", "നോട്ടീസ്".—കൂടാതെ, ഈ ആക്ററിൽ, വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം, "രജിസ്ററർ ചെയ്ത" എന്നാൽ രേഖകറ രജിസ്ററർ ചെയ്യുന്നതിന് തൽസമയം പ്രാബല്യത്തിലുള്ള നിയമത്തിൻകീഴിൽ രജിസ്ററർ ചെയ്ത, എന്ന് അർത്ഥമാകുന്നു : ഒരു വസ്തുതയെപ്പററി ഒരാറക്ക് "നോട്ടീസ്" ഉണ്ടെന്ന് പറയുന്നത്, അയാറ, ആ വസ്തുത യഥാർത്ഥത്തിൽ അറിയുമ്പോഴോ അല്ലെങ്കിൽ മന:പൂർവ്വമായ അന്വേഷിക്കാതിരിക്കലോ കടുത്ത ഉപേക്ഷയോ ഇല്ലായിരുന്നുവെങ്കിൽ, അയാറ അത് അറിഞ്ഞിട്ടുണ്ടാകും എന്നുള്ളപ്പോഴോ, അല്ലെങ്കിൽ ആ വസ്തുതയെപ്പററിയുള്ള വിവരം ഇൻഡ്യൻ കാൺട്രാക്ററ് ആക്ററ്, 1872- (1872 ലെ 9-ാം) ലെ 229-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള, പരിത:സ്ഥിതികളിൽ അയാളുടെ ഏജൻറിന് നല്കുകയോ ലഭിക്കുകയോ ചെയ്യുമ്പോഴോ ആകുന്നു:ഇതിൽ ഉപയോഗിച്ചിട്ടുള്ളതും, ഇൻഡ്യൻ കാൺട്രാക്ററ് ആക്ററ്, 1872-ൽ നിർവ്വചിച്ചിട്ടുള്ളതുമായ എല്ലാ പദങ്ങറക്കും ആ ആക്ററ് അവയ്ക്ക് യഥാക്രമം കല്പിക്കുന്ന അർത്ഥങ്ങളുള്ളതായി കരുതപ്പെടുന്നതും ആകുന്നു.

## അദ്ധ്യായം II

## ട്രസ്റ്റുകറ സൃഷ്ടിക്കുന്നതിനെക്കുറിച്ച്

4. നിയമാനുസൃതമായ ആവശ്യം.—ഒരു ട്രസ്റ്റ് ഏത് നിയമാനുസൃതമായ ആവശ്യത്തിനും സൃഷ്ടിക്കാവുന്നതാണ്. ഒരു ട്രസ്റ്റിന്റെ ആവശ്യം, അത്—

(ക) നിയമത്താൽ വിലക്കപ്പെട്ടതോ,

(ഖ) അനുവദിക്കപ്പെടുകയാണെങ്കിൽ ഏതെങ്കിലും നിയമത്തിന്റെ വ്യവസ്ഥകളെ പരാജയപ്പെടുത്തുന്ന സ്വഭാവത്തോടുകൂടിയതോ,

(ഗ) വഞ്ചനാപൂർവകമായതോ,

(ഘ) മറ്റൊരാളുടെ ദേഹത്തിനോ വസ്തുവിനോ ക്ഷതി ഉളവാക്കൽ ഉൾക്കൊള്ളുകയോ വ്യഞ്ജിപ്പിക്കുകയോ ചെയ്യുന്നതോ, അല്ലെങ്കിൽ

(ങ) അസാൻമാർഗ്ഗികമോ പബ്ലിക് പാളിസിക്ക് എതിരായതോ ആണെന്ന് കോടതി കരുതുന്നതോ,

അല്ലാത്തപക്ഷം, നിയമാനുസൃതമാണ്. ഏത് ട്രസ്റ്റിന്റെ ആവശ്യമാണോ നിയമാനുസൃതമല്ലാത്തത്, അങ്ങനെയുള്ള ഏതൊരു ട്രസ്റ്റും ശൂന്യമാണ്. കൂടാതെ ഒരു ട്രസ്റ്റ് രണ്ട് ആവശ്യങ്ങൾക്കുവേണ്ടി ഉണ്ടാക്കിയിരിക്കുകയും, അതിൽ ഒന്ന് നിയമാനുസൃതവും, മറേറത് നിയമാനുസൃതമല്ലാത്തതും ആവുകയും രണ്ടാവശ്യങ്ങളും വേർതിരിക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്നിടത്ത്, മുഴുവൻ ട്രസ്റ്റും ശൂന്യമാകുന്നു.

വിശദീകരണം.—ഈ വകുപ്പിൽ "നിയമം" എന്ന പദത്തിൽ, ട്രസ്റ്റു വസ്തു സ്ഥാവരവും, വിദേശരാജ്യത്ത് സ്ഥിതി ചെയ്യുന്നതും ആയിരിക്കുന്നിടത്ത്, അങ്ങനെയുള്ള രാജ്യത്തിന്റെ നിയമവും ഉൾപ്പെടുന്നു.

ദൃഷ്ടാന്തങ്ങൾ

(ക) ക, ഖ യ്ക്ക് വസ്തു, അതിന്റെ ആദായം വേശ്യകളായി പരിശീലിപ്പിച്ചുകൊണ്ടുവരാനുള്ളവരും ഉപേക്ഷിച്ചു കിട്ടിയവരുമായ പെൺകുട്ടികളുടെ പോഷണത്തിന് ഉപയോഗിക്കാനായി ട്രസ്റ്റായി കൈമാററം ചെയ്യുന്നു. ട്രസ്റ്റ് ശൂന്യമാണ്.

(ഖ) ക, കള്ളക്കടത്ത് ബിസ്സിനസ്സ് നടത്തിക്കൊണ്ടു പോകുന്നതിന് ഉപയോഗിക്കുകയും അതിലെ ആദായത്തിൽനിന്ന് തന്റെ കുട്ടികളെ സംരക്ഷിക്കുകയും ചെയ്യുന്നതിന് ട്രസ്റ്റായി തന്റെ വസ്തു ഖ യ്ക്ക് മരണശാസനംവഴി നല്കുന്നു. ട്രസ്റ്റ് ശൂന്യമാണ്.

(ഗ) ക, നിർദ്ധനത്വപരിതഃസ്ഥിതികളിലായിരിക്കുമ്പോൾ, തന്റെ ജീവിതകാലത്തേക്ക്, തനിക്കും തന്റെ മരണശേഷം ഖ യ്ക്കുംവേണ്ടി ട്രസ്റ്റായി ഖ യ്ക്ക് വസ്തു കൈമാററം ചെയ്യുന്നു. ക നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുന്നു. ക യ്ക്ക്വേണ്ടിയുള്ള ട്രസ്റ്റ്, അയാളുടെ ഉത്തമർണ്ണൻമാർക്കെതിരായിടത്തോളം, അസാധുവാണ്.

5. <u>സ്ഥാവരവസ്തു സംബന്ധിച്ച ട്രസ്റ്റ്.</u>—സ്ഥാവരവസ്തു സംബന്ധിച്ച യാതൊരു ട്രസ്റ്റും, ട്രസ്റ്റുകർത്താവോ ട്രസ്റ്റിയോ ഒപ്പിട്ടതും രജിസ്ററർ ചെയ്തതുമായ, ലിഖിതമായതും മരണശാസനമല്ലാത്തതുമായ, ഒരു പ്രമാണംവഴിയോ അല്ലെങ്കിൽ ട്രസ്റ്റുകർത്താവിന്റേയോ ട്രസ്റ്റിയുടേയോ മരണശാസനംവഴിയോ, പ്രഖ്യാപിക്കപ്പെടാത്തപക്ഷം/സാധുവല്ല.

<u>ജംഗമവസ്തു സംബന്ധിച്ച ട്രസ്റ്റ്.</u>—ജംഗമവസ്തു സംബന്ധിച്ച യാതൊരു ട്രസ്റ്റും, മേല്പറഞ്ഞതുപോലെ പ്രഖ്യാപിക്കപ്പെടാത്തപക്ഷമോ, അല്ലെങ്കിൽ വസ്തുവിന്റെ ഉടമസ്ഥത ട്രസ്റ്റിക്ക് കൈമാററം ചെയ്യപ്പെടാത്തപക്ഷമോ, സാധുവല്ല.

ഈ ചട്ടങ്ങൾ, അവ ഒരു വഞ്ചന നടപ്പാക്കത്തക്കവിധം പ്രവർത്തിക്കുന്നിടത്ത്, ബാധകമല്ല.

6. ട്രസ്ററ് സൃഷ്ടിക്കുന്നത്.—5-ാം വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, ഒരു ട്രസ്ററുകർത്താവ് ഏതെങ്കിലും വാക്കുകളാലോ കൃത്യങ്ങളാലോ—

(ക) അതുവഴി ഒരു ട്രസ്ററ് സൃഷ്ടിക്കുവാൻ തനിക്കുള്ള ഉദ്ദേശ്യത്തേയും,

(ഖ) ട്രസ്ററിന്റെ ആവശ്യത്തേയും,

(ഗ) ഗുണാനുഭോക്താവിനേയും,

(ഘ) ട്രസ്ററുവസ്തുവിനേയും,
ന്യായമായ നിശ്ചിതത്വത്തോടെസൂചിപ്പിക്കുകയും (ട്രസ്ററു മരണശാസനം വഴി പ്രഖ്യാപിക്കപ്പെടുകയോഅല്ലെങ്കിൽ ട്രസ്ററ്കർത്താവ് തന്നെ ട്രസ്ററിയാകേണ്ടതായിരിക്കുകയോ ചെയ്യാത്തപക്ഷം) ട്രസ്ററുവസ്തു ട്രസ്ററിക്ക് കൈമാററം ചെയ്യുകയും ചെയ്യുമ്പോഠം സൃഷ്ടിക്കപ്പെടുന്നു.

ദൃഷ്ടാന്തങ്ങരം

(ക) ക ഒരു വസ്തു ഖ യ്ക്ക്, "അയാരം അതിന്റെ വ്യയനം ഗ യുടെ ഗുണത്തിനുവേണ്ടി ചെയ്യുമെന്നുള്ള പൂർണ്ണവിശ്വാസത്തോടെ" മരണശാസനം വഴി നല്കുന്നു. ഖ യേയും ഗ യേയും സംബന്ധിച്ചിടത്തോളം ഇത് ഒരു ട്രസ്ററ് സൃഷ്ടിക്കുന്നു.

(ഖ) ക ഒരു വസ്തു ഖ യ്ക്ക് "അയാരം അത് കുടുംബത്തിൽതന്നെ തുടർന്നു വെച്ചുകൊണ്ടിരിക്കുമെന്ന് ആശിച്ചുകൊണ്ട്" മരണശാസനം വഴി നല്കുന്നു. ഗുണാനുഭോക്താവ് ന്യായമായ നിശ്ചിതത്വത്തോടെ സൂചിപ്പിക്കപ്പെടാത്തതിനാൽ ഇത് ഒരു ട്രസ്ററ് സൃഷ്ടിക്കുന്നില്ല.

(ഗ) ക, ഒരു വസ്തു ഖ യ്ക്ക്, ഗ യുടെ കുടുംബത്തിലെ അംഗങ്ങളിൽ ഏററവും അർഹരാണെന്ന് ഖ കരുതുന്നവർക്ക് വിതരണം ചെയ്യാൻ ഖ യോട് അപേക്ഷിച്ചുകൊണ്ട് മരണശാസനം വഴി നല്കുന്നു. ഗുണാനുഭോക്താക്കരം ന്യായമായ നിശ്ചിതത്വത്തോടെ സൂചിപ്പിക്കപ്പെടാത്തതിനാൽ ഇത് ഒരു ട്രസ്ററ് സൃഷ്ടിക്കുന്നില്ല.

(ഘ) ക ഒരു വസ്തു ഖ യ്ക്ക് അയാരം അതിന്റെ അധികഭാഗവും ഗ യുടെ സന്താനങ്ങരംക്ക് വീതിച്ചുകൊടുക്കണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് മരണശാസനം വഴി നല്കുന്നു. ട്രസ്ററു വസ്തു മതിയായ നിശ്ചിതത്വത്തോടെ സൂചിപ്പിക്കപ്പെടാത്തതിനാൽ ഇത് ഒരു ട്രസ്ററ് സൃഷ്ടിക്കുന്നില്ല.

(ങ) ക: ഒരു കടയും അതിലെ സ്ററാക്കും, ഖ യ്ക്ക്, അയാരം ക യുടെ കടങ്ങരം കൊടുത്തു തീർക്കുകയും ഗ യ്ക്ക് ഒരു ഒസ്യത്തവകാശം കൊടുക്കുകയും ചെയ്യണമെന്നുള്ള ഉപാധിയിൻമേൽ, മരണശാസനം വഴി നല്കുന്നു. ഇത് ഒരു ഉപാധിയാകുന്നു; ക യുടെ ഉത്തമർണ്ണൻമാർക്കും ഗ യ്ക്കും വേണ്ടിയുള്ള ഒരു ട്രസ്ററല്ല.

7. ട്രസ്ററുകരം ആർക്ക് സൃഷ്ടിക്കാമെന്ന്.—ഒരു ട്രസ്ററ്—

(ക) കാൺട്രാക്ററ് ചെയ്യാൻ ക്ഷമതയുള്ള ഏതൊരാരംക്കും,

(ഖ) ആദ്യാധികാരിതയുള്ള ഒരു പ്രിൻസിപ്പൽ സിവിൽകോടതിയുടെ അനുവാദത്തോടുകൂടി മൈനർക്കും, അല്ലെങ്കിൽ മൈനർക്കുവേണ്ടിയും, സൃഷ്ടിക്കാവുന്നതാണ് :

എന്നാൽ അത് ഓരോ സംഗതിയിലും ട്രസ്റ്റ് കർത്താവിന് ട്രസ്റ്റ് വസ്തു വ്യയനം ചെയ്യാവുന്ന പരിത:സ്ഥിതികളും ചെയ്യാവുന്നതിന്റെ വ്യാപ്തിയും സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള നിയമത്തിന് വിധേയമായിരിക്കണം.

8. ട്രസ്റ്റിന്റെ വിഷയം.—ഒരു ട്രസ്റ്റിന്റെ വിഷയവസ്തു ഗുണാനുഭോക്താവിനായിട്ട് കൈമാററം ചെയ്യാവുന്ന വസ്തുവായിരിക്കണം.

അത് നിലവിലുള്ള ഒരു ട്രസ്റ്റിൻകീഴിലുള്ള ഒരു വെറും ഗുണാനുഭോവകാശബന്ധമായിരിക്കരുത്.

9. ആർക്ക് ഗുണാനുഭോക്താവ് ആകാമെന്ന്.—വസ്തു ധാരണം ചെയ്യുവാൻ സമർത്ഥതയുള്ള ഏതൊരാളക്കും ഗുണാനുഭോക്താവ് ആകാവുന്നതാണ്.

ഗുണാനുഭോക്താവിനാലുള്ള അവകാശനിരസനം.—നിർദ്ദേശിക്കപ്പെട്ട ഗുണാനുഭോക്താവിന് ട്രസ്റ്റിൻകീഴിലുള്ള തന്റെ അവകാശബന്ധം ട്രസ്റ്റിയെ സംബോധനം ചെയ്തുകൊണ്ടുള്ള അവകാശനിരസനം വഴിയോ, അല്ലെങ്കിൽ ട്രസ്റ്റിന്റെ നോട്ടീസ് ഉണ്ടായിരിക്കേണ്ടതിന് വിരുദ്ധമായ ഒരു അവകാശവാദം ഉന്നയിക്കുന്നതു വഴിയോ പരിത്യജിക്കാവുന്നതാണ്.

10. ആർക്ക് ട്രസ്റ്റിയാകാമെന്ന്.—വസ്തു ധാരണം ചെയ്യാൻ സമർത്ഥതയുള്ള ഏതൊരാളക്കും ട്രസ്റ്റിയാകാവുന്നതാണ്; എന്നാൽ ട്രസ്റ്റ് വിവേകം ഉപയോഗിക്കുന്നത് ഉൾക്കൊള്ളുന്നിടത്ത് കാൺട്രാക്ററു ചെയ്യുവാൻ ക്ഷമതയുള്ളവൻ അല്ലാത്തപക്ഷം അയാൾക്ക് അത് നടപ്പാക്കാവുന്നതല്ല.

ട്രസ്റ്റ് സ്വീകരിക്കുവാൻ ആരും ബാദ്ധ്യസ്ഥനല്ലെന്ന്.—യാതൊരാളും ട്രസ്റ്റ് സ്വീകരിക്കുവാൻ ബാദ്ധ്യസ്ഥനല്ല.

ട്രസ്റ്റിന്റെ പ്രതിഗ്രഹണം.—ന്യായമായ നിശ്ചിതത്വത്തോടെ പ്രതിഗ്രഹണം സൂചിപ്പിക്കുന്ന ട്രസ്റ്റിയുടെ ഏതെങ്കിലും വാക്കുകളാലോ കൃത്യങ്ങളാലോ ഒരു ട്രസ്റ്റ് പ്രതിഗ്രഹിക്കപ്പെടുന്നു.

ട്രസ്റ്റിക്കുള്ള അവകാശം നിരസിക്കുന്നത്.—ഒരു ട്രസ്റ്റ് പ്രതിഗ്രഹിക്കുന്നതിനുപകരം, ഉദ്ദിഷ്ട ട്രസ്റ്റിക്ക് ന്യായമായ സമയത്തിനുള്ളിൽ അതിനുള്ള അവകാശം നിരസിക്കാവുന്നതും, അങ്ങനെയുള്ള അവകാശ നിരസനം ട്രസ്ററുവസ്തു തന്നിൽ നിക്ഷിപ്തമാകുന്നതു തടയുന്നതുമാകുന്നു.

രണ്ടോ അതിലധികമോ സഹ ട്രസ്റ്റികളിൽ ഒരാളുടെ അവകാശനിരസനം ട്രസ്റ്റ് വസ്തു, മറേറ ആളിലോ ആളുകളിലോ നിക്ഷിപ്തമാക്കുകയും അയാളേയോ അവരേയോ ട്രസ്ററു സൃഷ്ടിക്കപ്പെട്ട തീയതി മുതൽ അനന്യ ട്രസ്റ്റിയോ ട്രസ്റ്റികളോ ആക്കുകയും ചെയ്യുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) ക ഒരു വസ്തു തന്റെ എക്സിക്യൂട്ടർമാരായ ഖ യ്ക്കും ഗ യ്ക്കും, ഘ യ്ക്കും വേണ്ടി ട്രസ്ററികൾ എന്ന നിലയിൽ മരണശാസനം വഴി നല്കുന്നു ; ക യുടെ മരണശാസനം ഖ യും ഗ യും തെളിയിക്കുന്നു. ഇത്തന്നെ ട്രസ്ററിന്റെ പ്രതിഗ്രഹണം ആകുന്നു; ഖ യും ഗ യും വസ്തു ഘ യ്ക്ക് വേണ്ടി ട്രസ്ററായി ധാരണം ചെയ്യുകയും ചെയ്യുന്നു.

(ഖ) ക, ഒരു വസ്തു അത് വില്ക്കുവാനും/കിട്ടുന്ന തുകയിൽനിന്ന് ക യുടെ കടങ്ങൾ വീട്ടുവാനുമായി ഖ യ്ക്ക് ട്രസ്ററായി കൈമാററം ചെയ്യുന്നു. ഖ ട്രസ്ററ് പ്രതിഗ്രഹിക്കുകയും വസ്തു വില്ക്കുകയും ചെയ്യുന്നു. ഖയെ സംബന്ധിച്ചിടത്തോളം ക യുടെ ഉത്തമർണ്ണൻമാർക്കുവേണ്ടി വിററു കിട്ടുന്ന തുകയുടെ ഒരു ട്രസ്ററ് സൃഷ്ടിക്കപ്പെടുന്നു.

(ഗ) ക, ഖ യ്ക്ക് ഒരു ലക്ഷം രൂപ, ചില ട്രസ്ററുകളിൻമേൽ മരണശാസനം വഴി നല്കുകയും അയാളെ തന്റെ എക്സിക്യൂട്ടറായി നിയമിക്കുകയും ചെയ്യുന്നു. ഖ പൊതു ആസ്തികളിൽനിന്ന് ആ ഒരു ലക്ഷം വേർതിരിക്കുകയും അതു വിനിർദ്ദിഷ്ട ആവശ്യത്തിലേക്ക് വിനിയോഗിക്കുകയും ചെയ്യുന്നു. ഇത് ട്രസ്ററിന്റെ പ്രതിഗ്രഹണമാണ്.

## അദ്ധ്യായം III

## ട്രസ്ററികളുടെ കർത്തവ്യങ്ങളേയും ബാദ്ധ്യതകളേയും കുറിച്ച്

11. ട്രസ്ററി ട്രസ്ററ് നടപ്പാക്കണമെന്ന്.—ട്രസ്ററി എല്ലാ ഗുണാനുഭോക്താക്കളും കാൺട്രാക്ററു ചെയ്യുവാൻ ക്ഷമതയുളളവരായിരിക്കേ, അവരുടെഎല്ലാം സമ്മതത്തോടുകൂടി രൂപഭേദപ്പെടുത്തുന്ന വിധത്തിലൊഴികെ ട്രസ്ററിന്റെ ആവശ്യം നിറവേററുകയും ട്രസ്ററ്കർത്താവ്, അത് സൃഷ്ടിച്ച സമയത്ത് നല്കിയ നിദേശങ്ങൾ അനുസരിക്കുകയും ചെയ്യുവാൻ ബാദ്ധ്യസ്ഥനാകുന്നു.

ഗുണാനുഭോക്താവിന് കാൺട്രാക്ററ് ചെയ്യുവാൻ ക്ഷമതയില്ലാത്തിടത്ത്, അയാളുടെ സമ്മതം, ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കുവേണ്ടി, ആദ്യാധികാരിതയുളള ഒരു പ്രിൻസിപ്പൽ സിവിൽ കോടതിക്ക് നല്കാവുന്നതാണ്.

ഈ വകുപ്പിലെ യാതൊന്നും ഏതെങ്കിലും നിദേശം, അനുസരിക്കാൻ, അങ്ങനെ ചെയ്യുന്നത് അപ്രായോഗികമോ, നിയമവിരുദ്ധമോ ഗുണാനുഭോക്താക്കൾക്ക് പ്രത്യക്ഷത്തിൽ ക്ഷതികരമോ ആകുമെന്നുളളപ്പോൾ, ട്രസ്ററിയോട് ആവശ്യപ്പെടുന്നതായി കരുതപ്പെടുന്നതല്ല.

വിശദീകരണം .—വിപരീതമായ ഉദ്ദേശ്യം പ്രകടമാക്കാത്തപക്ഷം, കടങ്ങൾ വീട്ടുവാനുളള ഒരു ട്രസ്ററിന്റെ ആവശ്യം

(ക) ട്രസ്ററു പ്രമാണത്തിന്റെ തീയതിക്കോ, അങ്ങനെയുളള പ്രമാണം മരണപത്രമാകുമ്പോൾ, ട്രസ്ററ് കർത്താവ് മരിച്ച തീയതിയ്ക്കോ നിലവിലുളളതും വസൂലാക്കാവുന്നതും ആയ അയാളുടെ കടങ്ങൾ മാത്രം വീട്ടുവാനും ;

(ഖ) പലിശയില്ലാത്ത കടങ്ങളുടെ സംഗതിയിൽ,പലിശ കൂടാതെ അങ്ങനെ വീട്ടുവാനും/ആണെന്ന്, കരുതപ്പെടുന്നതാകുന്നു.

## ദൃഷ്ടാന്തങ്ങൾ

(ക) ക എന്ന ട്രസ്ററിക്ക് ഒരു ഭൂമി പരസ്യമായ ലേലത്തിൽമാത്രം വില്ക്കുവാൻ പ്രാധികാരം നല്കുന്നു. അയാൾക്ക് ആ ഭൂമി സ്വകാര്യ കാൺട്രാക്ററുവഴി വില്ക്കാവുന്നതല്ല.

(ഖ) ഒരു ഭൂമിയുടെ ഭ, മ, യ എന്നിവർക്കുവേണ്ടിയുള്ള ട്രസ്ററിയായ ക യ്ക്ക്, ആ ഭൂമി ഒരു വിനിർദ്ദിഷ്ട സംഖ്യയ്ക്ക് ഖ യ്ക്ക് വില്ക്കുവാൻ പ്രാധികാരം നല്കുന്നു. ഭ യും മ യും യ യും കാൺട്രാക്ററ് ചെയ്യുവാൻ ക്ഷമതയുള്ളവരായിരിക്കെ, ആ ഭൂമി, ക അതിലും കുറഞ്ഞ സംഖ്യയ്ക്ക് ഗ യ്ക്ക് വില്ക്കുന്നത് സമ്മതിക്കുന്നു. അതനുസരിച്ച് ക യ്ക്ക് ഭൂമി വില്ക്കാവുന്നതാണ്.

(ഗ) ഖ യ്ക്കും അവളുടെ കുട്ടികൾക്കുമുള്ള ട്രസ്ററിയായ ക യെ, ഖ യുടെ അപേക്ഷയിൻമേൽ ഖ യുടെ ഭർത്താവായ ഗ യ്ക്ക് അയാളുടെ ബോണ്ടിന്റെ ഈടിൻമേൽ ട്രസ്ററു വസ്തു കടം കൊടുക്കാൻ ട്രസ്ററു കർത്താവ് നിദേശിക്കുന്നു. ഗ നിർദ്ധനനായിത്തീരുകയും ആ കടം കൊടുക്കുന്നതിന് ഖ ക യോട് അപേക്ഷിക്കുകയും ചെയ്യുന്നു. ക യ്ക്ക് അത് നിരസിക്കാവുന്നതാണ്.

12. **ട്രസ്ററ് വസ്തുവിന്റെ സ്ഥിതിയെപ്പററി ട്രസ്ററി അറിവ് സമ്പാദിക്കണമെന്ന്.**—ട്രസ്ററി, ട്രസ്ററ്വസ്തുവിന്റെ സ്വഭാവത്തേയും പരിതഃസ്ഥിതികളേയും കുറിച്ച് കഴിയുന്നതും വേഗത്തിൽ വിവരം ശേഖരിക്കുന്നതിനും, ആവശ്യമുള്ളിടത്ത്, ട്രസ്ററ്വസ്തു തനിക്കുതന്നെ കൈമാററം ലഭിക്കുന്നതിനും; (ട്രസ്ററ് പ്രമാണത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി) മതിയാകാത്തതോ നഷ്ടസാദ്ധ്യതയുള്ളതോ ആയ ഈടിൻമേൽ നിക്ഷേപിച്ചിട്ടുള്ള ട്രസ്ററ് പണം പിരിക്കുന്നതിനും ബാദ്ധ്യസ്ഥനാകുന്നു.

## ദൃഷ്ടാന്തങ്ങൾ

(ക) ട്രസ്ററ്വസ്തു, സ്വന്തം ഈടിൻമേൽ പിരിഞ്ഞുകിട്ടേണ്ട ഒരു കടമാണ്. ട്രസ്ററിയ്ക്ക് വിവേകം ഉപയോഗിച്ച് അങ്ങനെ പിരിഞ്ഞു കിട്ടേണ്ടതായി നിറുത്താൻ ട്രസ്ററ് പ്രമാണം അധികാരം നല്കുന്നില്ല. അനാവശ്യമായ താമസം കൂടാതെ കടം വസൂലാക്കൽ ട്രസ്ററിയുടെ കർത്തവ്യമാണ്.

(ഖ) ട്രസ്ററ് വസ്തു രണ്ടു സഹട്രസ്ററികളിൽ ഒരാളുടെ കൈയിലുള്ളപണമാണ്. ട്രസ്ററുപ്രമാണം വിവേകം ഉപയോഗിക്കാനുള്ള യാതൊരു അധികാരവും നല്കുന്നില്ല. മുൻപറഞ്ഞ സഹ ട്രസ്ററി പണം, സംഗതിയുടെ പരിതഃസ്ഥിതികളിൽ ആവശ്യമായതിലും കൂടുതൽ സമയം വച്ചു പോരാൻ മറേറ ട്രസ്ററി അനുവദിക്കരുത്.

13. **ട്രസ്ററ് വസ്തുവിനുള്ള ഉടമാവകാശം ട്രസ്ററി സംരക്ഷിക്കണമെന്ന്.**—ഒരു ട്രസ്ററി, ട്രസ്ററ്വസ്തു നിലനിറുത്തുന്നതിനും അതിന്റെ ഉടമാവകാശം ഉറപ്പിക്കുകയോ സംരക്ഷിക്കുകയോ ചെയ്യുന്നതിനും എല്ലാ വ്യവഹാരങ്ങളും നടത്തുന്നതിനും പ്രതി വാദിക്കുന്നതിനും (ട്രസ്ററ് പ്രമാണത്തിലെ വ്യവസ്ഥകൾക്ക് വിധേയമായും), ട്രസ്ററ് വസ്തുവിന്റെ സ്വഭാവവും അതിന്റെ തുകയും അല്ലെങ്കിൽ വിലയും പരിഗണിച്ച് ന്യായമായി ആവശ്യമാകാവുന്ന മററ് നടപടികൾ എടുക്കുന്നതിനും ബാദ്ധ്യസ്ഥനാകുന്നു.

### ദൃഷ്ടാന്തം

ട്രസ്റ്റ് വസ്തു, രജിസ്റ്റർ ചെയ്യാത്ത ഒരു പ്രമാണപ്രകാരം ട്രസ്റ്റ് കർത്താവിന് നല്കപ്പെട്ട സ്ഥാവര വസ്തുവാണ്. ഇൻഡ്യൻ രജിസ്ട്രേഷൻ ആക്റ്റ്, 1877 (1877–ലെ 3.)/ലെ വ്യവസ്ഥകൾക്ക് വിധേയമായി ആ പ്രമാണം രജിസ്റ്റർ ചെയ്യിക്കുക ട്രസ്റ്റിയുടെ കർത്തവ്യമാണ്.

14. ട്രസ്റ്റി ഗുണാനുഭോക്താവിനെതിരായി ഉടമാവകാശവാദം ഉന്നയിക്കരുതെന്ന്.—ട്രസ്റ്റി തനിക്കായോ മററാരാൾക്കു വേണ്ടിയോ ട്രസ്റ്റ്വസ്തുവിന് [ഗുണാനുഭോക്താവിൻെറ] അവകാശത്തിന് എതിരായുള്ള ഏതെങ്കിലും [ഉടമാവകാശവാദം] ഉന്നയിക്കുകയോ സഹായിക്കുകയോ ചെയ്യരുത്.

15. ട്രസ്റ്റിയിൽ നിന്ന് വേണ്ടതായ ശ്രദ്ധ.—ട്രസ്റ്റി ട്രസ്റ്റ് വസ്തു സാധാരണ വിവേകമുള്ള ഒരാൾ, അങ്ങനെയുള്ള വസ്തു തൻെറ സ്വന്തമായിരുന്നാൽ എത്രത്തോളം ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യുമായിരുന്നോ, അത്രത്തോളം ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യാൻ ബാദ്ധ്യസ്ഥനാകുന്നു; വിപരീതമായ കാൺട്രാക്റ്റിൻെറ അഭാവത്തിൽ, അങ്ങനെ കൈകാര്യം ചെയ്യുന്ന ട്രസ്റ്റി ട്രസ്റ്റ് വസ്തുവിൻെറ നഷ്ടത്തിനോ നാശത്തിനോ കേടുപററലിനോ ഉത്തരവാദിയുമല്ല.

### ദൃഷ്ടാന്തങ്ങൾ

(ക) കൽക്കട്ടയിൽ താമസിക്കുന്ന ക, ബോംബെയിൽ താമസിക്കുന്ന ഖ യ്ക്ക് വേണ്ടിയുള്ള ട്രസ്റ്റിയാണ്. ക, ഖ യ്ക്ക് ട്രസ്റ്റ്പണം അസന്നിഗ്ധമായ ക്രഡിറേറാടുകൂടിയ ഒരാൾ ട്രസ്റ്റിയുടെ പേർക്ക് ആ നിലയിൽ ഡ്രാ ചെയ്തും, ബോംബെയിൽ പണം കൊടുക്കേണ്ടതുമായ ബില്ലുകൾ വഴി അയക്കുന്നു. ബില്ലുകൾ അനാദരിക്കപ്പെടുന്നു. ആ നഷ്ടം നികത്തി കൊടുക്കാൻ ക, ബാദ്ധ്യസ്ഥനല്ല.

(ഖ) പാട്ടവസ്തുവിൻെറ ട്രസ്റ്റിയായ ക, ട്രസ്റ്റ്വക പാട്ടത്തുകകൾ അപ്പോൾ ക്രെഡിറേറാടുകൂടിയ ബാങ്കറായ ഖ യ്ക്ക് കൊടുക്കുവാൻ പാട്ടക്കാരനോട് നിദേശിക്കുന്നു. അതനുസരിച്ച് പാട്ടത്തുകകൾ ഖ യ്ക്ക് കൊടുക്കുന്നു. താൻ ആവശ്യപ്പെടുന്നതുവരെയ്ക്ക് മാത്രമാണ് ക, ഖ യുടെ പക്കൽ പണം നിറുത്തുന്നത്. പണം എടുക്കുന്നതിനുമുമ്പ് ഖ, നിർദ്ധനനായിത്തീരുന്നു. ഖ, നിർദ്ധനത്വപരിതഃസ്ഥിതികളിലായിരുന്നുവെന്ന് വിശ്വസിക്കാൻ ക, യ്ക്ക് യാതൊരു കാരണവുമില്ലാതിരുന്നതിനാൽ നഷ്ടം നികത്തികൊടുക്കാൻ അയാൾ ബാദ്ധ്യസ്ഥനല്ല.

(ഗ) ഖ, യ്ക്കുവേണ്ടി രണ്ടു കടങ്ങളുടെ ട്രസ്റ്റിയായ ക, ഉത്തമ വിശ്വാസപൂർവ്വം ഒരെണ്ണം വിട്ടുകൊടുക്കുകയും മറേറത് രാജിയാകുകയും ചെയ്യുന്നത് ഖ യുടെ താൽപര്യത്തിനാണെന്ന് ന്യായമായി വിശ്വസിച്ചുകൊണ്ട് അപ്രകാരം ചെയ്യുന്നു. അതുവഴി ഖ, യ്ക്കുണ്ടാകുന്ന ഏതെങ്കിലും നഷ്ടം നികത്തി ക്കൊടുക്കാൻ ക, ബാദ്ധ്യസ്ഥനല്ല.

(ഘ) ട്രസ്റ്റ് വസ്തു ലേലം ചെയ്തു വില്ക്കുവാൻ നിദേശിക്കപ്പെട്ടിട്ടുള്ള ഒരു ട്രസ്റ്റിയായ ക, അത് വില്ക്കുന്നു; എന്നാൽ വില്പന പരസ്യപ്പെടുത്താതിരിക്കുകയും മൽസരം ക്ഷണിക്കുന്നതിൽ മററു വിധത്തിൽ ന്യായമായ ശ്രദ്ധ കാണിക്കാതിരിക്കുകയും ചെയ്യുന്നു. അതുവഴി ഗുണാനുഭോക്താവിന് ഉണ്ടാകുന്ന നഷ്ടം നികത്തിക്കൊടുക്കുന്നതിന് ക, ബാദ്യസ്ഥനാണ്.

(ങ) ഖ, യ്ക്കുവേണ്ടിയുള്ള ട്രസ്റ്റിയായ ക, അതിന്റെ ട്രസ്റ്റ് നടപ്പാക്കുന്നതിൽ ട്രസ്റ്റ് വസ്തു വില്ക്കുന്നു, എന്നാൽ തന്റെ ഭാഗത്തു വേണ്ട ശ്രദ്ധ കാണിക്കാതിരുന്നതിനാൽ വില സംഖ്യയുടെ ഒരു ഭാഗം കിട്ടുന്നില്ല. അതുവഴി ഖ യ്ക്ക് സംഭവിക്കുന്ന നഷ്ടം നികത്തിക്കൊടുക്കുവാൻ ക, ബാദ്ധ്യസ്ഥനാണ്.

(ച) ഖ, യ്ക്കുവേണ്ടി ഒരു ഇൻഷ്വറൻസ് പാളിസിയുടെ ട്രസ്റ്റിയായ ക യുടെ കൈയിൽ പ്രീമിയങ്ങൾ അടയ്ക്കുന്നതിനുള്ള പണം ഉണ്ട്. ക, പ്രീമിയങ്ങൾ അടയ്ക്കുന്നതിനു ഉപേക്ഷ വരുത്തുകയും തത്ഫലമായി പാളിസി നഷ്ടപ്പെടുകയും ചെയ്യുന്നു. ഖ യുടെ നഷ്ടം നികത്തിക്കൊടുക്കുവാൻ ക, ബാദ്ധ്യസ്ഥനാണ്.

(ഛ) ക, ചില തുകകൾ ഖ യ്ക്കും ഗ യ്ക്കും ട്രസ്റ്റികൾ എന്ന നിലയിൽ മരണശാസനംവഴി നല്കുന്നു, ട്രസ്റ്റ് തുകകൾ ക തന്നെ അവ മുടക്കിയിട്ടുള്ള ഒരു ഫേമിന്റെ സ്വന്തം ഈടിന്മേൽ തുടർന്നുപോകുന്നതിന് അവർക്ക് പ്രാധികാരം നല്കുകയും ചെയ്യുന്നു. ക, മരിക്കുകയും ഫേമിൽ മാറ്റം വരുകയും ചെയ്യുന്നു. ഖ യും ഗ യും ആ തുകകൾ പുതിയ ഫേമിന്റെ സ്വന്തം ഈടിന്മേൽ നിന്നു പോരാൻ അനുവദിക്കരുത്.

(ജ) ഖ യ്ക്കുവേണ്ടിയുള്ള ഒരു ട്രസ്റ്റിയായ ക, തന്റെ സഹട്രസ്റ്റിയായ ഗ, തനിച്ച് ട്രസ്റ്റു നടപ്പാക്കുവാൻ അനുവദിക്കുന്നു. ഗ ട്രസ്റ്റ് വസ്തു ദുരുപയോഗപ്പെടുത്തുന്നു. ഖ യ്ക്ക് തത്ഫലമായുണ്ടാകുന്ന നഷ്ടത്തിന് ക, സ്വന്തം നിലയിൽ ഉത്തരവാദിയാണ്.

16. ക്ഷയം ഉണ്ടാകുന്ന വസ്തു മാറ്റുന്നത്.—ഒരു ട്രസ്റ്റ് പിൻതുടർച്ചയായി പലരുടെയും ഗുണത്തിനായി സൃഷ്ടിക്കപ്പെട്ടിരിക്കുകയും, ട്രസ്റ്റു വസ്തു ക്ഷയിക്കുന്ന സ്വഭാവത്തോടുകൂടിയതായിരിക്കുകയോ അല്ലെങ്കിൽ ഭാവി അവകാശമോ പ്രതിവർത്തനാവകാശമോ ആയിരിക്കുകയോ ചെയ്യുകയും ചെയ്യുന്നിടത്ത്, ട്രസ്റ്റ് പ്രമാണത്തിൽ നിന്ന് വിപരീതമായ ഉദ്ദേശ്യം അനുമാനിക്കാവുന്നതല്ലാത്തപക്ഷം, ട്രസ്റ്റി, വസ്തുവിനെ സ്ഥിരവും ഉടൻതന്നെ ലാഭകരവുമായ സ്വഭാവത്തോടുകൂടിയ ഒരു വസ്തുവായി മാറ്റാൻ ബാദ്ധ്യസ്ഥനാകുന്നു.

## ദൃഷ്ടാന്തങ്ങൾ

(ക) ക, തന്റെ മുഴുവൻ സ്വത്തും ഗ, യ്ക്ക് അയാളുടെ ജീവിതകാലത്തേക്കും, അയാൾ മരിച്ചാൽ ഘ യ്ക്കും, ഘ, മരിച്ചാൽ ങ യ്ക്കും വേണ്ടിയുള്ള ട്രസ്റ്റായി ഖ യ്ക്ക് മരണശാസനം വഴി നല്കുന്നു. ക യുടെ സ്വത്ത് പാട്ടകാലയ്ക്കു കൊടുത്തിട്ടുള്ള മൂന്നു വീടുകളാണ്. ക യുടെ മരണശാസനത്തിൽ, വീടുകൾ അതേപടി അനുഭവിക്കണമെന്ന് അയാൾ ഉദ്ദേശിച്ചിരുന്നതായി കാണിക്കാൻ ഒന്നുമില്ല. ഖ, വീടുകൾ വില്ക്കുകയും കിട്ടുന്ന തുക 20-ാം വകുപ്പനുസരിച്ച് മുടക്കുകയും ചെയ്യേണ്ടതാണ്.

(ഖ) ക, കൽക്കട്ടയിലെ തന്റെ മൂന്നു പാട്ട വീടുകളും അവയിലുള്ള എല്ലാ ഫർണിച്ചറും ഗ യ്ക്ക് അയാളുടെ ജീവിതകാലത്തേക്കും, അയാൾ മരിച്ചാൽ ഘ യ്ക്കും, ഘ, മരിച്ചാൽ ങ യ്ക്കും വേണ്ടിയുള്ള ട്രസ്റ്റായി ഖ യ്ക്ക് മരണശാസനംവഴി നല്കുന്നു. ഇവിടെ വീടുകളും ഫർണിച്ചറും അതേപടി അനുഭവിക്കണമെന്ന ഉദ്ദേശ്യം സ്പഷ്ടമായി കാണാവുന്നതും ഖ യ്ക്ക് അവ വില്ക്കാൻ പാടില്ലാത്തതും ആണ്.

\15



17. ട്രസ്ററി നിഷ്പക്ഷനായിരിക്കണമെന്ന്.—ഒന്നിൽ കൂടുതൽ ഗുണാനുഭോക്താക്കൾ ഉണ്ടായിരിക്കുന്നിടത്ത്, ട്രസ്ററി നിഷ്പക്ഷനായിരിക്കാൻ ബാദ്ധ്യസ്ഥനാകുന്നതും, മററൊരാൾക്ക് ഹാനികരമാംവണ്ണം ഒരാൾക്ക് അനുകൂലമായി ട്രസ്ററു നടപ്പാക്കാൻ പാടില്ലാത്തതും ആകുന്നു.

ട്രസ്ററിക്ക് വിവേകം ഉപയോഗിക്കാനുള്ള അധികാരം ഉള്ളിടത്ത്, ഈ വകുപ്പിലെ യാതൊന്നും, ന്യായമായും ഉത്തമവിശ്വാസപൂർവ്വവും അങ്ങനെ വിവേകം ഉപയോഗിക്കുന്നത് നിയന്ത്രിക്കാൻ കോടതിക്ക് പ്രാധികാരം നല്കുന്നതായി കരുതപ്പെടുന്നതല്ല.

### ദൃഷ്ടാന്തം

ഖ യ്ക്കും ഗ യ്ക്കും ഘയ്ക്കും വേണ്ടിയുള്ള ട്രസ്ററിയായ ക യെ ട്രസ്ററുവസ്തു മുടക്കുവാനുള്ള പല വിനിർദ്ദിഷ്ട സംപ്രദായങ്ങളിൽ നിന്ന് തിരഞ്ഞെടുക്കുവാൻ അധികാരപ്പെടുത്തിയിട്ടുണ്ട്. ക, ഉത്തമ വിശ്വാസ പൂർവ്വം ഈ സംപ്രദായങ്ങളിൽ ഒന്ന് തിരഞ്ഞെടുക്കുന്നു. ഇങ്ങനെ തിരഞ്ഞെടുക്കുന്നതിൻെറ ഫലം ഖ യ്ക്കും, ഗ യ്ക്കും, ഘ യ്ക്കും ഒരാൾക്ക് മററൊരാളെ അപേക്ഷിച്ചുള്ള അവകാശങ്ങൾ വ്യത്യാസപ്പെടുത്തുകയെന്നതായേക്കാമെങ്കിൽ കോടതി ഇടപെടുന്നതല്ല.

18. ട്രസ്ററി നാശം തടയണമെന്ന്.—ഒരു ട്രസ്ററ് പിൻതുടർച്ചയായി പലരുടേയും ഗുണത്തിനായി സൃഷ്ടിക്കപ്പെട്ടിരിക്കുകയും അവരിൽ ഒരാൾ ട്രസ്ററ് വസ്തു കൈവശം വയ്ക്കുകയും ചെയ്യുന്നിടത്ത്, അയാൾ അതിനെ നശിപ്പിക്കുന്നതോ അതിന് സ്ഥിരമായ ക്ഷതി ഏല്പിക്കുന്നതോ ആയ ഏതെങ്കിലും കൃത്യം ചെയ്യുകയോ ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയോ ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള കൃത്യം തടയുന്നതിനുള്ള നടപടികൾ എടുക്കാൻ ട്രസ്ററി ബാദ്ധ്യസ്ഥനാകുന്നു.

19. കണക്കുകളും വിവരവും.—ഒരു ട്രസ്ററി (ക) ട്രസ്ററ് വസ്തുവിൻെറ വിശദവും കൃത്യവുമായ കണക്കുകൾ വച്ചുപോരാനും; (ഖ) ഗുണാനുഭോക്താവ് അപേക്ഷിച്ചാൽ എല്ലാ ന്യായമായ സമയത്തും ട്രസ്ററ് വസ്തുവിൻെറ തുകയും സ്ഥിതിയും സംബന്ധിച്ച പൂർണ്ണവും കൃത്യവുമായ വിവരം അയാൾക്കു നല്കാനും ബാദ്ധ്യസ്ഥനാകുന്നു.

20. ട്രസ്ററ്പണം നിക്ഷേപിക്കുന്നത്.—ട്രസ്ററ്വസ്തു പണമായിരിക്കുകയും ട്രസ്ററിൻെറ ആവശ്യങ്ങൾക്ക് ഉടനേയോ, താമസിയാതെയുള്ള ഒരു തീയതിയിലോ ഉപയോഗിക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്നിടത്ത്, ട്രസ്ററി (ട്രസ്ററ് പ്രമാണത്തിൽ അടങ്ങിയ ഏതെങ്കിലും നിദേശത്തിനു വിധേയമായി) പണം മററൊന്നിലല്ലാതെ താഴെപ്പറയുന്ന ഈടുകളിൽ മുടക്കുവാൻ ബാദ്ധ്യസ്ഥനാണ്:—

(ക) പ്രോനോട്ടുകൾ, ഡിബഞ്ചറുകൾ, ഏതെങ്കിലും സ്റേററ്ഗവൺമെൻറിൻെറയോ, കേന്ദ്രഗവൺമെൻറിൻേറയോ, യുണൈറഡ് കിങ്ഡം ആഫ് ഗ്രേററ്ബ്രിട്ടൻ ആൻഡ് അയർലൻറിൻേറയോ സ്ററാക്ക് അല്ലെങ്കിൽ മററ് ഈടുകൾ:

എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും ഗവൺമെൻറ്, മുതലും, പലിശയും പൂർണ്ണമായും നിരുപാധികമായും ഗാരൻറി ചെയ്തിട്ടുള്ള ഈടുകൾ ഈ ഖണ്ഡത്തിൻെറ ആവശ്യങ്ങൾക്ക്, അങ്ങനെയുള്ള ഗവൺമെൻറിൻെറ ഈടുകളായി കരുതപ്പെടുന്നതാകുന്നു;

(ഖ) യുണൈററഡ് കിങ്ഡത്തിലെ പാർലമെൻറിനാൽ 1947 ആഗസ്ററ് 15–ാം ദിവസത്തിന് മുമ്പ് ഇൻഡ്യയുടേയോ ഗവർണ്ണർ ജനറൽ-ഇൻ-കൗൺസിലിൻേറയോ ഏതെങ്കിലും പ്രവിശ്യയുടേയോ റവന്യൂവിൻമേൽ ചാർജ്ജാക്കപ്പെട്ടിട്ടുള്ളതോ അങ്ങനെയുള്ള റവന്യൂ ഈടു നല്കിയിട്ടുള്ളതോ ആയ ബാണ്ടുകളും ഡിബഞ്ചറുകളും വർഷാശനങ്ങളും:

എന്നാൽ 1916 ഫെബ്രുവരി 15–ാം ദിവസത്തിനുശേഷം അങ്ങനെയുള്ള ഏതെങ്കിലും വർഷാശനത്തിൽ, അത് അവസാനിപ്പിക്കാവുന്ന ഒന്നായിരിക്കെ യാതൊരു പണവും അങ്ങനെയുള്ള വർഷാശനം സംബന്ധിച്ച് ഒരു നിക്ഷേപ നിധി സ്ഥാപിച്ചിട്ടില്ലാത്തപക്ഷം, മുടക്കുവാൻ പാടുള്ളതല്ല. എന്നാൽ ഈ പരിമിതിവ്യവസ്ഥയിലുള്ള യാതൊന്നും മേല് പറഞ്ഞ തീയതിക്കുമുൻപ് ഉണ്ടായിട്ടുള്ള മുടക്കുകൾക്ക് ബാധകമല്ല.

(ഖഖ) മൂന്നര ശതമാനം ഇൻഡ്യാ സ്റേറാക്ക്, മൂന്നു ശതമാനം ഇൻഡ്യാ സ്ററാക്ക്, രണ്ടര ശതമാനം ഇൻഡ്യാ സ്ററാക്ക്, അല്ലെങ്കിൽ 1947 ആഗസ്ററ് 15–ാം ദിവസത്തിനു മുൻപ് യുണൈററഡ് കിങ്ഡത്തിലെ പാർലമെൻറിൻെറ ആക്ററിൻെറ പ്രാധികാരത്തിൻകീഴിൽ സെക്രട്ടറി അഫ് സ്റേററ് ഫാർ ഇൻഡ്യ–ഇൻ–കൗൺസിൽ ഇറക്കുകയും ഇൻഡ്യയുടെ റവന്യൂവിൻമേൽ ചാർജ്ജാക്കപ്പെടുകയും ചെയ്തിട്ടുള്ളതോ 1935—ലെ ഗവൺമെൻറ് അഫ് ഇൻഡ്യാ ആക്ററ് XIII–ാം ഭാഗത്തിലെ വ്യവസ്ഥകളിൻകീഴിൽ ഗവർണ്ണർ ജനറൽ–ഇൻ–കൗൺസിലിനുവേണ്ടി സെക്രട്ടറി അഫ് സ്റേററ് ഇറക്കിയിട്ടുള്ളതോ ആയ മറേറതെങ്കിലും മൂലധന സ്ററാക്ക്;

(ഗ) സെക്രട്ടറി അഫ് സ്റേററ് ഫാർ ഇൻഡ്യാ—ഇൻ—കൗൺസിലോ കേന്ദ്രഗവൺമെൻേറാ പലിശ ഗാരൻറി ചെയ്തിട്ടുള്ള റെയിൽവേയുടേയോ മററു കമ്പനികളുടേയോ സ്ററാക്ക് അല്ലെങ്കിൽ ഡിബഞ്ചറുകൾ അല്ലെങ്കിൽ അവയിലുള്ള ഓഹരികൾ; അല്ലെങ്കിൽ സെക്രട്ടറി അഫ് സ്റേററ് ഫാർ ഇൻഡ്യാ-ഇൻ–കൗൺസിലോ, ബോംബെ സ്റേററ് ഗവൺമെൻേറാ പലിശ ഗാരൻറി ചെയ്തിട്ടുള്ള ബോംബെ പ്രൊവിൻഷ്യൽ കോവാപ്പറേറീവ് ബാങ്ക് ലിമിററഡിലെ ഡിബഞ്ചറുകൾ;

(ഘ) ഏതെങ്കിലും കേന്ദ്ര ആക്ററിൻേറയോ, പ്രവിശ്യാ ആക്ററിൻേറയോ, സ്റേററ് ആക്ററിൻേറയോ പ്രാധികാരത്തിൻകീഴിൽ ഏതെങ്കിലും മുനിസിപ്പൽ നികായമോ പോർട്ട് ട്രസ്ററോ, ഏതെങ്കിലും പ്രസിഡൻസി ടൗണിലേയോ റംഗൂൺ ടൗണിലേയോ നഗരപരിഷ്കരണ ട്രസ്ററോ അതിനുവേണ്ടിയോ അല്ലെങ്കിൽ കറാച്ചി പോർട്ടിലെ ട്രസ്ററികളോ അവർക്കുവേണ്ടിയോ പണത്തിനുവേണ്ടി ഇറക്കിയിട്ടുള്ള ഡിബഞ്ചറുകൾ അല്ലെങ്കിൽ മററു ഈടുപത്രങ്ങൾ:

എന്നാൽ യാതൊരു പണവും 1948 മാർച്ച്, 31–ാം ദിവസത്തിനുശേഷം, ഒരു മുനിസിപ്പൽ ബാഡിയോ, പോർട്ടുട്രസ്ററോ, റംഗൂൺ ടൗണിലെ നഗര പരിഷ്കരണ ട്രസ്ററോ അവയ്ക്കുവേണ്ടിയോ, അല്ലെങ്കിൽ കറാച്ചി പോർട്ടിലെ ട്രസ്ററികളോ അവർക്കുവേണ്ടിയോ ഇറക്കിയിട്ടുള്ള ഏതെങ്കിലും ഈടുപത്രങ്ങളിൽ നിക്ഷേപിക്കാൻ പാടുള്ളതല്ല.

(ങ) ഈ ആക്ററ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളിലെ ഏതെങ്കിലും ഭാഗത്ത് സ്ഥിതിചെയ്യുന്ന സ്ഥാവരവസ്തുവിൻെറ ആദ്യപണയം; എന്നാൽ അതിന് ആ വസ്തു ഇത്ര വർഷത്തേക്ക് എന്നു കാലാവധിയുള്ള പാട്ടവസ്തു

അല്ലാതിരിക്കുകയും, വസ്തുവിന്റെ മൂല്യം പണയദ്രവ്യത്തെക്കാൾ മൂന്നിൽ ഒന്നോ, കെട്ടിടങ്ങൾ അടങ്ങിയതാണെങ്കിൽ, ഒന്നുപകുതിയോ കൂടുതലായിരിക്കുകയും വേണം ; അല്ലെങ്കിൽ

(ച) ട്രസ്ററ് പ്രമാണത്താലോ ഹൈക്കോടതി ഇതിലേക്ക് അതതു സമയം നിർണ്ണയിക്കുന്ന ഏതെങ്കിലും ചട്ടത്താലോ, പ്രകടമായി പ്രാധികാരം നല്കപ്പെട്ടിട്ടുള്ള മറേറതെങ്കിലും ഈട്:

എന്നാൽ, കാൺട്രാക്ററ് ചെയ്യാൻ ക്ഷമതയുള്ളവനും തനിക്ക് ആജീവനാന്തം ട്രസ്ററ്വസ്തു കൈവശം വച്ച് ആദായമെടുക്കാനുള്ളതോ അല്ലെങ്കിൽ അതിലും വലുതായ ഏതെങ്കിലും എസ്റേററിനുള്ളതോ ആയ അവകാശമുള്ളവനും ആയ ഒരാൾ ഉള്ളിടത്ത്, (ഘ) (ങ) (ച) എന്നീ ഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ളതോ പരാമർശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും ഈടിലുള്ള നിക്ഷേപം അയാളുടെ രേഖാമൂലമുള്ള സമ്മതം കൂടാതെ ചെയ്യാൻ പാടുള്ളതല്ല.

20 ക. <u>വീണ്ടെടുക്കാവുന്ന സ്ററാക്ക് പ്രീമിയത്തിന്മേൽ വിലയ്ക്കു വാങ്ങുന്നതിനുള്ള അധികാരം.</u>—(1) ഒരു ട്രസ്ററിക്ക് 20-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളതോ പരാമർശിച്ചിട്ടുള്ളതോ ആയ ഈടുകളിൽ ഏതിലെങ്കിലും, അത് വീണ്ടെടുക്കാവുന്നതാവുകയും അതിന്റെ വില വീണ്ടെടുപ്പ് മൂല്യത്തേക്കാൾ കൂടുതലാവുകയും ചെയ്യുന്നുവെങ്കിൽപോലും പണം മുടക്കാവുന്നതാണ്:

എന്നാൽ ഒരു ട്രസ്ററിക്ക് 20-ാം വകുപ്പിലെ (ഗ) യും (ഘ) യും ഖണ്ഡങ്ങളിൽ പറയുകയോ പരാമർശിക്കുകയോ ചെയ്തിട്ടുള്ളതും വിലയ്ക്കു വാങ്ങുന്ന തീയതി മുതൽ പതിനഞ്ചു വർഷത്തിനകം സമവിലയ്ക്കോ മററു വല്ല നിശ്ചിത നിരക്കിലോ വീണ്ടെടുക്കപ്പെടാവുന്നതും ആയ ഏതെങ്കിലും ഈടുപത്രം, അതിന്റെ വീണ്ടെടുപ്പുമൂല്യത്തെക്കാൾ കൂടുതലായ വിലയ്ക്ക് വാങ്ങുകയോ അല്ലെങ്കിൽ മേല്പറഞ്ഞ ഖണ്ഡങ്ങളിൽ പറയുകയോ പരാമർശിക്കുകയോ ചെയ്തിട്ടുള്ളതും സമവിലയ്ക്കോ മററു വല്ല നിശ്ചിത നിരക്കിലോ വീണ്ടെടുക്കപ്പെടാവുന്നതുമായ ഈടുപത്രം, ആ സമവിലയുടേയോ അങ്ങനെയുള്ള മററു നിശ്ചിത നിരക്കിന്റേയോ പതിനഞ്ചു ശതമാനത്തിൽ കൂടിയ വിലയ്ക്ക് വാങ്ങുകയോ ചെയ്യാവുന്നതല്ല.

(2) ഒരു ട്രസ്ററിക്ക് ഈ വകുപ്പനുസരിച്ച് വിലയ്ക്കു വാങ്ങിയിട്ടുള്ളതും വീണ്ടെടുക്കപ്പെടാവുന്നതുമായ ഏതെങ്കിലും സ്ററാക്കോ ഫണ്ടോ ഈടുപത്രമോ വീണ്ടെടുപ്പുവരെ വച്ചുപോരാവുന്നതാണ്.

21. <u>1871-ലെ 26-ാം ആക്ററിൻകീഴിൽ ഗവൺമെൻററിന് ഈടുകൊടുത്തിട്ടുള്ള ഭൂമിയുടെ പണയം.</u>—20-ാം വകുപ്പിലെ യാതൊന്നും, ഈ ആക്ററ് പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് ചെയ്തിട്ടുള്ള നിക്ഷേപങ്ങൾക്കു ബാധകമാകുന്നതോ, അല്ലെങ്കിൽ ലാൻഡ് ഇംപ്രൂവ്മെൻററ് ആക്ററ്, 1871 (1871-ലെ 26)-ൻ കീഴിലെ ഒരു മുൻകൂർ തുകയ്ക്ക് മുൻപേ ഈടു നല്കിയിട്ടുള്ള സ്ഥാവരവസ്തുവിന്റെ ഒരു പണയത്തിൻമേൽ ഉള്ള നിക്ഷേപത്തിനേയോ (ഗവൺമെൻററ് സേവിങ്ങ്സ് ബാങ്കുകളിലെ ഡിപ്പാസിററ്) ട്രസ്ററ്പണം മൂവായിരം രൂപയിൽ കവിയുന്നില്ലെങ്കിൽ, ഗവൺമെൻററ് സേവിങ്ങ്സ് ബാങ്കിലെ അതിന്റെ ഡിപ്പാസിററിനേയോ ഒഴിവാക്കുന്നതായി കരുതാൻ പാടുള്ളതോ അല്ല.

22. <u>വിനിർദ്ദിഷ്ട സമയത്തിനുള്ളിൽ വില്ക്കണമെന്ന് നിദേശിക്കപ്പെട്ടിട്ടുള്ള ട്രസ്റ്റിയാലുള്ള വില്പന.</u>— ഒരു വിനിർദ്ദിഷ്ട സമയത്തിനുള്ളിൽ വില്ക്കണമെന്ന് നിദേശിക്കപ്പെട്ടിട്ടുള്ള ഒരു ട്രസ്റ്റി, അങ്ങനെയുള്ള സമയം നീട്ടിക്കൊടുക്കുന്നിടത്ത്, താനും ഗുണാനുഭോക്താവും തമ്മിലായിടത്തോളം അങ്ങനെ നീട്ടിക്കൊടുക്കുന്നതിനാൽ ഗുണാനുഭോക്താവിന് ദോഷം ഉണ്ടായിട്ടില്ലെന്ന് തെളിയിക്കേണ്ട ഭാരം, അങ്ങനെ നീട്ടിക്കൊടുക്കുന്നതിന് ആദ്യാധികാരിതയുള്ള ഒരു പ്രിൻസിപ്പൽ സിവിൽ കോടതി പ്രാധികാരം നല്കാത്തപക്ഷം, ട്രസ്റ്റിക്ക് ആയിരിക്കുന്നതാണ്.

### ദൃഷ്ടാന്തം

സൗകര്യപ്പെടുന്നിടത്തോളം വേഗത്തിലും അഞ്ചു വർഷത്തിനുള്ളിലും വില്ക്കുവാനും വിററുകിട്ടുന്ന തുക ഗ യുടെ ഗുണത്തിന് ഉപയോഗിക്കാനും നിദേശിച്ചുകൊണ്ട് ക, ഖ യ്ക്ക് വസ്തു മരണശാസനം വഴി നല്കുന്നു. ന്യായമായി വിവേകം ഉപയോഗിച്ചു ഖ, വില്പന ആറുവർഷം നീട്ടിവയ്ക്കുന്നു. വില്പന അതിനാൽ അസാധുവാക്കപ്പെടുന്നില്ല, എന്നാൽ നീട്ടിവച്ചതിനാൽ തനിക്ക് ക്ഷതി ഉണ്ടായതായി പറഞ്ഞുകൊണ്ട്, ഖ യ്ക്ക് എതിരായി നഷ്ടപരിഹാരത്തിന് വ്യവഹാരം ബോധിപ്പിക്കുന്നു. ആ വ്യവഹാരത്തിൽ ഗ യ്ക്ക് ക്ഷതി ഉണ്ടായിട്ടില്ലെന്ന് തെളിയിക്കേണ്ട ഭാരം ഖ യ്ക്കാണ്.

23. <u>ട്രസ്റ്റ് ലംഘനം ചെയ്താലുള്ള ബാദ്ധ്യത.</u>—ട്രസ്റ്റി ട്രസ്റ്റ് ലംഘനം ചെയ്യുന്നിടത്ത്, ട്രസ്റ്റ് വസ്തുവിനോ ഗുണാനുഭോക്താവിനോ അതുവഴി നേരിടുന്ന നഷ്ടം നികത്തിക്കൊടുക്കാൻ ഗുണാനുഭോക്താവ് വഞ്ചനവഴി ആ ലംഘനം ചെയ്യുവാൻ ട്രസ്റ്റിയെ പ്രചോദിപ്പിക്കുകയോ അല്ലെങ്കിൽ ഗുണാനുഭോക്താവ് കാൺട്രാക്റ്റ് ചെയ്യാൻ ക്ഷമതയുള്ളവനായിരിക്കേ, ബലാൽക്കരണമോ അനുചിതമായ സ്വാധീനമോ, തന്റെ മേൽ പ്രയോഗിക്കാതെയും ആ സംഗതിയിലെ വസ്തുതകളും ട്രസ്റ്റിക്കെതിരായുള്ള തന്റെ അവകാശങ്ങളും പൂർണ്ണമായി അറിഞ്ഞുകൊണ്ടും അയാൾ സ്വയം ആ ലംഘനത്തിൽ സഹകരിക്കുകയോ, അതിന് പിന്നീട് സമ്മതം നല്കുകയോ ചെയ്യാത്തപക്ഷം, ബാദ്ധ്യസ്ഥനാകുന്നു.

ട്രസ്റ്റ്ലംഘനം ചെയ്യുന്ന ട്രസ്റ്റി താഴെപ്പറയുന്ന സംഗതികളിലൊഴികെ പലിശ കൊടുക്കാൻ ബാദ്ധ്യസ്ഥനല്ല:—

(ക) യഥാർത്ഥത്തിൽ അയാൾക്ക് പലിശ കിട്ടിയിട്ടുള്ളിടത്ത്;

(ഖ) ലംഘനം, ഗുണാനുഭോക്താവിന് ട്രസ്റ്റ് പണം കൊടുക്കുന്നതിനുള്ള അന്യായമായ കാലതാമസം ആകുന്നിടത്ത്;

(ഗ) ട്രസ്റ്റി പലിശ വാങ്ങേണ്ടതായിരിക്കുകയും, എന്നാൽ അങ്ങനെ ചെയ്യാതിരിക്കുകയും ചെയ്യുന്നിടത്ത്;

(ഘ) അയാൾക്ക് പലിശ കിട്ടിയിട്ടുണ്ടെന്ന് ന്യായമായി അനുമാനിക്കാവുന്നിടത്ത്.

അയാൾക്ക് (ക) സംഗതിയിൽ യഥാർത്ഥത്തിൽ കിട്ടിയ പലിശയ്ക്ക് കണക്കുപറയാനും (ഖ), (ഗ), (ഘ), സംഗതികളിൽ, കോടതി മററു വിധത്തിൽ നിദേശിക്കാത്തപക്ഷം, പ്രതിവർഷം ആറു ശതമാനം നിരക്കിലുള്ള *സാധാരണ പലിശയ്ക്ക് കണക്കു പറയാനും ബാദ്ധ്യതയുണ്ട്.*

(ങ) ലംഘനം, ട്രസ്റ്റ് പണം മുടക്കുകയും അതിൻമേലുള്ള പലിശയോ ഡിവിഡൻഡുകളോ ഈട്ടംകൂട്ടുകയും ചെയ്യാതിരിക്കുന്നതാകുന്നിടത്ത് അതേ നിരക്കിലുള്ള അർദ്ധവാർഷികമായ കൂട്ടുപലിശയ്ക്ക് കണക്കു പറയാൻ അയാൾക്ക് ബാദ്ധ്യതയുണ്ട്.

(ച) ലംഘനം, ട്രസ്റ്റ് വസ്തുവോ അതിന് കിട്ടുന്ന തുകയോ വ്യാപാരത്തിലോ ബിസിനസിലോ വിനിയോഗിക്കുന്നതാകുന്നിടത്ത്, ഗുണാനുഭോക്താവിന്റെ ഇച്ഛാനുസരണം അതേ നിരക്കിൽ (അർദ്ധവാർഷികമായ) കൂട്ടുപലിശക്കോ അങ്ങനെ വിനിയോഗിക്കുന്നതുവഴി ഉണ്ടാക്കിയ അററ ലാഭത്തിനോ, കണക്കു പറയാൻ അയാൾക്ക് ബാദ്ധ്യതയുണ്ട്.

## ദൃഷ്ടാന്തങ്ങൾ

(ക) ഒരു ട്രസ്റ്റി ശരിയല്ലാത്തവിധത്തിൽ ട്രസ്റ്റ് വസ്തു പിരിക്കാതെ വിടുകയും തത്ഫലമായി അത് നഷ്ടപ്പെടുകയും ചെയ്യുന്നു. നഷ്ടപ്പെട്ട മുതൽ നികത്തിക്കൊടുക്കുവാൻ അയാൾക്കു ബാദ്ധ്യതയുണ്ട്, എന്നാൽ അതിൻമേൽ പലിശ കൊടുക്കുവാൻ അയാൾക്ക് ബാദ്ധ്യതയില്ല.

(ഖ) ക, ഒരു കെട്ടിടം, അതു വില്ക്കുകയും കിട്ടുന്ന തുക ഗ യ്ക്ക് കൊടുക്കുകയും ചെയ്യാനുള്ള ട്രസ്റ്റായി ഖ യ്ക്ക് മരണശാസനംവഴി നല്കുന്നു. ഉപേക്ഷ കാരണം ഖ, വളരെക്കാലം കെട്ടിടം വില്ക്കാതെ വയ്ക്കുന്നു; അതിനാൽ അത് കേടുവന്നുപോവുകയും അതിന്റെ കമ്പോള വില കുറയുകയും ചെയ്യുന്നു. ആ നഷ്ടത്തിന് ഖ, ഗ യോട് ഉത്തരവാദിയാണ്.

(ഗ) ഒരു ട്രസ്റ്റി 20-ാമതു വകുപ്പനുസരിച്ച് ട്രസ്റ്റ് പണം മുടക്കുകയോ ഗുണാനുഭോക്താവിന് കൊടുക്കുകയോ ചെയ്യുന്നതിൽ അന്യായമായ കാലതാമസം വരുത്തിയതിന് അപരാധിയാണ്. ആ കാലതാമസത്തിന്റെ കാലത്തെ അതിൻമേലുള്ള പലിശ കൊടുക്കാൻ ട്രസ്റ്റിക്ക് ബാദ്ധ്യതയുണ്ട്.

(ഘ) ട്രസ്റ്റിയുടെ കർത്തവ്യം ട്രസ്റ്റ്പണം 20-ാം വകുപ്പ് ക, ഖ, ഗ, ഘ എന്നീ ഖണ്ഡികകളിൽ ഏതിലെങ്കിലും പറഞ്ഞിട്ടുള്ള ഈടുകളിൽ ഏതിലെങ്കിലും മുടക്കുകയെന്നതാണ്. അപ്രകാരം ചെയ്യുന്നതിനു പകരം അയാൾ പണം തന്റെ കൈയിൽ വച്ചുപോരുന്നു. അയാൾ മുതൽസംഖ്യയ്ക്കും പലിശക്കും അല്ലെങ്കിൽ മുടക്കേണ്ടിയിരുന്നപ്പോൾ ട്രസ്റ്റു പണം കൊണ്ട് അയാൾക്ക് വാങ്ങാമായിരുന്ന ഈടുകളുടെ സംഖ്യയ്ക്കും അവയിൽനിന്നുള്ള ഇടക്കാലത്തെ ഡിവിഡൻഡുകൾക്കും പലിശയ്ക്കും, ഗുണാനുഭോക്താവിന്റെ ഇച്ഛാനുസരണം ഉത്തരവാദിയാഷപ്പെടാവുന്നതാണ്.

(ങ) ട്രസ്റ്റ്പണം അങ്ങനെയുള്ള ഏതെങ്കിലും ഈടുകളിലോ സ്ഥാവര വസ്തുവിന്റെ പണയത്തിലോ മുടക്കുന്നതിന് ട്രസ്റ്റ്പ്രമാണം ട്രസ്റ്റിയോട് നിദേശിക്കുന്നു. ട്രസ്റ്റി രണ്ടും ചെയ്യുന്നില്ല. മുതൽ സംഖ്യയ്ക്കും പലിശയ്ക്കും അയാൾക്ക് ബാദ്ധ്യതയുണ്ട്.

(ച) ട്രസ്റ്റ് പണം അങ്ങനെയുള്ള ഈടുകളിൽ ഏതിലെങ്കിലും നിക്ഷേപിക്കുന്നതിനും അതിൻമേൽ ഉള്ള ഡിവിഡൻഡുകൾ ഈട്ടംകൂട്ടുന്നതിനും ട്രസ്റ്റ് പ്രമാണം ട്രസ്റ്റിയോട് നിദേശിക്കുന്നു. ട്രസ്റ്റി നിദേശം അവഗണിക്കുന്നു. അയാൾ, മുതൽസംഖ്യയ്ക്കും കൂട്ടുപലിശയ്ക്കും അല്ലെങ്കിൽ നിക്ഷേപിക്കേണ്ടിയിരുന്നപ്പോൾ ട്രസ്റ്റ് പണംകൊണ്ട് അയാൾക്ക് വാങ്ങാമായിരുന്ന ഈടുകളുടെ സംഖ്യയ്ക്കും, അതോടൊപ്പം

ഇടക്കാലത്തെ ഡിവിഡൻഡുകൾ ശരിയായി നിക്ഷേപിച്ചിരുന്നുവെങ്കിൽ ഈട്ടംകൂടുമായിരുന്ന സംഖ്യയ്ക്കും, ഗുണാനുഭോക്താവിന്റെ ഇച്ഛാനുസരണം, ഉത്തരവാദിയാക്കപ്പെടാവുന്നതാണ്.

(ഛ) ട്രസ്ററ്വസ്തു 20-ാം വകുപ്പിലെ ക, ഖ, ഗ, ഘ എന്നീ ഖണ്ഡങ്ങളിൽ ഏതിലെങ്കിലും പറഞ്ഞിട്ടുള്ള ഈടുകളിൽ ഒന്നിൽ മുടക്കിയിരിക്കുന്നു, ട്രസ്ററി അങ്ങനെയുള്ള ഈട് ട്രസ്ററ് പ്രമാണത്തിലെ നിബന്ധനകൾ പ്രാധികാരം നല്കാത്ത ഏതോ ആവശ്യത്തിന് വില്ക്കുന്നു. ഈട്, അതിൻമേലുള്ള ഇടക്കാലത്തെ ഡിവിഡൻഡുകളോടും പലിശയോടുംകൂടി തിരിയെ വയ്ക്കുന്നതിനോ അല്ലെങ്കിൽ വിററുകിട്ടിയ തുകയ്ക്കും പലിശയ്ക്കും കണക്കു പറയാനോ ഗുണാനുഭോക്താവിന്റെ ഇച്ഛാനുസരണം അയാൾക്ക് ബാദ്ധ്യതയുണ്ട്.

(ജ) ട്രസ്ററ്വസ്തു ഭൂമിയാണ്. ട്രസ്ററി, ട്രസ്ററിനെപ്പററി നോട്ടീസില്ലാതേയും പ്രതിഫലത്തിനും വാങ്ങുന്ന ഒരാൾക്ക് ഭൂമി വില്ക്കുന്നു. അതുപോലുള്ള ട്രസ്ററ് ഏർപ്പെടുത്താനായി തുല്യമൂല്യമുള്ള മററ് ഭൂമി വാങ്ങിക്കുന്നതിനോ അല്ലെങ്കിൽ അത് വിററുകിട്ടുന്ന തുകയ്ക്കും പലിശയ്ക്കും ഉത്തരവാദിയാക്കപ്പെടുന്നതിനോ ഗുണാനുഭോക്താവിന്റെ ഇച്ഛാനുസരണം ട്രസ്ററിക്ക് ബാദ്ധ്യതയുണ്ട്.

24. ട്രസ്ററിൽ തട്ടിക്കഴിക്കാൻ അനുവാദമില്ല.—ട്രസ്ററ്വസ്തുവിന്റെ ഒരു ഭാഗം സംബന്ധിച്ചുള്ള ഒരു ട്രസ്ററ് ലംഘനത്തിൽ ഉണ്ടാകുന്ന നഷ്ടത്തിന് ബാദ്ധ്യതപ്പെട്ട ഒരു ട്രസ്ററിക്ക്, തന്റെ ബാദ്ധ്യതക്കെതിരായി ട്രസ്ററിന്റെ വേറിട്ട മറെറാരു ട്രസ്ററ്ലംഘനത്തിലൂടെ ട്രസ്ററ് വസ്തുവിന്റെ മറെറാരു ഭാഗത്തിന് സിദ്ധിച്ചിട്ടുള്ള ലാഭം തട്ടിക്കഴിക്കാവുന്നതല്ല.

25. മുൻഗാമിയുടെ വീഴ്ചയ്ക്ക് ബാദ്ധ്യതയില്ലായ്മ.—ഒരു ട്രസ്ററി മറെറാരു ട്രസ്ററിയുടെ പിൻതുടർച്ചക്കാരനാകുന്നിടത്ത് അയാൾക്ക് ആ നിലയിൽ തന്റെ മുൻഗാമിയുടെ കൃത്യങ്ങൾക്കോ വീഴ്ചകൾക്കോ ബാദ്ധ്യതയില്ല.

26. സഹട്രസ്ററിയുടെ വീഴ്ചയ്ക്ക് ബാദ്ധ്യതയില്ലായ്മ.—13-ം 15-ം വകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു ട്രസ്ററിക്ക് ആ നിലയിൽ തന്റെ സഹട്രസ്ററി ചെയ്ത ട്രസ്ററു ലംഘനത്തിന് ബാദ്ധ്യതയില്ല :

എന്നാൽ ട്രസ്ററു പ്രമാണത്തിൽ വിപരീതമായത് പ്രകടമായി പ്രഖ്യാപിച്ചിട്ടില്ലെങ്കിൽ ഒരു ട്രസ്ററിക്ക് അങ്ങനെയുള്ള ബാദ്ധ്യത—

(ക) അയാൾ ട്രസ്ററ്വസ്തു തന്റെ സഹട്രസ്ററിക്ക്, അത് ശരിയാംവണ്ണം വിനിയോഗിക്കുമെന്ന് ഉറപ്പുവരുത്താതെ ഡെലിവർ ചെയ്തിട്ടുള്ളിടത്തും,

(ഖ) അയാൾ തന്റെ സഹട്രസ്ററിയെ ട്രസ്ററ്വസ്തു സ്വീകരിക്കാൻ അനുവദിക്കുകയും, സഹട്രസ്ററി അതു കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച് തക്ക അന്വേഷണം നടത്താതിരിക്കുകയോ അല്ലെങ്കിൽ സംഗതിയുടെ പരിത:സ്ഥിതികളനുസരിച്ച് ന്യായമായി വേണ്ടതിലധികം സമയം അത് വച്ചുപോരാൻ അയാളെ അനുവദിക്കുകയോ ചെയ്യുകയും ചെയ്യുന്നിടത്തും;

(ഗ) അയാൾക്ക് തന്റെ സഹട്രസ്റ്റി ചെയ്തതോ ഉദ്ദേശിക്കുന്നതോ ആയ ഒരു ട്രസ്റ്റ് ലംഘനത്തെപ്പററി അറിവ് ഉണ്ടാവുകയും, അത് സജീവമായി മറച്ചു വയ്ക്കുകയോ അല്ലെങ്കിൽ ഗുണാനുഭോക്താവിന്റെ അവകാശം സംരക്ഷിക്കുവാൻ ശരിയായ നടപടികൾ ന്യായമായ സമയത്തിനുള്ളിൽ എടുക്കാതിരിക്കുകയോ ചെയ്യുകയും ചെയ്യുന്നിടത്തും ;
ഉണ്ടായിരിക്കുന്നതാണ്.

<u>പേരിനുമാത്രം രസീതിൽ ചേരുന്നത്.</u>—ട്രസ്റ്റ് വസ്തുവിനുള്ള രസീത് ഒപ്പിടുന്നതിൽ ചേരുകയും എന്നാൽ അത് തനിക്ക് കിട്ടിയിട്ടില്ലെന്ന് തെളിയിക്കുകയും ചെയ്യുന്ന ഒരു സഹട്രസ്റ്റി, വസ്തുവിന് തന്റെ സഹട്രസ്റ്റിവഴി ഉണ്ടാകുന്ന നഷ്ടത്തിനോ ദുരുപയോജനത്തിനോ അങ്ങനെയുള്ള ഒപ്പു കാരണമായി മാത്രം ഉത്തരവാദിയല്ല.

ദൃഷ്ടാന്തം

ക ഒരു വസ്തു ഖ യ്ക്കും ഗ യ്ക്കും മരണശാസനം വഴി നല്കുകയും അത് വില്ക്കുകയും കിട്ടുന്ന തുക ഘ യുടെ ഗുണത്തിനായി മുടക്കുകയും ചെയ്യാൻ അവരോട് നിദേശിക്കുകയും ചെയ്യുന്നു. അതനുസരിച്ച് ഖ യും ഗ യും വസ്തു വില്ക്കുകയും ക്രയസംഖ്യ ഖ വാങ്ങി തന്റെ കൈയിൽ വച്ചു പോരുകയും ചെയ്യുന്നു. ഗ രണ്ട് വർഷം ഈ കാര്യം ശ്രദ്ധിക്കാതിരിക്കുകയും പിന്നീട് ഖ യോട് അങ്ങനെ പണം മുടക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. ഖ യ്ക്ക് അപ്രകാരം ചെയ്യാൻ കഴിയാതാവുകയും അയാൾ നിർദ്ധനനാവുകയും ക്രയസംഖ്യ നഷ്ടപ്പെടുകയും ചെയ്യുന്നു. ആ സംഖ്യ നികത്തി കൊടുക്കുന്നതിന് ഗ യെ നിർബന്ധിക്കാവുന്നതാണ്.

27. <u>സഹട്രസ്റ്റികളുടെ വെവ്വേറെയുള്ള ബാദ്ധ്യത.</u>—സഹട്രസ്റ്റികൾ കൂട്ടായി ട്രസ്റ്റുലംഘനം ചെയ്യുകയോ അല്ലെങ്കിൽ അവരിൽ ഒരാൾ, അയാളുടെ ഉപേക്ഷയാൽ മറേറ സഹട്രസ്റ്റിക്ക് ട്രസ്റ്റു ലംഘനം ചെയ്യുവാൻ സാദ്ധ്യമാക്കുകയോ ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ലംഘനത്താൽ ഉണ്ടായ മുഴുവൻ നഷ്ടത്തിനും ഓരോരുത്തനും ഗുണാനുഭോക്താവിനോട് ബാദ്ധ്യതയുണ്ട്.

<u>സഹട്രസ്റ്റികൾ തമ്മിലുള്ള അംശദായം.</u>—എന്നാൽ, ട്രസ്റ്റികൾ തമ്മിൽത്തമ്മിൽ, ഒരാൾ മറേറയാളെക്കാൾ കുറഞ്ഞ അപരാധിയാവുകയും അയാൾക്ക് നഷ്ടം തിരിയെ അടയ്ക്കേണ്ടിവരികയും ചെയ്യുന്നുവെങ്കിൽ, ആദ്യത്തെ ട്രസ്റ്റിക്ക് രണ്ടാമത്തെ ട്രസ്റ്റിയേയോ അല്ലെങ്കിൽ അയാളുടെ നിയമാനുസൃത പ്രതിനിധിക്ക് കിട്ടിയിട്ടുള്ള ആസ്തികളുടെ വ്യാപ്തിയോളം ആ നിയമാനുസൃത പ്രതിനിധിയേയോ, അങ്ങനെയുള്ള നഷ്ടം നികത്തുന്നതിന് നിർബന്ധിക്കാവുന്നതാണ് ; എല്ലാവരും തുല്യാപരാധികളാണെങ്കിൽ, നഷ്ടം തിരിയെ അടയ്ക്കേണ്ടിവന്ന ട്രസ്റ്റികളിൽ ഏതെങ്കിലും ഒരാൾക്കോ അതിലധികം പേർക്കോ മററുള്ളവരെ അംശദായം നല്കുവാൻ നിർബന്ധിക്കാവുന്നതും ആണ്.

ഈ വകുപ്പിലെ യാതൊന്നും, അംശദായം നല്കാൻ നിർബന്ധിക്കാനുള്ള ഒരു വ്യവഹാരം ബോധിപ്പിക്കുവാൻ വഞ്ചനയ്ക്ക് അപരാധിയായ ഒരു ട്രസ്റ്റിയ്ക്ക് പ്രാധികാരം നല്കുന്നതായി കരുതപ്പെടുന്നതല്ല.

28. <u>ഗുണാനുഭോക്താവിനാലുള്ള കൈമാററത്തെപ്പററി നോട്ടീസുകൂടാതെ പണം കൊടുക്കുന്ന ട്രസ്റ്റിയുടെ ബാദ്ധ്യതയില്ലായ്മ.</u>— ഏതെങ്കിലും ഗുണാനുഭോക്താവിന്റെ അവകാശം മറെറാരാളിൽ നിക്ഷിപ്തമാവുകയും ട്രസ്റ്റി അങ്ങനെ നിക്ഷിപ്തമായതിനെപ്പററി നോട്ടീസില്ലാതെ, അങ്ങനെ

നിക്ഷിപ്തമാകാതിരുന്നെങ്കിൽ അതിൻമേൽ അവകാശമുണ്ടാകുമായിരുന്ന ആരാക്ക് ട്രസ്റ്റ്വസ്തു കൊടുക്കുകയോ ഡെലിവർ ചെയ്യുകയോ ചെയ്യുകയും ചെയ്യുമ്പോൾ, അങ്ങനെ കൊടുക്കുകയോ ഡെലിവർ ചെയ്യുകയോ ചെയ്ത വസ്തുവിന് ട്രസ്റ്റിക്ക് ബാദ്ധ്യതയില്ല.

29. ഗുണാനുഭോക്താവിന്റെ അവകാശം ഗവൺമെൻറിലേക്ക് കണ്ടുകെട്ടപ്പെടുന്നിടത്ത് ട്രസ്റ്റിയുടെ ബാദ്ധ്യത :— ഗുണാനുഭോക്താവിന്റെ അവകാശം നിയമാനുസൃതമായ ന്യായനിർണ്ണയംവഴി ഗവൺമെൻറിലേക്ക് കണ്ടുകെട്ടുകയോ, അവാർഡു ചെയ്യുകയോ ചെയ്യുമ്പോൾ, ട്രസ്റ്റി ട്രസ്റ്റുവസ്തു സ്റ്റേററ് ഗവൺമെൻറ് ഇതിലേയ്ക്ക് നിദേശിക്കുന്ന ആളുടെ ഗുണത്തിനും നിദേശിക്കുന്ന രീതിയിലും നിദേശിക്കുന്ന അവകാശത്തിന്റെ വ്യാപ്തിയോളവും വച്ചുപോരാൻ ബാദ്ധ്യസ്ഥനാകുന്നു.

30. ട്രസ്റ്റികളുടെ നഷ്ടോത്തരവാദം:— ട്രസ്റ്റ് പ്രമാണത്തിലേയും 23-ം 26-ം വകുപ്പുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി,

ട്രസ്റ്റികൾ, അവർക്ക് യഥാക്രമം യഥാർത്ഥത്തിൽ കിട്ടുന്ന പണത്തുകകൾക്കും സ്റ്റാക്കുകൾക്കും ഫണ്ടുകൾക്കും ഈടുകൾക്കും മാത്രം യഥാക്രമം ഉത്തരവാദികളാകുന്നതും, അവരിൽ ഒരാൾ മററാരാൾക്ക് വേണ്ടിയോ അല്ലെങ്കിൽ ഏതെങ്കിലും ട്രസ്റ്റ് വസ്തു കൈയിൽ ഏല്പിക്കപ്പെട്ടിട്ടുണ്ടായിരിക്കാവുന്ന ഏതെങ്കിലും ബാങ്കർക്കോ, ബ്രോക്കർക്കോ മററാൾക്കോ വേണ്ടിയോ, അല്ലെങ്കിൽ ഏതെങ്കിലും സ്റ്റാക്കുകളോ ഫണ്ടുകളോ ഈടുകളോ മതിയാകാത്തതിനോ, അവയിലുള്ള കുറവിനോ, അല്ലെങ്കിൽ മററുവിധത്തിൽ സ്വേച്ഛയാ അല്ലാതെ ഉണ്ടാകുന്ന നഷ്ടങ്ങൾക്കോ ഉത്തരം പറയേണ്ടതില്ലാത്തതും ആകുന്നു.

## അദ്ധ്യായം IV

## ട്രസ്റ്റികളുടെ അവകാശങ്ങളേയും അധികാരങ്ങളേയും കുറിച്ച്

31. അവകാശപത്രത്തിനുള്ള അവകാശം:—ട്രസ്റ്റിക്ക് ട്രസ്റ്റ്പ്രമാണവും ട്രസ്റ്റ് വസ്തുവിനെ മാത്രം സംബന്ധിക്കുന്ന എല്ലാ അവകാശരേഖകളും (വല്ലതുമുണ്ടെങ്കിൽ) തന്റെ കൈവശമായിരിക്കാനുള്ള അവകാശമുണ്ട്.

32. ചെലവുകളുടെ പ്രതിപൂരണത്തിനുള്ള അവകാശം :— ഏതൊരു ട്രസ്റ്റിക്കും ട്രസ്റ്റ് നടപ്പാക്കുന്നതിലോ നടപ്പാക്കുന്നതു സംബന്ധിച്ചോ, അല്ലെങ്കിൽ ട്രസ്റ്റ്വസ്തു വസൂലാക്കുന്നതിലോ, സംരക്ഷിക്കുന്നതിലോ അതിന്റെ ഗുണത്തിനുവേണ്ടിയോ അല്ലെങ്കിൽ ഗുണാനുഭോക്താവിന്റെ രക്ഷയ്ക്കോ, സംരക്ഷണത്തിനുവേണ്ടിയോ അവ സംബന്ധിച്ചോ ന്യായമായി നേരിടുന്ന എല്ലാ ചെലവുകളും ട്രസ്റ്റ്വസ്തുവിൽനിന്ന് സ്വയം പ്രതിപൂരണം ചെയ്യുകയോ കൊടുക്കുകയോ കൊടുത്തുതീർക്കുകയോ ചെയ്യാവുന്നതാണ്.

അയാൾ അങ്ങനെയുള്ള ചെലവുകൾ സ്വന്തം കൈയിൽനിന്ന് കൊടുക്കുകയാണെങ്കിൽ, അങ്ങനെയുള്ള ചെലവുകൾക്കും അതിൻമേലുള്ള പലിശയ്ക്കും അയാൾക്ക് ട്രസ്റ്റ്വസ്തുവിൻമേൽ ആദ്യചാർജ് ഉണ്ടായിരിക്കുന്നതാണ് : എന്നാൽ അങ്ങനെയുള്ള ചാർജജ് (ആ ചെലവുകൾ ആദ്യാധികാരിതയുള്ള ഒരു

പ്രിൻസിപ്പൽ സിവിൽ കോടതിയുടെ അനുമതിയോടെ നേരിട്ടിട്ടുള്ളതല്ലാത്ത പക്ഷം) ആ ചെലവുകളും പലിശയും ആദ്യം കൊടുക്കാതെയുള്ള ട്രസ്റ്റ് വസ്തുവിന്റെ ഏതെങ്കിലും വ്യയനം നിരോധിക്കുന്നതുവഴി മാത്രമേ, പ്രാവർത്തികമാക്കാൻ പാടുള്ളു.

ട്രസ്റ്റുവസ്തു നിഷ്ഫലമാകുന്നുവെങ്കിൽ, ട്രസ്റ്റിക്ക്, അയാൾ ഏത് ഗുണാനുഭോക്താവിനുവേണ്ടി പ്രവർത്തിക്കുകയും, അയാളുടെ പ്രകടമോ വ്യംഗ്യമോ ആയ അപേക്ഷപ്രകാരം പണം കൊടുക്കുകയും ചെയ്തുവോ, ആ ഗുണാനുഭോക്താവിൽനിന്ന് സ്വന്തം നിലയിൽ അങ്ങനെയുള്ള ചെലവുകളുടെ തുക വസൂലാക്കാൻ അവകാശമുണ്ട്.

<u>തെററായി അധികം കൊടുത്ത പണം തിരിയെ എടുക്കാനുള്ള അവകാശം</u>.—ഒരു ട്രസ്റ്റി ഗുണാനുഭോക്താവിന് തെററായി അധികം പണം കൊടുത്തിട്ടുള്ളിടത്ത്, അയാൾക്ക് ട്രസ്റ്റ് വസ്തുവിലേക്ക് ഗുണാനുഭോക്താവിന്റെ അവകാശത്തിൽനിന്ന് പ്രതിപൂരണം ചെയ്യാവുന്നതാണ്. അങ്ങനെയുള്ള അവകാശം നിഷ്ഫലമാകുന്നുവെങ്കിൽ, അങ്ങനെ അധികം കൊടുത്ത തുക ഗുണാനുഭോക്താവിൽനിന്ന് അയാളുടെ സ്വന്തം നിലയിൽ വസൂലാക്കാൻ ട്രസ്റ്റിക്ക് അവകാശമുണ്ട്.

33. <u>ട്രസ്റ്റ് ലംഘനംവഴി നേട്ടമുണ്ടാകുന്ന ആളിൽനിന്ന് നഷ്ടോത്തരവാദത്തിനുള്ള അവകാശം</u>.—ട്രസ്റ്റിയല്ലാതെ ട്രസ്റ്റ്ലംഘനത്തിൽനിന്ന് ഒരു ആനുകൂല്യം നേടിയിട്ടുള്ള മറെറാരാൾ, അയാൾക്ക് ലംഘനത്തിൻകീഴിൽ യഥാർത്ഥത്തിൽ കിട്ടിയിട്ടുള്ള തുകയുടെ വ്യാപ്തിയോളം ട്രസ്റ്റിക്ക് നഷ്ടോത്തരവാദം ചെയ്യണം ; അയാൾ ഒരു ഗുണാനുഭോക്താവായിട്ടുള്ളിടത്ത്, അങ്ങനെയുള്ള തുകയ്ക്ക് അയാളുടെ അവകാശത്തിൻമേൽ ട്രസ്റ്റിക്ക് ചാർജജ് ഉണ്ടായിരിക്കുന്നതും ആകുന്നു.

ഈ വകുപ്പിലെ യാതൊന്നും, ട്രസ്റ്റ്ലംഘനം ചെയ്യുന്നതിൽ വഞ്ചനയ്ക്ക് അപരാധിയായ ഒരു ട്രസ്റ്റിക്ക് നഷ്ടോത്തരവാദം കിട്ടാൻ അവകാശം നല്കുന്നതായി കരുതപ്പെടുന്നതല്ല.

34. <u>ട്രസ്റ്റ് വസ്തുവിന്റെ മാനേജുമെന്റിൽ കോടതിയോട് അഭിപ്രായത്തിന് അപേക്ഷിക്കാനുള്ള അവകാശം</u>.—ഏതൊരു ട്രസ്റ്റിക്കും, ഒരു വ്യവഹാരം ബോധിപ്പിക്കാതെ, ആദ്യാധികാരിതയുള്ള ഒരു പ്രിൻസിപ്പൽ സിവിൽ കോടതിയിൽ, കോടതിയുടെ അഭിപ്രായത്തിൽ സമ്മറിയായി തീർക്കുന്നതു ശരിയല്ലാത്തതും, വിശദാംശങ്ങളുടേതോ, വിഷമകരമായതോ പ്രാധാന്യമുള്ളതോ ആയ പ്രശ്നങ്ങൾ അല്ലാത്തതും, ട്രസ്റ്റ്വസ്തുവിന്റെ മാനേജുമെന്റിനേയോ ഭരണത്തേയോ സംബന്ധിക്കുന്നതുമായ ഏതെങ്കിലും വർത്തമാനകാല പ്രശ്നങ്ങളിൻമേൽ അതിന്റെ അഭിപ്രായത്തിനോ ഉപദേശത്തിനോ നിർദേശത്തിനോ ഹർജിവഴി അപേക്ഷിക്കാവുന്നതാണ്.

അങ്ങനെയുള്ള ഹർജിയുടെ ഒരു പകർപ്പ്, ആ അപേക്ഷയിൽ താൽപര്യമുള്ളവരിൽ കോടതിക്ക് യുക്തമെന്നു തോന്നുന്ന ആളുകൾക്ക് നടത്തേണ്ടതും അതിന്റെ ഹീയറിങ്ങിൽ അവർക്ക് ഹാജരാകാവുന്നതുമാണ്.

അങ്ങനെയുള്ള ഹർജിയിൽ വസ്തുതകൾ ഉത്തമവിശ്വാസപൂർവ്വം പ്രസ്താവിക്കുകയും, കോടതി നല്കിയ അഭിപ്രായമോ, ഉപദേശമോ, നിദേശമോ അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന ട്രസ്റ്റി, തന്റെ സ്വന്തം ഉത്തരവാദിത്വം സംബന്ധിച്ചിടത്തോളം, ആ അപേക്ഷയുടെ വിഷയത്തിൽ അങ്ങനെയുള്ള ട്രസ്റ്റി എന്ന നിലയിലുള്ള തന്റെ കർത്തവ്യം നിർവ്വഹിച്ചതായി കരുതപ്പെടുന്നതാകുന്നു.

ഈ വകുപ്പിൻകീഴിലുള്ള ഏതൊരു അപേക്ഷയുടേയും ചെലവ്, അത് ഏത് കോടതിയിലാണോ ബോധിപ്പിക്കുന്നത്, ആ കോടതി സ്വവിവേകം ഉപയോഗിച്ച് നല്കുന്നതാണ്.

35. കണക്ക് തീർക്കലിനുള്ള അവകാശം :—ട്രസ്ററിയുടെ, ആ നിലയിലുള്ള കർത്തവ്യങ്ങൾ പൂർത്തിയായി കഴിയുമ്പോൾ അയാൾക്ക് ട്രസ്ററ് വസ്തുവിന്റെ, തന്റെ ഭരണം സംബന്ധിച്ച് കണക്കുകൾ പരിശോധിക്കപ്പെടുകയും കണക്ക് തീർക്കപ്പെടുകയും ചെയ്തുകിട്ടാൻ അവകാശമുണ്ട്; ട്രസ്ററിൻകീഴിൽ ഗുണാനുഭോക്താവിന് യാതൊന്നും കിട്ടാനില്ലാത്തിടത്ത്, ആ അർത്ഥത്തിലുള്ള ഒരു സമ്മത പത്രത്തിന് അയാൾക്ക് അവകാശമുള്ളതും ആണ്.

36. ട്രസ്ററിയുടെ സാമാന്യ പ്രാധികാരം :—ഈ ആക്ററിനാലും ട്രസ്ററ് പ്രമാണത്താലും പ്രകടമായി നല്കപ്പെട്ടിട്ടുള്ള അധികാരങ്ങൾക്ക് പുറമേയായും, ആ പ്രമാണത്തിൽ പരിമിതികൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്കും, 17-ാം വകുപ്പിലെ വ്യവസ്ഥകൾക്കും വിധേയമായും, ഒരു ട്രസ്ററിക്ക് ട്രസ്ററ്വസ്തു വസൂലാക്കുന്നതിനും അല്ലെങ്കിൽ അതിന്റെ രക്ഷയ്ക്കോ ഗുണത്തിനോ വേണ്ടിയും, കാൺട്രാക്ററ് ചെയ്യുവാൻ ക്ഷമതയില്ലാത്ത ഒരു ഗുണാനുഭോക്താവിന്റെ രക്ഷയ്ക്കോ സംരക്ഷണത്തിനോ വേണ്ടിയും ന്യായമായതും ശരിയായതുമായ എല്ലാ കൃത്യങ്ങളും ചെയ്യാവുന്നതാണ്.

ആദ്യാധികാരിതയുള്ള ഒരു പ്രിൻസിപ്പൽ സിവിൽ കോടതിയുടെ അനുവാദത്തോടെയല്ലാതെ, പാട്ടം (വാടക) ഏർപ്പാട് ട്രസ്ററി, ട്രസ്ററ്വസ്തു, പാട്ടം (വാടക) ഏർപ്പാട് ഒപ്പിട്ടു പൂർത്തീകരിക്കുന്ന തീയതിമുതൽ ഇരുപത്തൊന്നു വർഷത്തിൽ കൂടുതലായ ഒരു കാലത്തേയ്ക്കോ, അല്ലെങ്കിൽ ന്യായമായി കിട്ടാവുന്ന ഏററവും കൂടുതൽ ആണ്ടു പാട്ടത്തിന് (വാടകയ്ക്ക്) വ്യവസ്ഥ ചെയ്യാതെയോ പാട്ടത്തിന് (വാടകയ്ക്ക്) കൊടുക്കാൻ പാടുള്ളതല്ല.

37. ലാട്ടുകളായും പരസ്യലേലത്തിലോ സ്വകാര്യ കാൺട്രാക്ററ് വഴിയോ ആയും വില്ക്കുവാനുള്ള അധികാരം :—(ട്രസ്ററിലെ ട്രസ്ററ്വസ്തു വില്ക്കുവാൻ അധികാരപ്പെടുത്തിയിട്ടുള്ളിടത്ത്, ട്രസ്ററ്പ്രമാണം മററുവിധത്തിൽ നിർദേശിക്കാത്തപക്ഷം, അയാൾക്ക് അത് മുൻചാർജുകൾക്ക് വിധേയമായോ അല്ലാതേയോ, ഒന്നിച്ചോ ലാട്ടുകളായോ, പരസ്യലേലത്തിലോ സ്വകാര്യ കാൺട്രാക്ററുവഴിയോ ഒരേ സമയത്തോ പല സമയങ്ങളിലായോ വില്ക്കാവുന്നതാണ്.

38. പ്രത്യേക ഉപാധികൾക്ക് കീഴിൽ വില്ക്കുവാനുള്ള അധികാരം. തനിക്കായിത്തന്നെ വാങ്ങുവാനും വീണ്ടും വില്ക്കുവാനുമുള്ള അധികാരം :—അങ്ങനെയുള്ള ഏതെങ്കിലും വില്പന നടത്തുന്ന ട്രസ്ററിക്ക് ഉടമാവകാശത്തേയോ ഉടമാവകാശ തെളിവിനേയോ സംബന്ധിച്ചോ മററുവിധത്തിലോ ഉള്ളതും യുക്തമെന്ന് തനിക്ക് തോന്നുന്നതുമായ ന്യായമായ നിബന്ധനകൾ ഏതെങ്കിലും വില്പനയുടേയോ വില്പന കാൺട്രാക്ററിന്റേയോ ഉപാധികളിൽ ഉൾക്കൊള്ളിക്കാവുന്നതാണ്; അയാൾക്ക് ലേലം വഴിയുള്ള ഏതെങ്കിലും വില്പനയിൽ ആ വസ്തുവോ അതിന്റെ ഏതെങ്കിലും ഭാഗമോ തനിക്കായിത്തന്നെ വാങ്ങുകയും ഏതെങ്കിലും വില്പന കാൺട്രാക്ററ് റദ്ദാക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യുകയും, ഏത് വസ്തു ആണോ അങ്ങനെ തനിക്കായിത്തന്നെ വാങ്ങുകയോ, അല്ലെങ്കിൽ അതു സംബന്ധിച്ച് കാൺട്രാക്ററു റദ്ദാക്കുകയോ ചെയ്തിട്ടുള്ളത്, ആ വസ്തു വീണ്ടും വില്

ക്കുകയും ചെയ്യുന്നതുവഴി ഗുണാനുഭോക്താവിന് ഉണ്ടാകുന്ന ഏതെങ്കിലും നഷ്ടത്തിന് ഉത്തരവാദിയാകാതെ അങ്ങനെ വാങ്ങുകയും റദ്ദാക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യുകയും വീണ്ടും വില്ക്കുകയും ചെയ്യാവുന്നതും ആണ്.

ട്രസ്റ്റു വസ്തു വിൽക്കുന്നതിന് അനുവദിച്ചിട്ടുള്ള സമയം.—ട്രസ്റ്റ് വസ്തു വില്ക്കുകയോ, ട്രസ്റ്റ്പണം വസ്തു വാങ്ങുന്നതിന് മുടക്കുകയോ ചെയ്യാൻ ട്രസ്റ്റിയോട് നിദേശിക്കപ്പെട്ടിട്ടുള്ളിടത്ത്, അങ്ങനെ വില്ക്കുകയോ വാങ്ങുകയോ ചെയ്യുന്ന സമയം സംബന്ധിച്ച് അയാൾക്ക് ന്യായമാംവണ്ണം വിവേകം ഉപയോഗിക്കാവുന്നതാണ്.

ദൃഷ്ടാന്തങ്ങൾ

(ക) ക, ഖ യ്ക്ക് വസ്തു അതു, അയാൾ സൗകര്യമുള്ള ത്രേ വേഗത്തിൽ വില്ക്കുകയും കിട്ടുന്ന തുക ഗ യ്ക്ക് കൊടുക്കുകയും ചെയ്യണമെന്ന് നിദേശിച്ചുകൊണ്ട് മരണശാസനംവഴി നല്കുന്നു. ഇത് ഉടനെയുള്ള വില്പന നിർബന്ധമാക്കുന്നില്ല.

(ഖ) ക, ഖയ്ക്ക്, വസ്തു, അത്, അയാൾക്ക് യുക്തമെന്ന് തോന്നുന്ന സമയത്തും രീതിയിലും വില്ക്കുകയുംകിട്ടുന്ന തുക ഗ യുടെ ഗുണത്തിനായി മുടക്കുകയും ചെയ്യണമെന്ന് നിദേശിച്ചുകൊണ്ട് മരണശാസനം വഴി നല്കുന്നു. ഇത് ഖ യ്ക്ക് താനും ഗ യും തമ്മിലായിടത്തോളം വില്പന അനിശ്ചിത കാലത്തേക്ക് നീട്ടിവെയ്ക്കുവാൻ പ്രാധികാരം നല്കുന്നില്ല.

39. കൈമാററം ചെയ്തുകൊടുക്കാനുള്ള അധികാരം.—ട്രസ്റ്റിക്ക് അങ്ങനെയുള്ള ഏതെങ്കിലും വില്പന പൂർത്തീകരിക്കുന്നതിനുവേണ്ടി വിററ വസ്തു ആവശ്യമുള്ള രീതിയിൽ കൈമാററം ചെയ്തുകൊടുക്കുകയോ മററു വിധത്തിൽ വ്യയനം ചെയ്യുകയോ ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

40. നിക്ഷേപങ്ങൾ വ്യത്യാസപ്പെടുത്താനുള്ള അധികാരം.—ട്രസ്റ്റിക്ക് വിവേകം ഉപയോഗിച്ച് ഏതെങ്കിലും ഈടിൻമേൽ നിക്ഷേപിച്ചിട്ടുള്ള ഏതെങ്കിലും ട്രസ്റ്റ് വസ്തു തിരിയെ എടുക്കുകയും അത് 20-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളതോ പരാമർശിച്ചിട്ടുള്ളതോ ആയ ഈടുകളിൽ ഏതിലെങ്കിലും നിക്ഷേപിക്കുകയും അങ്ങനെയുള്ള ഏതെങ്കിലും നിക്ഷേപങ്ങൾ അതേ സ്വഭാവത്തിലുള്ള മററുള്ളവയ്ക്കു പകരമായി അപ്പോഴപ്പോൾ വ്യത്യാസപ്പെടുത്തുകയും ചെയ്യാവുന്നതാണ്:

എന്നാൽ കാൺട്രാക്ററ് ചെയ്യാൻ ക്ഷമതയുള്ളവനും തനിക്ക് ആജീവനാന്തം ട്രസ്ററ് വസ്തുവിൻെറ ആദായം എടുക്കുവാനുള്ളതോ അല്ലെങ്കിൽ അതിലും വലുതായ ഏതെങ്കിലും എസ്റേററിനുള്ളതോ, ആയ അവകാശം ആ സമയത്ത് ഉള്ളവനുമായ ഒരാൾ ഉള്ളിടത്ത്; നിക്ഷേപത്തിൽ അങ്ങനെയുള്ള യാതൊരു വ്യത്യാസപ്പെടുത്തലും അയാളുടെ രേഖാമൂലമായ സമ്മതംകൂടാതെ ചെയ്യാൻ പാടുള്ളതല്ല.

41. മൈനർമാരുടേയും മററും വസ്തു, അവരുടെ സംരക്ഷണത്തിനും മററും വിനിയോഗിക്കാനുള്ള അധികാരം.—ഒരു ട്രസ്ററി ഏതെങ്കിലും വസ്തു, ഒരു മൈനർക്കുവേണ്ടി ട്രസ്ററായി കൈയിൽ വച്ചിട്ടുള്ളിടത്ത്, അങ്ങനെയുള്ള ട്രസ്ററിക്ക്, വിവേകം ഉപയോഗിച്ച് ആ വസ്തുസംബന്ധിച്ച് മൈനർക്ക് അവകാശമുള്ള ആദായം മുഴുവനുമോ അതിൻെറ ഏതെങ്കിലും ഭാഗമോ ആ മൈനറുടെ രക്ഷാകർത്താക്കൾക്ക് (ആരെങ്കിലും ഉണ്ടെങ്കിൽ) കൊടുക്കുകയോ,

അല്ലെങ്കിൽ മററുവിധത്തിൽ അയാളുടെ സംരക്ഷണത്തിനോ, വിദ്യാഭ്യാസത്തിനോ, ജീവിതോന്നമനത്തിനോ അല്ലെങ്കിൽ അയാളുടെ മതപരമായ ആരാധനയുടേയോ, വിവാഹത്തിൻേറയോ, ശവസംസ്കാരത്തിൻേറയോ ന്യായമായ ചെലവുകൾക്കോ, അവയിലേക്കോ മററുവിധത്തിൽ വിനിയോഗിക്കുകയോ ചെയ്യാവുന്നതാണ്; അങ്ങനെയുള്ള ട്രസ്ററി അങ്ങനെയുള്ള ആദായത്തിൻെറ അവശിഷ്ടവും, അത് നിക്ഷേപിച്ച് ഉണ്ടാകുന്ന ആദായവും 20-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളതോ പരാമർശിച്ചിട്ടുള്ളതോ ആയ ഈടുകളിൽ ഏതിലെങ്കിലും അതനുസമയം നിക്ഷേപിച്ച കൂട്ടുപലിശയുടെ രൂപത്തിൽ ഈട്ടംകൂടുന്നതുവഴി, അങ്ങനെയുള്ള ഈട്ടംകൂടിയത് ഏത് വസ്തുവിൽനിന്ന് ഉണ്ടായതാണോ, ആ വസ്തുവിന് ഒടുവിൽ അവകാശമുള്ളവനായിത്തീരുന്ന ആളുടെ ഗുണത്തിനുവേണ്ടി അങ്ങനെ ഈട്ടംകൂട്ടേണ്ടതുമാകുന്നു;

എന്നാൽ അങ്ങനെയുള്ള ട്രസ്ററിക്ക്, ഏതെങ്കിലും സമയത്ത്, അയാൾക്കു യുക്തമെന്നു തോന്നുന്നുവെങ്കിൽ, അങ്ങനെ ഈട്ടംകൂട്ടിയതു മുഴുവനുമോ അതിൻെറ ഏതെങ്കിലും ഭാഗമോ അത് ആ നടപ്പുവർഷത്തിൽ ഉദ്ഭവിക്കുന്ന ആദായത്തിൻെറ ഭാഗമായിരുന്നാലെന്നപോലെ വിനിയോഗിക്കാവുന്നതാണ്.

ട്രസ്ററ് വസ്തുവിൻെറ ആദായം മൈനറുടെ സംരക്ഷണത്തിനോ വിദ്യാഭ്യാസത്തിനോ ജീവിതോന്നമനത്തിനോ, അല്ലെങ്കിൽ അയാളുടെ മതപരമായ ആരാധനയുടേയോ, വിവാഹത്തിൻേറയോ, ശവസംസ്കാരത്തിൻേറയോ ന്യായമായ ചെലവുകൾക്കോ മതിയാകാതെ വരുന്നിടത്ത്, ട്രസ്ററിക്ക്, ആദ്യാധികാരിതയുള്ള ഒരു പ്രിൻസിപ്പൽ സിവിൽ കോടതിയുടെ അനുവാദത്തോടുകൂടിയും, എന്നാൽ മററു വിധത്തിൽ അല്ലാതെയും ആ വസ്തു മുഴുവനുമോ അതിൻെറ ഏതെങ്കിലും ഭാഗമോ അങ്ങനെയുള്ള സംരക്ഷണത്തിനോ, വിദ്യാഭ്യാസത്തിനോ, ഉന്നമനത്തിനോ ചെലവുകൾക്കോ അവയിലേക്കോ വിനിയോഗിക്കാവുന്നതുമാണ്.

ഈ വകുപ്പിലെ യാതൊന്നും മൈനർമാരുടെ ദേഹത്തേയും വസ്തുവിനെയും സംബന്ധിച്ച് തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും തദ്ദേശനിയമത്തിലെ വ്യവസ്ഥകളെ ബാധിക്കുന്നതായി കരുതപ്പെടുന്നതല്ല.

42. രസീതുകൊടുക്കാനുള്ള അധികാരം.—ട്രസ്ററികൾക്കോ ട്രസ്ററിക്കോ ഏതെങ്കിലും ട്രസ്ററോ അധികാരമോ കാരണമായോ, അല്ലെങ്കിൽ അത് പ്രയോഗിക്കുന്നതിലോ തങ്ങൾക്കോ തനിക്കോ കൊടുക്കേണ്ടതോ കൈമാററം ചെയ്യേണ്ടതോ ഡെലിവർ ചെയ്യേണ്ടതോ ആയ ഏതെങ്കിലും പണത്തിനോ ഈടുകൾക്കോ മററ് ജംഗമ വസ്തുവിനോ രേഖാമൂലമായ രസീത് കൊടുക്കാവുന്നതാണ്; വഞ്ചനയുടെ അഭാവത്തിൽ, ആ പണമോ ഈടുകളോ വസ്തുവോ, കൊടുക്കുകയോ കൈമാററം ചെയ്യുകയോ, ഡെലിവർ ചെയ്യുകയോ ചെയ്യുന്ന ആളെ, അതിൽനിന്നുള്ള ബാദ്ധ്യതയിൽനിന്നും, അത് എങ്ങനെ വിനിയോഗിച്ചു എന്നു നോക്കുന്നതിൻേറയോ, അല്ലെങ്കിൽ അതിൻെറ ഏതെങ്കിലും നഷ്ടത്തിനോ ദുർവിനിയോഗത്തിനോ കണക്ക് പറയേണ്ടതിൻേറയോ ബാദ്ധ്യതയിൽനിന്നും അങ്ങനെയുള്ള രസീത് വിടുത്തുന്നതും ആകുന്നു.

43. രാജിയാക്കാനും മററുമുള്ള അധികാരം.—രണ്ടോ അതിലധികമോ ട്രസ്ററികൾക്ക്, ഒരുമിച്ചു പ്രവർത്തിച്ചുകൊണ്ട് തങ്ങൾക്ക് യുക്തമെന്നു തോന്നുന്നുവെങ്കിലും തോന്നുന്നപ്രകാരവും—

(ക) ഏതെങ്കിലും കടത്തിനോ അവകാശപ്പെടുന്ന ഏതെങ്കിലും വസ്തുവിനോ ഉള്ള, ഏതെങ്കിലും കാംപോസിഷനോ ഈടോ സ്വീകരിക്കുകയും;

(ഖ) വല്ല കടവും വീട്ടുന്നതിന് വല്ല സമയം അനുവദിക്കുകയും;

(ഗ) ട്രസ്ററ് സംബന്ധിച്ച ഏതെങ്കിലും കടമോ കണക്കോ, അവകാശവാദമോ, സംഗതിയോ, അത് എന്തുതന്നെയായാലും, രാജിയാക്കുകയോ, ഒത്തുതീർക്കുകയോ, ഉപേക്ഷിക്കുകയോ, മാധ്യസ്ഥത്തിന് സമർപ്പിക്കുകയോ, മററുവിധത്തിൽ ഒത്തുതീർക്കുകയോ ചെയ്യുകയും;

(ഘ) അങ്ങനെയുള്ള ഏതെങ്കിലും ആവശ്യങ്ങൾക്കുവേണ്ടി, ഉത്തമ വിശ്വാസപൂർവ്വം തങ്ങൾ ചെയ്യുന്ന ഏതെങ്കിലും കൃത്യത്താലോ സംഗതിയാലോ ഉണ്ടാകുന്ന ഏതെങ്കിലും നഷ്ടത്തിന് ഉത്തരവാദിയാകാതെ തങ്ങൾക്ക് സമീചീനമെന്നു തോന്നുന്ന കരാറുകളിലോ കാ ്വാസിഷനോ ഒത്തുതീർപ്പിനോ ഉള്ള പ്രമാണങ്ങളിലോ, ഒഴിമുറികളിലോ മററ് സംഗതികളിലോ ചേരുകയോ അല്ലെങ്കിൽ അവ നല്കുകയോ ഒപ്പിട്ടു പൂർത്തീകരിക്കുകയോ ചെയ്യുകയോ ചെയ്യുകയും, ചെയ്യാവുന്നതാണ്.

ട്രസ്ററ്പ്രമാണം, അങ്ങനെ വല്ലതുമുണ്ടെങ്കിൽ, ട്രസ്ററുകളും അവയുടെ അധികാരങ്ങളും നടത്താനായി ഏക ട്രസ്ററിയായ ഒരാൾക്കു പ്രാധികാരം നല്കിയിട്ടുള്ളപ്പോൾ, ഒരുമിച്ച് പ്രവർത്തിക്കുന്ന രണ്ടോ അതിലധികമോ ട്രസ്ററികൾക്ക് ഈ വകുപ്പ് നൽകുന്ന അധികാരങ്ങൾ, അങ്ങനെ പ്രവർത്തിക്കുന്ന ഏക ട്രസ്ററിക്ക്, പ്രയോഗിക്കാവുന്നതാണ്.

ഈ വകുപ്പ്, ട്രസ്ററ് പ്രമാണത്തിൽ അങ്ങനെ വല്ലതുമുണ്ടെങ്കിൽ, വിപരീതമായ ഉദ്ദേശ്യം പ്രകടമാക്കിയിട്ടില്ലാത്തപ്പോഴും പ്രകടമാക്കാത്തിടത്തോളവും മാത്രം, ബാധകമാകുന്നതും, പ്രമാണത്തിലെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി, പ്രഭാവമുണ്ടായിരിക്കുന്നതും ആകുന്നു.

ഈ വകുപ്പ് ഈ ആക്ററ് പ്രാബല്യത്തിൽ വന്നതിനുശേഷം സൃഷ്ടിച്ചിട്ടുള്ള ട്രസ്ററുകൾക്കുമാത്രം ബാധകമാകുന്നതാണ്.

44. <u>അധികാരം പല ട്രസ്ററികൾക്കായിരിക്കുകയും അവരിൽ ഒരാൾ അവകാശം ത്യജിക്കുകയോ മരിക്കുകയോ ചെയ്യുകയോ ചെയ്യുമ്പോൾ.</u>—ട്രസ്ററ് വസ്തു കൈകാര്യം ചെയ്യുവാനുള്ള പ്രാധികാരം പല ട്രസ്ററികൾക്കായി നല്കപ്പെടുകയും അവരിൽ ഒരാൾ അവകാശം ത്യജിക്കുകയോ മരിക്കുകയോ ചെയ്യുകയും ചെയ്യുമ്പോൾ, ട്രസ്ററ് പ്രമാണത്തിലെ നിബന്ധനകളിൽനിന്ന് ആ പ്രാധികാരം ബാക്കിയുള്ള ട്രസ്ററികളുടെ എണ്ണത്തേക്കാൾ കൂടുതൽ ട്രസ്ററികളാൽ പ്രയോഗിക്കേണ്ടതാണെന്ന് പ്രത്യക്ഷമായിരിക്കാത്ത പക്ഷം, തുടരുന്ന ട്രസ്ററികൾക്ക് ആ പ്രാധികാരം പ്രയോഗിക്കാവുന്നതാണ്.

45. <u>ട്രസ്ററിയുടെ അധികാരങ്ങൾ വിധിവഴി നിറുത്തിവയ്ക്കുന്നത്.</u>—ഒരു ട്രസ്ററ് നടപ്പാക്കാനുള്ള വ്യവഹാരത്തിൽ വിധി പാസ്സാക്കിയിട്ടുള്ളിടത്ത്, ട്രസ്ററി അങ്ങനെയുള്ള വിധി അനുസരിച്ചോ, വിധി പാസ്സാക്കിയ കോടതിയുടേയോ വിധിക്കെതിരായി അപ്പീൽ നിലവിലുള്ളിടത്ത് അപ്പീൽ കോടതിയുടേയോ അനുമതിയോടുകൂടിയോ അല്ലാതെ, തന്റെ അധികാരങ്ങൾ ഒന്നും പ്രയോഗിക്കരുത്.

## അദ്ധ്യായം V

## ട്രസ്ററികളുടെ അവശതകളെക്കുറിച്ച്

46. <u>പ്രതിഗ്രഹണത്തിനു ശേഷം ട്രസ്ററിക്കു നിരസിക്കാവുന്നതല്ല.</u>—ട്രസ്ററ് പ്രതിഗ്രഹിച്ചിട്ടുള്ള ഒരു ട്രസ്ററിക്ക്, അത് (ക) ആദ്യാധികാരിതയുള്ള ഒരു പ്രിൻസിപ്പൽ സിവിൽ കോടതിയുടെ അനുവാദത്തോടുകൂടിയോ,

അല്ലെങ്കിൽ (ഖ) ഗുണാനുഭോക്താവ് കാൺട്രാക്റ്റ് ചെയ്യാൻ ക്ഷമതയുള്ളവനാണെങ്കിൽ, അയാളുടെ സമ്മതത്തോടുകൂടിയോ, അല്ലെങ്കിൽ (ഗ) ട്രസ്റ്റ് പ്രമാണത്തിലെ ഒരു പ്രത്യേക അധികാരത്തിന്റെ ബലത്തിലോ, അല്ലാതെ പിന്നീട് നിരസിക്കാവുന്നതല്ല.

47. ട്രസ്റ്റിക്ക് പ്രത്യായോജനം ചെയ്യാവുന്നതല്ല.—ഒരു ട്രസ്റ്റിക്ക് തന്റെ സ്ഥാനമോ തന്റെ കർത്തവ്യങ്ങളിൽ ഏതെങ്കിലുമോ, (ക) ട്രസ്റ്റ് പ്രമാണം വ്യവസ്ഥ ചെയ്തിരിക്കുകയോ, (ഖ) പ്രത്യായോജനം ബിസിനസ്സിന്റെ മുറപ്രകാരമുള്ള ഗതിയിലുള്ളതായിരിക്കുകയോ, (ഗ) പ്രത്യായോജനം ആവശ്യകമായിട്ടുള്ളതായിരിക്കുകയോ, (ഘ) ഗുണാനുഭോക്താവ്, കാൺട്രാക്റ്റ് ചെയ്യാൻ ക്ഷമതയുള്ളവനായിരിക്കെ, പ്രത്യായോജനത്തിന് സമ്മതിക്കുകയോ, ചെയ്യാത്തപക്ഷം, ഒരു സഹട്രസ്റ്റിക്കോ അന്യനോ പ്രത്യായോജനം ചെയ്യാവുന്നതല്ല.

വിശദീകരണം.—വെറും മിനിസ്റ്റീരിയൽ ആയതും സ്വതന്ത്രമായി സ്വവിവേകം ഉപയോഗിക്കുന്നത് ഉൾക്കൊള്ളാത്തതുമായ ഒരു കൃത്യംചെയ്യുവാൻ ഒരു അററാർണിയേയോ പ്രാക്സിയേയോ നിയമിക്കുന്നത് ഈ വകുപ്പിന്റെ അർത്ഥത്തിൽ പ്രത്യായോജനം അല്ല.

### ദൃഷ്ടാന്തങ്ങൾ

(ക) ക, ഖ യ്ക്കും, ഗ യ്ക്കും ഒരു വസ്തു, അവരോ അല്ലെങ്കിൽ അവരിൽ അതിജീവിക്കുന്ന ആളോ, അതിജീവിക്കുന്ന ആളുടെ അവകാശം സിദ്ധിക്കുന്നവരോ നടപ്പാക്കേണ്ട ചില ട്രസ്റ്റുകളിൻമേൽ മരണശാസനം വഴി നല്കുന്നു. ഖ മരിക്കുന്നു. ഗ യ്ക്ക് ആ ട്രസ്റ്റ്‌വസ്തു ഘ യ്ക്കും ങ യ്ക്കും ഖ യുടെ മരണശാസനത്തിലെ ട്രസ്റ്റുകളിൻമേൽ മരണശാസനം വഴി നല്കാവുന്നതാണ്.

(ഖ) ക, ഒരു വസ്തുവിന്റെ, വില്ക്കാനുള്ള അധികാരത്തോടുകൂടിയ ട്രസ്റ്റിയാണ്. ക യ്ക്ക് ആ വില്പന നടത്തുന്നതിന് ഒരു ലേലക്കാരനെ നിയോജിക്കാവുന്നതാണ്.

(ഗ) പ്രതിമാസവാടകയ്ക്കു കൊടുത്തിട്ടുള്ള 50 വീടുകൾ, വാടക പിരിക്കുന്നതിനും അതു ഗ യ്ക്കു കൊടുക്കുന്നതിനും ഉള്ള ട്രസ്റ്റായി ക, ഖ യ്ക്ക് മരണശാസനംവഴി നല്കുന്നു. ഖ യ്ക്ക് വാടക പിരിക്കുന്നതിന് തക്കതായ ഒരാളെ നിയോജിക്കാവുന്നതാണ്.

48. സഹട്രസ്റ്റിക്ക് തനിയെ പ്രവർത്തിക്കാവുന്നതല്ല.—ഒന്നിൽകൂടുതൽ ട്രസ്റ്റികൾ ഉള്ളിടത്ത്, ട്രസ്റ്റ് പ്രമാണം മററുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളിടത്തൊഴികെ, ട്രസ്റ്റു നടപ്പാക്കുന്നതിൽ എല്ലാവരും ചേരണം.

49. വിവേകം ഉപയോഗിക്കാനുള്ള അധികാരത്തിന്റെ നിയന്ത്രണം.—വിവേകം ഉപയോഗിക്കാൻ ഒരു ട്രസ്റ്റിക്കു നല്കിയിട്ടുള്ള അധികാരം ന്യായമായും ഉത്തമവിശ്വാസപൂർവ്വവും പ്രയോഗിക്കുന്നിടത്ത്, അങ്ങനെയുള്ള അധികാരം ആദ്യാധികാരിതയുള്ള ഒരു പ്രിൻസിപ്പൽ സിവിൽ കോടതിക്കു നിയന്ത്രിക്കാവുന്നതാണ്.

15



50. സേവനങ്ങൾക്ക് ട്രസ്ററിക്കു വേതനം ചോദിക്കാവുന്നതല്ല.—ട്രസ്ററുപ്രമാണത്തിൽ അടങ്ങിയ പ്രകടമായ വിപരീത നിദേശങ്ങളുടേയോ അല്ലെങ്കിൽ ട്രസ്ററ് പ്രതിഗ്രഹിക്കുന്ന സമയത്ത് ഗുണാനുഭോക്താവുമായോ കോടതിയുമായോ ഏർപ്പെട്ടിട്ടുള്ള വിപരീതമായ കാൺട്രാക്ററിൻേറയോ അഭാവത്തിൽ, ട്രസ്ററ് നടപ്പാക്കുന്നതിലെ തൻെറ ബുദ്ധിമുട്ടിനോ നൈപുണ്യത്തിനോ സമയനഷ്ടത്തിനോ വേതനം കിട്ടാൻ ട്രസ്ററിക്ക് അവകാശമില്ല.

ഈ വകുപ്പിലെ യാതൊന്നും ഏതെങ്കിലും ഔദ്യോഗികട്രസ്ററിക്കോ, അഡ്മിനിസ്ട്രേട്ടർ ജനറൽക്കോ പബ്ലിക് ക്യൂറേററർക്കോ അല്ലെങ്കിൽ അഡ്മിനിസ്ട്രേഷൻ സർട്ടിഫിക്കററുള്ള ആൾക്കോ ബാധകമല്ല.

51. ട്രസ്ററിക്ക് ട്രസ്ററ്വസ്തു സ്വന്തം ലാഭത്തിന് ഉപയോഗിക്കാവുന്നതല്ല.—ട്രസ്ററിക്ക് ട്രസ്ററ്വസ്തു സ്വന്തം ലാഭത്തിനോ ട്രസ്ററുമായി ബന്ധപ്പെടാത്ത മററേതെങ്കിലും ആവശ്യത്തിനോ ഉപയോഗിക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യാവുന്നതല്ല.

52. വില്പനയ്ക്കുള്ള ട്രസ്ററിക്കോ അയാളുടെ ഏജൻറിനോ വാങ്ങാവുന്നതല്ല.—ട്രസ്ററ് വസ്തു വില്ക്കുന്നത് കർത്തവ്യമായിട്ടുള്ള യാതൊരു ട്രസ്ററിക്കും, വില്പനക്കായി അങ്ങനെയുള്ള ട്രസ്ററി നിയോജിച്ചിട്ടുള്ള യാതൊരു ഏജൻറിനും നേരിട്ടോ അല്ലാതേയോ, അതോ അതിലെ ഏതെങ്കിലും അവകാശമോ തനിക്കുവേണ്ടിയോ മൂന്നാമതൊരാൾക്കുള്ള ഏജൻെറന്ന നിലയ്ക്കോ വാങ്ങാവുന്നതല്ല.

53. ട്രസ്ററിക്ക് ഗുണാനുഭോക്താവിൻെറ അവകാശം അനുവാദം കൂടാതെ വാങ്ങാവുന്നതല്ല.—യാതൊരു ട്രസ്ററിയും അടുത്തകാലത്ത് ട്രസ്ററിയെന്ന നില അവസാനിച്ചിട്ടുള്ള യാതൊരാളും, ആദ്യാധികാരിതയുള്ള ഒരു പ്രിൻസിപ്പൽ സിവിൽ കോടതിയുടെ അനുവാദം കൂടാതെ, ട്രസ്ററ് വസ്തുവോ അതിൻെറ ഏതെങ്കിലും ഭാഗമോ വിലയ്ക്കു വാങ്ങുകയോ, അതിൻെറ പണയഗൃഹീതാവോ പാട്ട (വാടക) ക്കാരനോ ആവുകയോ ചെയ്യാവുന്നതല്ല; അങ്ങനെയുള്ള അനുവാദം, നിർദ്ദേശിക്കപ്പെട്ട ക്രയമോ പണയമോ, പാട്ടത്തിന് (വാടകയ്ക്ക്) ഉള്ള ഏർപ്പാടോ ഗുണാനുഭോക്താവിൻെറ പ്രത്യക്ഷമായ പ്രയോജനത്തിനല്ലാത്തപക്ഷം, അങ്ങനെയുള്ള അനുവാദം നല്കാൻ പാടില്ലാത്തതും ആകുന്നു.

ക്രയത്തിനുള്ള ട്രസ്ററി.—കൂടാതെ ഗുണാനുഭോക്താവിനുവേണ്ടി ഒരു പ്രത്യേക വസ്തു വിലയ്ക്കു വാങ്ങുകയോ അതിൻെറ പണയമോ പാട്ടത്തിന് (വാടകയ്ക്ക്) ഉള്ള ഏർപ്പാടോ നേടുകയോ ചെയ്യുന്നത് കർത്തവ്യമായിട്ടുള്ള യാതൊരു ട്രസ്ററിക്കും, അതോ അതിൻെറ ഏതെങ്കിലും ഭാഗമോ തനിക്കായി വിലയ്ക്കു വാങ്ങുകയോ അതിൻേറയോ അതിൻെറ ഏതെങ്കിലും ഭാഗത്തിൻേറയോ പണയമോ പാട്ടത്തിന് (വാടകയ്ക്ക്) ഉള്ള ഏർപ്പാടോ തനിക്കായി നേടുകയോ ചെയ്യാവുന്നതല്ല.

54. സഹട്രസ്ററികൾക്ക് തങ്ങളിൽതന്നെ ഒരാൾക്ക് കടം കൊടുക്കാവുന്നതല്ല.—ട്രസ്ററ്പണം, പണയത്തിൻമേലോ സ്വന്തം ഈടിൻമേലോ മുടക്കുന്നത് കർത്തവ്യമായിട്ടുള്ള ഒരു ട്രസ്ററിയോ സഹട്രസ്ററിയോ അതു തൻേറയോ തൻെറ സഹട്രസ്ററികളിൽ ഒരാളുടേയോ പണയത്തിൻമേലോ സ്വന്തം ഈടിൻമേലോ മുടക്കരുത്.

## അദ്ധ്യായം VI

## ഗുണാനുഭോക്താവിൻെറ അവകാശങ്ങളേയും ബാദ്ധ്യതകളേയും കുറിച്ച്

55. പാട്ടത്തിനും (വാടകയ്ക്കും) ആദായത്തിനുമുള്ള അവകാശം.—ഒരു ട്രസ്ററ് പ്രമാണത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഗുണാനുഭോക്താവിന് ട്രസ്ററ്വസ്തുവിൽനിന്നുള്ള പാട്ടത്തിനും (വാടകയ്ക്കും) ആദായങ്ങൾക്കും അവകാശമുണ്ടായിരിക്കുന്നതാണ്.

56. വിനിർദ്ദിഷ്ടമാംവണ്ണംതന്നെയുള്ള നടപ്പാക്കലിനുള്ള അവകാശം.—ട്രസ്ററ്കർത്താവിൻെറ ഉദ്ദേശ്യം ഗുണാനുഭോക്താവിൻെറ അവകാശത്തിൻെറ വ്യാപ്തിയോളം വിനിർദ്ദിഷ്ടമാംവണ്ണംതന്നെ നടപ്പാക്കി കിട്ടുന്നതിന് ഗുണാനുഭോക്താവിന് അവകാശമുണ്ട്.

കൈവശം കൈമാററം കിട്ടുവാനുള്ള അവകാശം.—ഏക ഗുണാനുഭോക്താവ് മാത്രം ഉണ്ടായിരിക്കുകയും അയാൾ കാൺട്രാക്ററ് ചെയ്യുവാൻ ക്ഷമതയുള്ളവനായിരിക്കുകയും ചെയ്യുന്നിടത്തോ, പല ഗുണാനുഭോക്താക്കാം ഉണ്ടായിരിക്കുകയും അവർ കാൺട്രാക്ററ് ചെയ്യുവാൻ ക്ഷമതയുള്ളവരും അവരെല്ലാം ഒരേ മനസ്സുള്ളവരായിരിക്കുകയുംചെയ്യുന്നിടത്തോ, അയാൾക്കോ അവർക്കോ ട്രസ്ററ്വസ്തു തനിക്കോ തങ്ങൾക്കോ അല്ലെങ്കിൽ താനോ തങ്ങളോ നിദേശിക്കുന്ന ആൾക്കോ കൈമാററം ചെയ്യുവാൻ ട്രസ്ററിയോട് ആവശ്യപ്പെടാവുന്നതും ആണ്.

വസ്തു, വിവാഹിതയായ ഒരു സ്ത്രീയുടെ ഗുണത്തിനായി, അവൾക്ക് തൻെറ ഗുണാനുഭവാവകാശം സ്വയം ഇല്ലാതാക്കാനുള്ള അധികാരം ഇല്ലാത്തവിധം, കൈമാററം ചെയ്യപ്പെടുകയോ, മരണശാസനംവഴി നല്കപ്പെടുകയോ ചെയ്യുമ്പോൾ, ഈ വകുപ്പിലെ രണ്ടാം ഖണ്ഡത്തിലെ യാതൊന്നും അങ്ങനെയുള്ള വസ്തുവിന് അവളുടെ വിവാഹം നിലവിലുള്ള കാലത്തു ബാധകമാകുന്നതല്ല.

### ദൃഷ്ടാന്തങ്ങൾ

(ക) ഗവൺമെൻറ് ഈടുപത്രങ്ങൾ കയ്ക്ക് 24 വയസ്സ് എത്തുന്നതുവരെ പലിശ ഈട്ടം കൂട്ടുവാനും പിന്നീട് മൊത്തം തുക അയാൾക്ക് കൈമാററം ചെയ്യുവാനും ഉള്ള ട്രസ്ററായി ട്രസ്ററികൾക്കു നല്കുന്നു. കയ്ക്ക്, താൻ മേജറാകുമ്പോൾ ട്രസ്ററ് വസ്തു അതിൻെറ അനന്യാവകാശിയെന്ന നിലയിൽ തനിക്കു ഉടനെ കൈമാററം ചെയ്യുവാൻ ട്രസ്ററികളോട് ആവശ്യപ്പെടാവുന്നതാണ്.

(ഖ) ക, മേജറായിക്കഴിഞ്ഞവനും മററുവിധത്തിൽ കാൺട്രാക്ററ് ചെയ്യുവാൻ ക്ഷമതയുള്ളവനുമായ ഖ യ്ക്ക് ഒരു വർഷാശനം വാങ്ങുന്നതിനുള്ള ട്രസ്ററായി 10,000 രൂപാ ട്രസ്ററികൾക്ക് മരണശാസനം വഴി നല്കുന്നു. ഖ യ്ക്ക് ആ 10,000 രൂപ അവകാശപ്പെടാവുന്നതാണ്.

(ഗ) ക, ഒരു വസ്തു ഖ യ്ക്ക് കൈമാററം ചെയ്യുകയും, അത് കാൺട്രാക്ററ് ചെയ്യുവാൻ ക്ഷമതയുള്ള ഗ യുടെ ഗുണത്തിനായി വില്ക്കുകയോ മുടക്കുകയോ ചെയ്യുവാൻ നിദേശിക്കുകയും ചെയ്യുന്നു. ഗ യ്ക്ക് ആ വസ്തു അതിൻെറ ആദ്യ രൂപത്തിൽ തന്നെ എടുക്കാൻ വരിക്കാവുന്നതാണ്.

15



57. ട്രസ്റ്റ്പ്രമാണം, കണക്കുകൾ മുതലായവ, പരിശോധിക്കുവാനും പകർപ്പുകൾ എടുക്കുവാനുമുള്ള അവകാശം.—ട്രസ്റ്റിക്കും അയാളുടെ കീഴിൽ ട്രസ്റ്റിനെപ്പററി നോട്ടീസുണ്ടായിരിക്കെ അവകാശപ്പെടുന്ന എല്ലാവർക്കും എതിരായിടത്തോളം, ട്രസ്റ്റ് പ്രമാണവും, ട്രസ്റ്റ് വസ്തുവിനെമാത്രം സംബന്ധിക്കുന്ന അവകാശ രേഖകളും, ട്രസ്റ്റ് വസ്തുവിന്റെ കണക്കുകളും, അവയ്ക്ക് ഉപോദ്ബലകമായ വൗച്ചറുകളും (വല്ലതുമുണ്ടെങ്കിൽ) ട്രസ്റ്റി തന്റെ കർത്തവ്യം നിർവ്വഹിക്കുന്നതിൽ മാർഗ്ഗദർശനത്തിനായി സമർപ്പിച്ച കേസുകളും, വാങ്ങിയ അഭിപ്രായങ്ങളും, പരിശോധിക്കുന്നതിനും അവയുടെ പകർപ്പുകൾ എടുക്കുന്നതിനും ഗുണാനുഭോക്താവിന് അവകാശമുണ്ട്.

58. ഗുണാനുഭോഗാവകാശം കൈമാററം ചെയ്യാനുള്ള അവകാശം.—ഗുണാനുഭോക്താവിന്, താൻ കാൺട്രാക്റ്റ് ചെയ്യാൻ ക്ഷമതയുള്ളവനാണെങ്കിൽ, തന്റെ അവകാശം കൈമാററം ചെയ്യാവുന്നതാണ്. എന്നാൽ അത് അങ്ങനെയുള്ള അവകാശം തനിക്ക് വ്യയനം ചെയ്യാവുന്ന പരിതഃസ്ഥിതികളും ചെയ്യാവുന്നതിന്റെ വ്യാപ്തിയും സംബന്ധിച്ച് തത്സമയം പ്രാബല്യത്തിലുള്ള നിയമത്തിനു വിധേയമായിരിക്കണം:

എന്നാൽ വസ്തു വിവാഹിതയായ ഒരു സ്ത്രീയുടെ ഗുണത്തിനായി, അവൾക്ക് തന്റെ ഗുണാനുഭോഗാവകാശം സ്വയം ഇല്ലാതാക്കുവാനുള്ള അധികാരം ഇല്ലാത്തവിധം, കൈമാററം ചെയ്യപ്പെടുകയോ മരണശാസനംവഴി നല്കപ്പെടുകയോ ചെയ്യുമ്പോൾ ഈ വകുപ്പിലെ യാതൊന്നും, അവളുടെ വിവാഹം നിലവിലുള്ള കാലത്ത്, ആ അവകാശം കൈമാററം ചെയ്യാൻ അവൾക്ക് പ്രാധികാരം നല്കുന്നില്ല.

59. ട്രസ്റ്റ് നടപ്പാക്കാൻവേണ്ടി വ്യവഹാരപ്പെടാനുള്ള അവകാശം.—ട്രസ്റ്റിയെ നിയമിച്ചിട്ടില്ലാതിരിക്കുകയോ, അല്ലെങ്കിൽ എല്ലാ ട്രസ്റ്റികളും മരിക്കുകയോ, അവകാശം ത്യജിക്കുകയോ, അല്ലെങ്കിൽ വിമോചിപ്പിക്കപ്പെടുകയോ ചെയ്യുന്നിടത്തോ അല്ലെങ്കിൽ മററതെങ്കിലും കാരണത്താൽ ട്രസ്റ്റി ട്രസ്റ്റ് നടപ്പാക്കുക എന്നത് അപ്രായോഗികമായിരിക്കുകയോ അപ്രായോഗികമാവുകയോ ചെയ്യുന്നിടത്തോ, ഗുണാനുഭോക്താവിന് ട്രസ്റ്റ് നടപ്പാക്കാൻവേണ്ടി വ്യവഹാരം ബോധിപ്പിക്കാവുന്നതും, ട്രസ്റ്റിയേയോ പുതിയ ട്രസ്റ്റിയേയോ നിയമിക്കുന്നതുവരെ സാദ്ധ്യമായിടത്തോളം കോടതി ട്രസ്റ്റ് നടപ്പാക്കേണ്ടതും ആകുന്നു.

60. തക്ക ട്രസ്റ്റികളെ കിട്ടാനുള്ള അവകാശം.—(ട്രസ്റ്റ്പ്രമാണത്തിലെ വ്യവസ്ഥകൾക്കു വിധേയമായി) ഗുണാനുഭോക്താവിന് ട്രസ്റ്റ്വസ്തു തക്ക എണ്ണം വരുന്ന തക്ക ആളുകളാലും തക്ക നിലയിൽ രക്ഷിക്കപ്പെടുകയും, കൈയിൽവയ്ക്കപ്പെടുകയും ഭരിക്കപ്പെടുകയും ചെയ്തു കിട്ടാൻ അവകാശമുണ്ട്.

വിശദീകരണം I:— ഈ വകുപ്പിന്റെ അർത്ഥത്തിൽ താഴെ പറയുന്നവർ തക്ക ആളുകളല്ല:—

വിദേശത്ത് അധിവാസമുള്ള ആൾ: അന്യ ദേശീയ ശത്രു: ഗുണാനുഭോക്താവിന്റെ അവകാശത്തിന് സംഗതമല്ലാത്ത അവകാശങ്ങളുള്ള ആൾ: നിർദ്ധന പരിതഃസ്ഥിതികളിൽ ഉള്ള ആൾ: കൂടാതെ ഗുണാനുഭോക്താവിന്റെ വ്യക്തിനിയമം മററു വിധത്തിൽ അല്ലാത്തപക്ഷം, വിവാഹിതയായ സ്ത്രീയും ശൈശവനും.

വിശദീകരണം II :— ട്രസ്ററ് ഭരണം പണം സ്വീകരിക്കുകയും കൈവശം വയ്ക്കുകയും ചെയ്യുന്നത് ഉൾക്കൊള്ളുന്നതായാൽ ട്രസ്ററിയുടെ എണ്ണം കുറഞ്ഞത് രണ്ടെങ്കിലുമായിരിക്കേണ്ടതാണ്.

## ദൃഷ്ടാന്തങ്ങൾ

(ക) പല ഗുണാനുഭോക്താക്കളിൽ ഒരാളായ ക, ട്രസ്ററിയായ ഖ, ട്രസ്ററ് വസ്തുവിന്റെ ഒരു ഭാഗം ശരിയല്ലാത്തവിധം വ്യയനം ചെയ്തിട്ടുണ്ടെന്നോ അല്ലെങ്കിൽ ഖ, നിർദ്ധന പരിതഃസ്ഥിതികളിൽ ആയിരിക്കുന്നതുകൊണ്ട് ആ വസ്തുവിന് ആപത്തുണ്ടെന്നോ, അല്ലെങ്കിൽ അയാൾ ട്രസ്ററിയായി പ്രവർത്തിക്കുന്നതിന് അസമർത്ഥനാക്കപ്പെട്ടിരിക്കുന്നു എന്നോ തെളിയിക്കുന്നു. ക യ്ക്ക് ട്രസ്ററ് വസ്തുവിന് റിസീവറെ വച്ചു കിട്ടാവുന്നതാണ്.

(ഖ) ക, ചില ആഭരണങ്ങൾ ഗ യ്ക്കുവേണ്ടി ട്രസ്ററായി ഖ യ്ക്ക് മരണശാസനം വഴി നല്കുന്നു. ഖ, ക യുടെ ജീവിതകാലത്തു മരിക്കുന്നു; പിന്നീട് ക മരിക്കുന്നു. തനിക്കുവേണ്ടിയുള്ള ഒരു ട്രസ്ററിക്ക് ആ വസ്തു കൈമാററം ചെയ്തു കിട്ടുവാൻ ഗ യ്ക്ക് അവകാശമുണ്ട്.

(ഗ) ക ഒരു വസ്തു ഖ യ്ക്കുവേണ്ടി ട്രസ്ററായി നാലു ട്രസ്ററികൾക്കു കൈമാററം ചെയ്തു കൊടുക്കുന്നു. ട്രസ്ററികളിൽ മൂന്നുപേർ മരിക്കുന്നു. മരിച്ചുപോയ ട്രസ്ററികളുടെ സ്ഥാനത്ത് മൂന്നു പുതിയ ട്രസ്ററികളെ നിയമിക്കുവാൻ ഖ യ്ക്ക് വ്യവഹാരം ബോധിപ്പിക്കാവുന്നതാണ്.

(ഘ) ക, ഒരു വസ്തു ഖ യ്ക്കുവേണ്ടി ട്രസ്ററായി മൂന്നു ട്രസ്ററികൾക്കു കൈമാററം ചെയ്തുകൊടുക്കുന്നു. എല്ലാ ട്രസ്ററികളും അവകാശം ത്യജിക്കുന്നു. അപ്രകാരം അവകാശം ത്യജിച്ച ട്രസ്ററികളുടെ സ്ഥാനത്ത് മൂന്നു ട്രസ്ററികളെ നിയമിക്കുന്നതിന് ഖ യ്ക്ക് ഒരു വ്യവഹാരം ബോധിപ്പിക്കാവുന്നതാണ്.

(ങ) ഖ യ്ക്കുവേണ്ടിയുള്ള ഒരു ട്രസ്ററിയായ ക പ്രവർത്തിക്കാൻ വിസമ്മതിക്കുകയോ ഇൻഡ്യക്കു പുറത്തു സ്ഥിരമായി താമസിക്കാൻ പോവുകയോ നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ തന്റെ ഉത്തമർണ്ണൻമാരുമായി രാജിയാക്കുകയോ ഒരു സഹട്രസ്ററിയെ ട്രസ്ററു ലംഘനം ചെയ്യുവാൻ അനുവദിക്കുകയോ ചെയ്യുന്നു. ക യെ നീക്കം ചെയ്യുകയും അയാളുടെ സ്ഥാനത്ത് ഒരു പുതിയ ട്രസ്ററിയെ നിയമിക്കുകയും ചെയ്യുന്നതിന് ഖ യ്ക്ക് വ്യവഹാരം ബോധിപ്പിക്കാവുന്നതാണ്.

61. കർത്തവ്യമായ ഏതെങ്കിലും കൃത്യം ചെയ്യാൻ നിർബന്ധിക്കുന്നതിനുള്ള അവകാശം.—ഗുണാനുഭോക്താവിന്, തന്റെ ട്രസ്ററി, ആ നിലയിലുള്ള അയാളുടെ കർത്തവ്യമായ ഏതെങ്കിലും പ്രത്യേക കൃത്യം നിർവ്വഹിക്കുവാൻ നിർബന്ധിക്കപ്പെടുകയും ആലോചനയിലുള്ളതോ സംഭവ്യമായതോ ആയ ഏതെങ്കിലും ട്രസ്ററു ലംഘനം ചെയ്യുന്നതിൽ നിന്ന് അയാൾ തടയപ്പെടുകയും വേണം എന്നതിനുള്ള അവകാശമുണ്ട്.

## ദൃഷ്ടാന്തങ്ങൾ

(ക) ഗ യുടെ ഗുണത്തിനായി പ്രതിമാസം നൂററുരൂപ ഖ യ്ക്കു കൊടുക്കാമെന്ന് ക, ഖ യുമായി കാൺട്രാക്ററ് ചെയ്യുന്നു. അപ്രകാരം കൊടുക്കേണ്ട പണം ഗ യ്ക്കുവേണ്ടി ട്രസ്ററായി വച്ചുകൊള്ളാമെന്നു പ്രഖ്യാപിക്കുന്ന ഒരു എഴുത്തു ഖ എഴുതി ഒപ്പിടുന്നു. ക, തന്റെ കാൺട്രാക്ററ്

അനുസരിച്ചുള്ള പണം കൊടുക്കാതിരിക്കുന്നു. ഗ യ്ക്കു കോൺട്രാക്റ്റിൻമേൽ ഖ യുടെ നാമത്തിൽ വ്യവഹാരപ്പെടാൻ തന്നെ അനുവദിക്കുന്നതിന് ഖ യെ തക്ക നഷ്ടോത്തരവാദത്തിൻമേൽ, നിർബന്ധിക്കാവുന്നതാണ്.

(ഖ) ക ഒരു ഭൂമി വില്ക്കുകയും കിട്ടുന്ന തുക ഖ യ്ക്കും ഗ യ്ക്കും സമമായി കൊടുക്കുകയും ചെയ്യാനുള്ള അധികാരത്തോടുകൂടിയ അതിന്റെ ട്രസ്റ്റിയാണ്. ക ആ ഭൂമി വേണ്ടതുപോലെ ആലോചിക്കാതെ വില്ക്കുവാൻ പോവുകയാണ്. അങ്ങനെ വില്ക്കുന്നതിൽനിന്ന് ക യെ തടയാനുള്ള ഒരു ഇൻജങ്ഷന് ഖ യ്ക്കു തനിക്കും ഗ യ്ക്കും വേണ്ടി വ്യവഹാരപ്പെടാവുന്നതാണ്.

62. <u>ട്രസ്റ്റിയുടെ അന്യായമായ ക്രയം.</u>—ഒരു ട്രസ്റ്റി അന്യായമായി ട്രസ്റ്റ് വസ്തു വാങ്ങിച്ചിട്ടുള്ളടത്ത്, ഗുണാനുഭോക്താവിനു ആ വസ്തു ട്രസ്റ്റിന് വിധേയമാണെന്ന് സ്ഥാപിച്ച് കിട്ടാനോ അല്ലെങ്കിൽ അതു വില്ക്കാതെ ട്രസ്റ്റിയുടെ കൈയിൽതന്നെയിരിക്കുന്നുവെങ്കിൽ ട്രസ്റ്റിയാലും, ട്രസ്റ്റിയിൽനിന്ന് അത് ട്രസ്റ്റിനെപ്പറ്റി നോട്ടീസ്സോടുകൂടി ഏതെങ്കിലും ആൾ വിലയ്ക്കു വാങ്ങിയിട്ടുണ്ടെങ്കിൽ ആ ആളാലും, തിരികെ കൈമാറ്റം ചെയ്തു കിട്ടാനോ ഉള്ള ഒരു അവകാശം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ അങ്ങനെയുള്ള സംഗതിയിൽ ഗുണാനുഭോക്താവ് ട്രസ്റ്റി കൊടുത്ത ക്രയസംഖ്യ പലിശയോടും വസ്തു സംരക്ഷിക്കുന്നതിൽ അയാൾക്ക് ശരിയായി വന്നും നേരിട്ടിട്ടുള്ള മറ്റു ചെലവുകളോടും (അങ്ങനെ വല്ലതുമുണ്ടെങ്കിൽ) കൂടി തിരിയെ കൊടുക്കേണ്ടതാകുന്നു; കൂടാതെ ട്രസ്റ്റിയോ ക്രേതാവോ (ക) വസ്തുവിൽനിന്നുള്ള അറ്റാദായത്തിന് കണക്ക് പറയുകയും, (ഖ) അയാൾക്ക് വസ്തുവിന്റെ യഥാർത്ഥ കൈവശം ഉണ്ടായിരുന്നുവെങ്കിൽ ഒരു കൈവശപ്പാട്ടം (വാടക) ചാർജ് ചെയ്യപ്പെടുകയും, (ഗ) ട്രസ്റ്റിയുടെയോ ക്രേതാവിന്റെയോ കൃത്യങ്ങളാലോ കൃത്യവിലോപങ്ങളാലോ വസ്തു കേട് വന്നുപോയിട്ടുണ്ടെങ്കിൽ ക്രയസംഖ്യയുടെ ആനുപാതികമായ ഒരു ഭാഗം കിഴിവ് ചെയ്യാൻ ഗുണാനുഭോക്താവിനെ അനുവദിക്കുകയും ചെയ്യണം.

ഈ വകുപ്പിലെ യാതൊന്നും—

(ക) വസ്തു ട്രസ്റ്റിനു വിധേയമാണെന്ന് സ്ഥാപിച്ചു കിട്ടുന്നതിനോ തിരിയെ കൈമാറ്റം ചെയ്തു കിട്ടുന്നതിനോ ഉള്ള ഒരു വ്യവഹാരം ബോധിപ്പിക്കുന്നതിനുമുൻപ് ട്രസ്റ്റിയായോ ക്രേതാവായോ ഉത്തമവിശ്വാസപൂർവ്വം കോൺട്രാക്റ്റ് ചെയ്തിട്ടുള്ളവരായ പാട്ടത്തിന് (വാടകയ്ക്ക്) വാങ്ങിയിട്ടുള്ളവരുടേയും മറ്റുള്ളവരുടേയും അവകാശങ്ങൾക്ക് കോട്ടംതട്ടിക്കുകയോ; അല്ലെങ്കിൽ

(ഖ) ഗുണാനുഭോക്താവ് കോൺട്രാക്റ്റ് ചെയ്യാൻ ക്ഷമതയുള്ളവനായിരിക്കെ, ബലാൽക്കരണമോ അനുചിതമായ സ്വാധീനമോ തന്റെ മേൽ പ്രയോഗിക്കപ്പെടാതേയും ട്രസ്റ്റിക്കെതിരായുള്ള തന്റെ അവകാശങ്ങളെപ്പറ്റിയും ആ സംഗതിയിലെ വസ്തുതകളെപ്പറ്റിയും പൂർണ്ണമായ അറിവോടുകൂടിയും ട്രസ്റ്റിക്കുള്ള വില്പന സ്വയം ദൃഢീകരിച്ചിട്ടുള്ളിടത്ത്, അയാൾക്ക്, വസ്തു ട്രസ്റ്റിനു വിധേയമാണെന്ന് സ്ഥാപിച്ചു കിട്ടാനോ തിരിയെ കൈമാറ്റം ചെയ്തു കിട്ടാനോ അവകാശം നല്കുകയോ ചെയ്യുന്നില്ല.

63. <u>ട്രസ്റ്റ് വസ്തു പിൻതുടർന്നു ചെല്ലുന്നത്—മൂന്നാമൻമാരുടെ കൈയിലേക്ക്.</u>—ട്രസ്റ്റിനു അസംഗതമായി മൂന്നാമൻമാരുടെ കൈയിൽ ട്രസ്റ്റ് വസ്തു വരുന്നിടത്ത്, ഗുണാനുഭോക്താവിന് ആ വസ്തു

ട്രസ്റ്റിൽ അടങ്ങിയതാണെന്ന് ഉപചാരികമായി സമ്മതിക്കാൻ അയാൾക്ക് ആവശ്യപ്പെടുകയോ അല്ലെങ്കിൽ അങ്ങനെ അടങ്ങിയതാണെന്ന് സ്ഥാപിച്ചു കിട്ടാൻ വ്യവഹാരം ബോധിപ്പിക്കുകയോ ചെയ്യാവുന്നതാണ്.

അത് എന്തായി മാറ്റപ്പെട്ടുവോ അതിലേക്ക്:—ട്രസ്റ്റി ട്രസ്റ്റ് വസ്തു വ്യയനം ചെയ്യുകയും അതിന് അയാൾക്കു കിട്ടിയിട്ടുള്ള പണമോ മറ്റുവസ്തുവോ അയാളുടെ കൈയിലോ അയാളുടെ നിയമാനുസൃത പ്രതിനിധിയുടേയോ ഒസ്യത്തവകാശിയുടേയോ കൈയിലോ ഉള്ളതായി കണ്ടെത്തുകയും ചെയ്തിട്ടുള്ളിടത്ത്, അതു സംബന്ധിച്ച് ഗുണാനുഭോക്താവിന് ആദ്യത്തെ ട്രസ്റ്റു വസ്തു സംബന്ധിച്ചുള്ള തന്റെ അവകാശങ്ങൾക്ക് ആവുന്നത്ര സമമായ അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

ദൃഷ്ടാന്തങ്ങൾ

(ക) 10,000 രൂപയുടെ, ഖ യ്ക്കുവേണ്ടിയുള്ള ട്രസ്റ്റിയായ ക, ആ 10,0°0 രൂപ ഒരു ഭൂമി വിലയ്ക്കു വാങ്ങുന്നതിന് അന്യായമായി മുടക്കുന്നു. ഖ യ്ക്ക് ആ ഭൂമിക്ക് അവകാശമുണ്ട്.

(ഖ) ഒരു ട്രസ്റ്റിയായ ക, ഭാഗികമായി തന്റെ സ്വന്തം പണവും, ഭാഗികമായി ഖ യ്ക്കു വേണ്ടിയുള്ള ഒരു ട്രസ്റ്റിനു വിധേയമായ പണവും കൊണ്ട് അന്യായമായി തന്റെ സ്വന്തം പേരിൽ ഭൂമി വിലയ്ക്കു വാങ്ങുന്നു. ഖ യ്ക്ക് അപ്രകാരം ദുരുപയോഗപ്പെടുത്തിയ ട്രസ്റ്റ് പണത്തിന്റെ തുകയ്ക്ക് ആ ഭൂമിയുടെ മേൽ ഒരു ചാർജ്ജിന് അവകാശമുണ്ട്.

64. കൈമാറ്റം വാങ്ങുന്ന ചിലരുടെ അവകാശങ്ങൾ ഒഴിവാക്കൽ.—63-ാം വകുപ്പിലെ യാതൊന്നും—

(ക) ക്രയസംഖ്യ കൊടുത്തപ്പോഴോ കൈമാറ്റ പ്രമാണം ഒപ്പിട്ടു പൂർത്തീകരിച്ചപ്പോഴോ ട്രസ്റ്റിനെപ്പറ്റി നോട്ടീസില്ലാതെ ഉത്തമ വിശ്വാസപൂർവ്വം പ്രതിഫലത്തിന് കൈമാറ്റം വാങ്ങിയ ആളുടേയോ; അല്ലെങ്കിൽ

(ഖ) അങ്ങനെ കൈമാറ്റം വാങ്ങിയ ആളിൽനിന്ന് പ്രതിഫലത്തിന് കൈമാറ്റം വാങ്ങിയ ആളുടേയോ;

കൈയിലുള്ള വസ്തു സംബന്ധിച്ച ഏതെങ്കിലും അവകാശത്തിന് ഗുണാനുഭോക്താവിന് അവകാശം നല്കുന്നില്ല.

ട്രസ്റ്റിയുടെ വിധി—ഉത്തമർണ്ണനായി ട്രസ്റ്റ്‌വസ്തു ജപ്തി ചെയ്തു വിലയ്ക്കു വാങ്ങുന്നയാൾ, ഈ വകുപ്പിന്റെ അർത്ഥത്തിൽ പ്രതിഫലത്തിന് കൈമാറ്റം വാങ്ങുന്ന ആളല്ല.

63-ാം വകുപ്പിലെ യാതൊന്നും, പണവും കറൻസി നോട്ടുകളും, കൈമാറാവുന്ന പ്രമാണങ്ങളും, അവയുടെ പ്രചാരണത്തിൽകിട്ടിയ ഉത്തമവിശ്വാസത്തോടുകൂടിയ ധാരകന്മാരുടെ കൈയിലുള്ള ആ പണത്തിനോ കറൻസി നോട്ടുകൾക്കോ കൈമാറാവുന്ന പ്രമാണങ്ങൾക്കോ ബാധകമാവുകയോ, അല്ലെങ്കിൽ ഇൻഡ്യൻ കോൺട്രാക്റ്റ് ആക്റ്റ്, 1872 (1872-ലെ 9)-ലെ 108-ാം വകുപ്പിനേയോ ഒരു കടമോ ചാർജ്ജോ കൈമാറ്റം കിട്ടിയിട്ടുള്ള ആളുടെ ബാദ്ധ്യതയേയോ ബാധിക്കുന്നതായി കരുതപ്പെടുകയോ ചെയ്യുന്നതല്ല.

65. അന്യായമായി മറിക്കപ്പെട്ട ട്രസ്റ്റ് വസ്തു ട്രസ്റ്റി ആർജ്ജിക്കുന്നത്.—ട്രസ്റ്റി, ട്രസ്റ്റ് വസ്തു അന്യായമായിവില്ക്കുകയോ മറ്റു വിധത്തിൽ കൈമാറ്റം ചെയ്യുകയോ ചെയ്യുകയും പിന്നീട് താൻതന്നെ ആ വസ്തു

\15



വിൻെറ ഉടമസ്ഥനായിത്തീരുകയും ചെയ്യുന്നിടത്ത്, ഇടയിൽ പ്രതിഫലത്തിനായി ഉത്തമ വിശ്വാസപൂർവ്വം കൈമാററം കിട്ടിയവർക്ക് നോട്ടീസിൻെറ അഭാവം വല്ലതും ഉണ്ടായാൽപോലും, വസ്തു വീണ്ടും ട്രസ്ററിനു വിധേയമായിത്തീരുന്നു.

66. കൂട്ടിക്കലർത്തിയ വസ്തുവിൻെറ സംഗതിയിലുള്ള അവകാശം.—ട്രസ്ററി അന്യായമായി ട്രസ്ററ് വസ്തു തൻേറതുമായി കൂട്ടിക്കലർത്തുന്നിടത്ത്, ഗുണാനുഭോക്താവിന് തനിക്കു കിട്ടേണ്ട തുകയ്ക്ക് ആ മുഴുവൻ ഫണ്ടിൻമേലും ഒരു ചാർജ്ജിന് അവകാശമുണ്ട്.

67. പങ്കാളിയായ ട്രസ്ററി ട്രസ്ററ് പങ്കാളിത്ത ആവശ്യങ്ങൾക്ക് അന്യായമായി നിയോജിക്കുന്നത്.—ഒരു പങ്കാളി ഒരു ട്രസ്ററിയായിരിക്കേ പങ്കാളിത്തത്തിൻെറ ബിസിനസ്സിലോ പങ്കാളിത്തത്തിനു വേണ്ടിയോ ട്രസ്ററു വസ്തു അന്യായമായി നിയോജിക്കുന്നുവെങ്കിൽ മറെറാരു പങ്കാളിക്കും, അയാൾക്കു ട്രസ്ററു ലംഘനത്തെപ്പററി നോട്ടീസ് ഉണ്ടായിരുന്നിട്ടില്ലാത്ത പക്ഷം, അതിന് അയാളുടെ സ്വന്തം നിലയിൽ ഗുണാനുഭോക്താവിനോട് ബാദ്ധ്യതയില്ല.

അങ്ങനെയുള്ള നോട്ടീസ്സുള്ള പങ്കാളികൾക്കു ട്രസ്ററ് ലംഘനത്തിൽ കൂട്ടായും വെവ്വേറെയായും ഉള്ള ബാദ്ധ്യതയുണ്ട്.

## ദൃഷ്ടാന്തങ്ങൾ

(ക) ക യും ഖ യും പങ്കാളികളാണ്. ക തൻെറ സ്വത്തുമുഴുവൻ യ യ്ക്കുവേണ്ടി ട്രസ്ററായി ഖ യ്ക്കു മരണശാസനംവഴി നല്കുകയും ഖ യെ തൻെറ ഏക എക്സിക്യൂട്ടറായി നിയമിക്കുകയും ചെയ്തുകൊണ്ട് മരിക്കുന്നു. ഖ പങ്കാളിത്തത്തിൻെറ കാര്യങ്ങൾ സമാപിപ്പിക്കുന്നതിനു പകരം ആസ്തികളെല്ലാം ആ ബിസിനസ്സിൽത്തന്നെ വച്ചുപോരുന്നു. മൂലധനത്തിലുള്ള ക യുടെ ഓഹരിയിൽനിന്നു സിദ്ധിച്ചിടത്തോളം ആദായത്തിന് പങ്കാളി എന്ന നിലയിൽ കണക്ക് പറയാൻ ഖ യെ യ യ്ക്ക് നിർബന്ധിക്കാവുന്നതാണ്. ക യുടെ ആസ്തികൾ ശരിയാംവണ്ണമല്ലാതെ നിയോജിച്ചതിന് യ യോട് ഖ ഉത്തരവാദിയുമാണ്.

(ഖ) ഒരു കച്ചവടക്കാരനായ ക, തൻെറ വസ്തു ഗ യ്ക്കുവേണ്ടി ട്രസ്ററായി ഖ യ്ക്ക് മരണശാസനംവഴി നല്കുകയും, ഖ യെ തൻെറ ഏക എക്സിക്യൂട്ടറായി നിയമിക്കുകയും ചെയ്തു മരിക്കുന്നു. ഖ അതേ കച്ചവടത്തിൽ ഭ യും മ യും ആയി പങ്കാളിത്തത്തിൽ ഏർപ്പെടുകയും ആ പങ്കാളിത്ത ബിസിനസ്സിൽ ക യുടെ ആസ്തികൾ നിയോജിക്കുകയും ചെയ്യുന്നു. ഗ യുടെ അവകാശവാദങ്ങൾക്കെതിരായി ഖ ഭ യ്ക്കും മ യ്ക്കും നഷ്ടോത്തരവാദം നല്കുന്നു. ഇവിടെ ഖ ചെയ്ത ട്രസ്ററുലംഘനത്തിൽ അറിഞ്ഞുകൊണ്ട് കക്ഷികൾആയി എന്നതിനാൽ ഭ യ്ക്കും മ യ്ക്കും ഖ യോടൊപ്പം ഗ യോട് കൂട്ടായ ബാദ്ധ്യതയുണ്ട്,

68. ട്രസ്ററ് ലംഘനത്തിൽ ചേരുന്ന ഗുണാനുഭോക്താവിൻെറ ബാദ്ധ്യത.—പല ഗുണാനുഭോക്താക്കളിൽ ഒരാൾ—

(ക) ട്രസ്ററ് ലംഘനം ചെയ്യുന്നതിൽ ചേരുകയോ; അല്ലെങ്കിൽ

(ഖ) മററു ഗുണാനുഭോക്താക്കളുടെ സമ്മതം കൂടാതെ അതിൽനിന്ന് അറിഞ്ഞുകൊണ്ട് എന്തെങ്കിലും പ്രയോജനം നേടുകയോ; അല്ലെങ്കിൽ

(ഗ) ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കപ്പെട്ടതോ ആയ ഒരു ട്രസ്ററ് ലംഘനം അറിവിൽപ്പെടുകയും, അതു യഥാർത്ഥത്തിൽ മറച്ചു വയ്ക്കുകയോ അല്ലെങ്കിൽ മററു ഗുണാനുഭോക്താക്കളുടെ അവകാശങ്ങൾ രക്ഷിക്കുന്നതിനു വേണ്ടി തക്ക നടപടികൾ ന്യായമായ സമയത്തിനുള്ളിൽ എടുക്കാതിരിക്കുകയോ ചെയ്യുകയും ചെയ്യുകയോ; അല്ലെങ്കിൽ

(ഘ) ട്രസ്ററിയെ കബളിപ്പിക്കുകയും അതുവഴി ഒരു ട്രസ്ററ് ലംഘനം ചെയ്യാൻ അയാളെ പ്രേരിപ്പിച്ച് അതിനിടയാക്കുകയും ചെയ്തിരിക്കുകയോ;

ചെയ്യുന്നിടത്ത്, അയാൾക്കും അയാളുടെ കീഴിൽ അവകാശപ്പെടുന്ന (ലംഘനത്തെപ്പററി നോട്ടീസില്ലാതെ പ്രതിഫലത്തിന് കൈമാററം വാങ്ങിയ ആളുകൾ അല്ലാത്ത) എല്ലാവർക്കും എതിരായി ലംഘനത്താലുണ്ടായ നഷ്ടം പരിഹരിക്കുന്നതുവരെ അയാളുടെ എല്ലാ ഗുണാനുഭവാവകാശങ്ങളും ബദ്ധമാക്കി കിട്ടുന്നതിന് മററുള്ള ഗുണാനുഭോക്താക്കൾക്ക് അവകാശമുണ്ട്.

വസ്തു, വിവാഹിതയായ ഒരു സ്ത്രീയുടെ ഗുണത്തിനായി അവൾക്ക് തന്റെ ഗുണാനുഭവാവകാശം സ്വയം ഇല്ലാതാക്കാനുള്ള അധികാരം ഇല്ലാത്തവിധം കൈമാററം ചെയ്യപ്പെടുകയോ മരണശാസനംവഴി നല്കപ്പെടുകയോ ചെയ്യുമ്പോൾ ഈ വകുപ്പിലെ യാതൊന്നും അവളുടെ വിവാഹം നിലവിലുള്ള കാലത്ത് അങ്ങനെയുള്ള വസ്തുവിന് ബാധകമായിരിക്കുന്നതല്ല.

69. ഗുണാനുഭോക്താവിൽ നിന്ന് കൈമാററം വാങ്ങിയ പ്രമാണങ്ങളുടെ അവകാശങ്ങളും ബാദ്ധ്യതകളും.—ഒരു ഗുണാനുഭോക്താവ് തന്റെ അവകാശം കൈമാററം ചെയ്തു കൊടുക്കുന്ന ഏതൊരാൾക്കും, കൈമാററം ചെയ്ത തീയതിക്ക് അങ്ങനെയുള്ള അവകാശം സംബന്ധിച്ച് ആ ഗുണാനുഭോക്താവിന് ഉണ്ടായിരുന്ന എല്ലാ അവകാശങ്ങളും ഉണ്ടായിരിക്കുന്നതും, ബാദ്ധ്യതകൾക്ക് അയാൾ വിധേയനായിരിക്കുന്നതുമാണ്.

## അദ്ധ്യായം VII

## ട്രസ്ററിയുടെ ഉദ്യോഗം ഒഴിവാക്കുന്നതിനെക്കുറിച്ച്

70. ഉദ്യോഗം ഒഴിവാകുന്നതങ്ങനെയെന്ന്.—ട്രസ്ററിയുടെ ഉദ്യോഗം അയാളുടെ മരണത്താലോ ഉദ്യോഗത്തിൽനിന്നുള്ള അയാളുടെ വിമോചനത്താലോ ഒഴിവാകുന്നു.

71. ട്രസ്ററിയുടെ വിമോചനം.—ഒരു ട്രസ്ററി താഴെപ്പറയും പ്രകാരം മാത്രമേ തന്റെ ഉദ്യോഗത്തിൽനിന്ന് വിമോചിക്കപ്പെടാവൂ—

(ക) ട്രസ്ററ് ഇല്ലാതാകുന്നതിനാൽ;

(ഖ) ട്രസ്ററ് സംബന്ധിച്ചുള്ള തന്റെ കർത്തവ്യങ്ങൾ പൂർത്തിയാകുന്നതിനാൽ;

(ഗ) ട്രസ്ററ് പ്രമാണം നിർണ്ണയിച്ചിരിക്കാവുന്ന മാർഗ്ഗങ്ങളാൽ;

(ഘ) ഈ ആക്ററിൻകീഴിൽ തന്റെ സ്ഥാനത്തു ഒരു പുതിയ ട്രസ്ററി നിയമിക്കപ്പെടുന്നതിനാൽ;

(ങ) തന്റേയും ഗുണാനുഭോക്താവിന്റേയും, അല്ലെങ്കിൽ ഒന്നിലധികം ഗുണാനുഭോക്താക്കൾ ഉണ്ടായിരിക്കുകയും അവർ എല്ലാം കരാർട്രാക്ററു ചെയ്യാൻ ക്ഷമതയുള്ളവരായിരിക്കുകയും ചെയ്യുന്നിടത്ത്, തന്റേയും അവരുടെയും സമ്മതത്താൽ; അല്ലെങ്കിൽ

(ഛ) ഈ ആക്റ്റിൻകീഴിൽ തന്റെ വിമോചനത്തിന് ഒരു ഹർജി ബോധിപ്പിക്കപ്പെടുന്ന കോടതിയാൽ.

72. ട്രസ്റ്റിൽനിന്ന് വിമോചിപ്പിക്കപ്പെടുന്നതിനുള്ള ഹർജി.—11-ാം വകുപ്പിലെ വ്യവസ്ഥകൾ എന്തുതന്നെ ആയിരുന്നാലും, ഏതൊരു ട്രസ്റ്റിക്കും തന്റെ ഉദ്യോഗത്തിൽനിന്നു വിമോചിപ്പിക്കപ്പെടുന്നതിന്, ആദ്യാധികാരിതയുള്ള ഒരു പ്രിൻസിപ്പൽ സിവിൽ കോടതിയോട് ഹർജി വഴി അപേക്ഷിക്കാവുന്നതാണ്; അങ്ങനെയുള്ള വിമോചനത്തിന് മതിയായ കാരണമുണ്ടെന്ന് കോടതി കാണുന്നുവെങ്കിൽ, അയാളെ അതനുസരിച്ച് കോടതിക്ക് വിമോചിപ്പിക്കാവുന്നതും, അയാളുടെ കോടതിച്ചെലവ് ട്രസ്റ്റ് വസ്തുവിൽനിന്നു കൊടുക്കുവാൻ നിദേശിക്കാവുന്നതുമാണ്. എന്നാൽ അങ്ങനെയുള്ള കാരണം ഇല്ലാത്തിടത്ത്, അയാളുടെ സ്ഥാനത്തേക്കു തക്ക ഒരാളെ കണ്ടെത്താൻ സാധിക്കാത്തപക്ഷം, കോടതി അയാളെ വിമോചിപ്പിക്കാൻ പാടുള്ളതല്ല.

73. മരണം മുതലായ സംഗതിയിൽ പുതിയ ട്രസ്റ്റികളുടെ നിയമനം.—ട്രസ്റ്റി ആയി നിയമിക്കപ്പെട്ട ഒരാൾ, അവകാശം ത്യജിക്കുകയോ, അല്ലെങ്കിൽ ആദ്യത്തേതോ പകരം വച്ചതോ ആയ ഏതെങ്കിലും ട്രസ്റ്റി മരിക്കുകയോ, തുടർച്ചയായി ആറുമാസക്കാലത്തേക്ക് ഇൻഡ്യയിൽ ഇല്ലാതിരിക്കുകയോ, വിദേശത്ത് താമസിക്കുന്നതിനുവേണ്ടി ഇൻഡ്യ വിട്ടുപോവുകയോ, നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ, ട്രസ്റ്റിൽ നിന്ന് വിമോചിപ്പിക്കപ്പെടാൻ ആഗ്രഹിക്കുകയോ ട്രസ്റ്റിൽ പ്രവർത്തിക്കാൻ വിസമ്മതിക്കുകയോ ആദ്യാധികാരിതയുള്ള ഒരു പ്രിൻസിപ്പൽ സിവിൽകോടതിയുടെ അഭിപ്രായത്തിൽ, അയോഗ്യനോ സ്വന്തം നിലയിൽ കഴിവില്ലാത്തവനോ ആയ ത്തീരുകയോ, അസംഗതമായ ഒരു ട്രസ്റ്റ് പ്രതിഗ്രഹിക്കുകയോ ചെയ്യുമ്പോഴെല്ലാം അയാളുടെ സ്ഥാനത്തേക്ക് ഒരു പുതിയ ട്രസ്റ്റിയെ—

(ക) ട്രസ്റ്റ് പ്രമാണം അതിനുവേണ്ടി നാമനിർദ്ദേശം ചെയ്തിട്ടുള്ള ആൾക്കോ (ആരെങ്കിലുമുണ്ടെങ്കിൽ); അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ആളോ പ്രവർത്തിക്കുവാൻ കഴിവും സമ്മതവും ഉള്ള ആളോ ഇല്ലെങ്കിൽ, ട്രസ്റ്റ് കർത്താവ് ജീവനോടിരിക്കുകയും കാൺട്രാക്റ്റ് ചെയ്യാൻ ക്ഷമതയുള്ളവനായിരിക്കുകയും ചെയ്യുന്നുവെങ്കിൽ അയാൾക്കോ അല്ലെങ്കിൽ ആ സമയത്ത് അതിജീവിക്കുകയോ തുടരുകയോ ചെയ്യുന്ന ട്രസ്റ്റികൾക്കോ ട്രസ്റ്റിക്കോ അല്ലെങ്കിൽ ഒടുവിൽ അതിജീവിക്കുകയും തുടരുകയും ചെയ്യുന്ന ട്രസ്റ്റിയുടെ നിയമാനുസൃത പ്രതിനിധിക്കോ, അല്ലെങ്കിൽ ട്രസ്റ്റികൾ എല്ലാവരും ഒരുമിച്ച് ഉദ്യോഗത്തിൽ നിന്നു വിരമിക്കുന്നുവെങ്കിൽ (കോടതിയുടെ സമ്മതത്തോടുകൂടി) അല്ലെങ്കിൽ (അതുപോലുള്ള സമ്മതത്തോടുകൂടി) അവർക്കോ, വിരമിക്കുന്ന ട്രസ്റ്റിയ്ക്കോ, ഒടുവിൽ ഉദ്യോഗത്തിൽനിന്നു

നിയമിക്കാവുന്നതാണ്.

അങ്ങനെയുള്ള ഏതൊരു നിയമനവും രേഖാമൂലവും അതു നടത്തുന്ന ആളുടെ കൈയ്യൊപ്പോടുകൂടിയതും ആയിരിക്കേണ്ടതാണ്.

പുതിയ ട്രസ്റ്റിയെ നിയമിക്കുന്നതോടെ ട്രസ്റ്റികളുടെ എണ്ണം വർദ്ധിക്കാവുന്നതാണ്.

ഒരു ട്രസ്റ്റിയെ മാത്രം നിയമിക്കേണ്ടതായിരിക്കുകയും ആ ട്രസ്റ്റി ഏക ട്രസ്റ്റിയാകേണ്ടിയിരിക്കുകയും ചെയ്യുന്ന സംഗതിയിൽ, അഫിഷ്യൽ ട്രസ്റ്റിയെ അയാളുടെ സമ്മതത്തോടുകൂടിയും കോടതിയുടെ ഉത്തരവുപ്രകാരവും ഈ വകുപ്പിൻകീഴിൽ നിയമിക്കാവുന്നതാണ്.

മരിച്ചുപോയ ഒരു ട്രസ്റ്റിയെ സംബന്ധിച്ച് ഈ വകുപ്പിലുള്ള വ്യവസ്ഥകൾ ഒരു ഒസ്യത്തിൽ ട്രസ്റ്റിയായി നാമനിർദ്ദേശം ചെയ്യുകയും എന്നാൽ ഒസ്യത്തുകർത്താവിനുമുമ്പ് മരിക്കുകയും ചെയ്ത ഒരാളുടെ സംഗതി ഉൾക്കൊള്ളുന്നതും, ഒരു തുടരുന്ന ട്രസ്റ്റിയെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ, വിസമ്മതിക്കുകയോ ഉദ്യോഗത്തിൽനിന്ന് വിരമിക്കുകയോ ചെയ്യുന്ന ട്രസ്റ്റി ഈ അധികാരം പ്രയോഗിക്കാൻ ഒരുക്കമുള്ളവനാണെങ്കിൽ, അയാളെ ഉൾക്കൊള്ളുന്നതും ആകുന്നു.

74. കോടതിയാലുള്ള നിയമനം.—അങ്ങനെയുള്ള ഏതെങ്കിലും ഒഴിവോ അയോഗ്യതയോ ഉണ്ടാവുകയും 73-ാം വകുപ്പിൻകീഴിൽ ഒരു പുതിയ ട്രസ്റ്റിയെ നിയമിക്കുന്നത് അപ്രായോഗികമാണെന്നു കാണുകയും ചെയ്യുമ്പോഴെല്ലാം, ഗുണാനുഭോക്താവിന് ഒരു വ്യവഹാരം ബോധിപ്പിക്കാതെ ആദ്യാധികാരിതയുള്ള ഒരു പ്രിൻസിപ്പൽ സിവിൽകോടതിയോട് ഒരു ട്രസ്റ്റിയേയോ പുതിയ ട്രസ്റ്റിയേയോ നിയമിക്കുവാൻ ഹർജി വഴി അപേക്ഷിക്കാവുന്നതും, അതനുസരിച്ച് കോടതിക്ക് ഒരു ട്രസ്റ്റിയേയോ പുതിയ ട്രസ്റ്റിയേയോ നിയമിക്കാവുന്നതും ആണ്.

പുതിയ ട്രസ്റ്റികളെ തിരഞ്ഞെടുക്കാനുള്ള ചട്ടം.—പുതിയ ട്രസ്റ്റികളെ തിരഞ്ഞെടുക്കുന്നതിൽ, കോടതി (ക) ട്രസ്റ്റ് പ്രമാണത്തിൽ പ്രകടമാക്കിയിട്ടുള്ളതോ അതിൽനിന്ന് അനുമാനിക്കാവുന്നതോ ആയ ട്രസ്റ്റ് കർത്താവിന്റെ ആഗ്രഹങ്ങളും; (ഖ) പുതിയ ട്രസ്റ്റികളെ നിയമിക്കുവാൻ അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ആൾ ആരെങ്കിലുമുണ്ടെങ്കിൽ അയാളുടെ ആഗ്രഹങ്ങളും; (ഗ) നിയമനം ട്രസ്റ്റ് നടപ്പാക്കുന്നതിനെ പുലർത്തുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുമോ എന്ന പ്രശ്നവും; (ഘ) ഒന്നിലധികം ഗുണാനുഭോക്താക്കൾ ഉള്ളിടത്ത്, അവരുടെയെല്ലാവരുടേയും അവകാശവും, പരിഗണിക്കേണ്ടതാകുന്നു

75. ട്രസ്റ്റ് വസ്തു പുതിയ ട്രസ്റ്റികളിൽ നിക്ഷിപ്തമാകുന്നത്.—73-ാം വകുപ്പിനോ 74-ാം വകുപ്പിനോ കീഴിൽ ഏതെങ്കിലും പുതിയ ട്രസ്റ്റിയെ നിയമിക്കുമ്പോഴെല്ലാം, അതിജീവിക്കുന്നവരോ തുടരുന്നവരോ ആയ ട്രസ്റ്റികളിലോ ട്രസ്റ്റിയിലോ, ഏതെങ്കിലും ട്രസ്റ്റിയുടെ നിയമാനുസൃത പ്രതിനിധിയിലോ തത്സമയം നിക്ഷിപ്തമായിരിക്കുന്ന എല്ലാ ട്രസ്റ്റ് വസ്തുക്കളും അങ്ങനെയുള്ള പുതിയ ട്രസ്റ്റിയിൽ, ആ സംഗതി ആവശ്യപ്പെടുന്നതുപോലെ, തനിച്ചോ അല്ലെങ്കിൽ അതിജീവിക്കുകയോ തുടരുകയോ ചെയ്യുന്ന ട്രസ്റ്റികളോടോ, ട്രസ്റ്റിയോടോ കൂടി കൂട്ടായോ നിക്ഷിപ്തമാകുന്നതാണ്.

പുതിയ ട്രസ്റ്റികളുടെ അധികാരങ്ങൾ.—ഈ ആക്റ്റ് പാസ്സാക്കുന്നതിന് മുമ്പോ പിമ്പോ അപ്രകാരം നിയമിക്കപ്പെടുന്ന ഏതൊരു പുതിയ ട്രസ്റ്റിയ്ക്കും, കോടതി നിയമിക്കുന്ന ഏതൊരു ട്രസ്റ്റിക്കും അയാൾ ട്രസ്റ്റ് കർത്താവിനാൽ ആദ്യംതന്നെ നാമനിർദ്ദേശംചെയ്യപ്പെട്ട ട്രസ്റ്റിയായിരുന്നാലെന്നപോലെയുള്ള അതേ അധികാരങ്ങളും പ്രാധികാരങ്ങളും സ്വവിവേകമുപയോഗിക്കാനുള്ള അധികാരങ്ങളും ഉണ്ടായിരിക്കുന്നതും, എല്ലാ കാര്യങ്ങളിലും അതേപോലെ പ്രവർത്തിക്കേണ്ടതും ആകുന്നു.

76. ട്രസ്റ്റിന്റെ അതിജീവനം.—പല സഹട്രസ്റ്റികളിൽ ഒരാൾ മരിക്കുകയോ വിമോചിക്കപ്പെടുകയോ ചെയ്യുമ്പോൾ ട്രസ്റ്റ് അതിജീവിക്കുകയും, ട്രസ്റ്റ്പ്രമാണം മററുവിധത്തിൽ പ്രകടമായി പ്രഖ്യാപിക്കാത്ത പക്ഷം ട്രസ്റ്റ് വസ്തു മററ് ട്രസ്റ്റികളിലേക്ക് സംക്രമിക്കുകയും ചെയ്യുന്നു.

[redacted]

## അദ്ധ്യായം VIII

## ട്രസ്റ്റുകളുടെ ഇല്ലാതാക്കലിനെക്കുറിച്ച്

77. ട്രസ്റ്റ് ഇല്ലാതാകുന്നത് എങ്ങനെയെന്ന് — (ക) ഒരു ട്രസ്റ്റ്— അതിന്റെ ആവശ്യം പൂർണ്ണമായി നിറവേററപ്പെടുമ്പോൾ ; അല്ലെങ്കിൽ

(ഖ) അതിന്റെ ആവശ്യം നിയമാനുസൃതമല്ലാത്തതാകുമ്പോൾ ; അല്ലെങ്കിൽ

(ഗ) അതിന്റെ ആവശ്യം നിറവേററുന്നത് ട്രസ്റ്റുവസ്തു നശിച്ചു പോകുന്നതുകൊണ്ടോ മററുവിധത്തിലോ അസാദ്ധ്യമായിത്തീരുമ്പോൾ ; അല്ലെങ്കിൽ

(ഘ) ട്രസ്റ്റ് പിൻവലിക്കാവുന്നതായിരിക്കെ, അത് പ്രകടമായി പിൻവലിക്കപ്പെടുമ്പോൾ,

ഇല്ലാതാകുന്നു.

78. ട്രസ്റ്റ് പിൻവലിക്കൽ.—ഒസ്യത്തുവഴി സൃഷ്ടിക്കപ്പെടുന്ന ഒരു ട്രസ്റ്റ്, ഒസ്യത്തു കർത്താവിന്റെ ഇഷ്ടാനുസരണം പിൻവലിക്കപ്പെടാവുന്നതാണ്.

മററു വിധത്തിൽ സൃഷ്ടിക്കപ്പെടുന്ന ഒരു ട്രസ്റ്റ്—

(ക) എല്ലാ ഗുണാനുഭോക്താക്കളും കാൺട്രാക്റ്റ് ചെയ്യാൻ ക്ഷമതയുള്ളവരായിട്ടുള്ളിടത്ത്—അവരുടെ സമ്മതത്താലോ ;

(ഖ) ട്രസ്റ്റ്, ഒസ്യത്തല്ലാത്ത ഒരു പ്രമാണത്താലോ വാക്കാലോ പ്രഖ്യാപിക്കപ്പെട്ടതായിട്ടുള്ളിടത്ത്—ട്രസ്റ്റുകർത്താവിന് പ്രകടമായി നീക്കിവച്ചിട്ടുള്ള പിൻവലിക്കലധികാരം പ്രയോഗിച്ചോ ; അല്ലെങ്കിൽ

(ഗ) ട്രസ്റ്റ്, ട്രസ്റ്റു കർത്താവിന്റെ കടങ്ങൾ വീട്ടുന്നതിലേയ്ക്കു ള്ളതും ഉത്തമർണ്ണൻമാരെ അറിയിച്ചിട്ടില്ലാത്തതുമായിട്ടുള്ളിടത്ത് ട്രസ്റ്റു കർത്താവിന്റെ ഇഷ്ടാനുസരണമോ,

മാത്രമേ പിൻവലിക്കാവൂ.

### ദൃഷ്ടാന്തം

വസ്തു, അത് വില്ക്കുകയും കിട്ടുന്ന തുകയിൽനിന്ന് ക യുടെ ഉത്തമർണ്ണൻമാർക്ക് അവകാശപ്പെട്ടത് കൊടുത്തു തീർക്കുകയും ചെയ്യുന്നതിനുള്ള ട്രസ്റ്റായി ക, ഖ യ്ക്ക് കൈമാററം കൊടുക്കുന്നു. ക പിൻവലിക്കലധികാരം വച്ചുപോരുന്നില്ല, ഉത്തമർണ്ണൻമാരെ അറിയിച്ചിട്ടില്ലെങ്കിൽ ക യ്ക്ക് ട്രസ്റ്റ് പിൻവലിക്കാവുന്നതാണ്. എന്നാൽ ആ ഏർപ്പാടിൽ ഉത്തമർണ്ണൻമാർ കക്ഷികളാണെങ്കിൽ, അവരുടെ സമ്മതംകൂടാതെ ട്രസ്റ്റ് പിൻവലിക്കാവുന്നതല്ല.

79. പിൻവലിക്കൽ, ട്രസ്റ്റികൾ യഥാവിധി ചെയ്തതിനെ പരാജയപ്പെടുത്തരുതെന്ന്.—ട്രസ്റ്റ് നടപ്പാക്കുന്നതിൽ ട്രസ്റ്റികൾ യഥാവിധി ചെയ്തിരിക്കാവുന്നതിനെ പരാജയപ്പെടുത്തുകയോ അല്ലെങ്കിൽ അതിന് ഭംഗം വരുത്തുകയോ ചെയ്യത്തക്കവിധം ട്രസ്റ്റ് കർത്താവിന് യാതൊരു ട്രസ്റ്റും പിൻവലിക്കാവുന്നതല്ല.

## അദ്ധ്യായം IX

## ട്രസ്ററുകളുടെ പ്രകൃതമുള്ള ചില കടപ്പാടുകളെക്കുറിച്ച്

80. ട്രസ്ററിന്റെ പ്രകൃതമുള്ള കടപ്പാട് സൃഷ്ടിക്കപ്പെടുന്നതെവിടെയെന്ന് .—താഴെ പറയുന്ന സംഗതികളിൽ ട്രസ്ററിന്റെ പ്രകൃതമുള്ള ഒരു കടപ്പാട് സൃഷ്ടിക്കപ്പെടുന്നു.

81. കൈമാററം ചെയ്യുന്ന ആൾ ഗുണാനുഭവാവകാശം വ്യയനം ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതായി കാണാത്തിടത്ത്.—വസ്തുവിന്റെ ഉടമസ്ഥൻ അത് കൈമാററം ചെയ്യുകയോ ഒസ്യത്ത്‌വഴി നല്കുകയോ ചെയ്യുകയും അതിലെ ഗുണാനുഭവാവകാശം വ്യയനം ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതായി കൂടെയുള്ള പരിത:സ്ഥിതികൾക്ക് സംഗതമാംവിധം അനുമാനിക്കുവാൻ കഴിയാതിരിക്കുകയും ചെയ്യുന്നിടത്ത്, കൈമാററം വാങ്ങിയ ആളോ ഒസ്യത്തവകാശിയോ ആ വസ്തു ഉടമസ്ഥന്റേയോ അയാളുടെ നിയമാനുസൃത പ്രതിനിധിയുടേയോ ഗുണത്തിനായി വച്ചുകൊള്ളേണ്ടതാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) ക പ്രതിഫലത്തിനല്ലാതെ ഖ യ്ക്ക് ഭൂമി കൈമാററം കൊടുക്കുകയും, യാതൊരു ഭാഗം സംബന്ധിച്ചും ട്രസ്ററ് പ്രഖ്യാപിക്കാതിരിക്കുകയും ചെയ്യുന്നു. ആ ഭൂമിയിലെ ഗുണാനുഭവാവകാശം കൈമാററം ചെയ്യുവാൻ ക ഉദ്ദേശിച്ചിട്ടുള്ളതായി കൈമാററം ഉണ്ടായ പരിത:സ്ഥിതികൾക്ക് സംഗതമാംവിധം അനുമാനിക്കാൻ കഴിയുന്നതല്ല. ഖ ഭൂമി വച്ചുകൊള്ളുന്നത് ക യുടെ ഗുണത്തിനാണ്.

(ഖ) ക, ഖ യ്ക്ക് മ, യ എന്ന രണ്ടു നിലങ്ങൾ കൈമാററം കൊടുക്കുകയും, മ യെക്കുറിച്ച് ഒരു ട്രസ്ററ് പ്രഖ്യാപിക്കുകയും ചെയ്യുന്നു. എന്നാൽ യ യെക്കുറിച്ച് ഒന്നും പറയുന്നില്ല. യ യിലെ ഗുണാനുഭവാവകാശം കൈമാററം ചെയ്യുന്നതിന് ക ഉദ്ദേശിച്ചിട്ടുള്ളതായി കൈമാററം ഉണ്ടായ പരിത:സ്ഥിതികൾക്ക് സംഗതമാംവിധം അനുമാനിക്കാൻ കഴിയുന്നതല്ല. ഖ യ വച്ചുകൊള്ളുന്നതും ക യുടെ ഗുണത്തിനാണ്.

(ഗ) ക തനിക്കവകാശപ്പെട്ട ഒരു സ്ററാക്ക് തന്റേയും ഖ യുടേയും പേരുകളിൽ കൂട്ടായി കൈമാററം ചെയ്യുന്നു. ആ സ്ററാക്കിലെ ഗുണാനുഭവാവകാശം ക തന്റെ ജീവിതകാലത്ത് കൈമാററം ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ളതായി അത് കൈമാററം ചെയ്തിട്ടുള്ള പരിത:സ്ഥിതികൾക്ക് സംഗതമാംവിധം അനുമാനിക്കാൻ കഴിയുന്നതല്ല. ക യുടെ ജീവിതകാലത്ത് അയാളുടെ ഗുണത്തിനായിട്ടാണ് ക യും ഖ യും ആ സ്ററാക്ക് വച്ചുകൊള്ളുന്നത്.

(ഘ) ക തന്റെ ഭാര്യയായ ഖ യ്ക്കു ഒരു ഭൂമി ദാനം കൊടുക്കുന്നു. പരിത:സ്ഥിതികളിൽനിന്ന് ഖ യുടെ ഗുണത്തിനായിട്ടാണ് ആ ദാനം കൊടുത്തിട്ടുള്ളതെന്ന് അനുമാനിക്കാവുന്നതിനാൽ ആ ഭൂമിയിലെ ഗുണാനുഭവാവകാശം അവൾ ക യ്ക്ക് വേണ്ടിയുള്ള ഏതെങ്കിലും ട്രസ്ററിന് വിധേയമാകാതെ എടുക്കുന്നു.

82. ഒരാൾക്ക് മറെറാരാൾ കൊടുക്കുന്ന പ്രതിഫലത്തിന് കൈമാററം ചെയ്യുന്നത് .—ഒരാൾക്ക് മറേറതെങ്കിലും ആൾ കൊടുക്കുന്നതോ ബോദ്ധ്യപ്പെടുത്തുന്നതോ ആയ പ്രതിഫലത്തിനു വസ്തു കൈമാററം ചെയ്യുകയും ആ മറേറ

ആയം, അങ്ങനെയുള്ള പ്രതിഫലം, കൈമാററം വാങ്ങിയ ആളുടെ ഗുണത്തിനായി കൊടുക്കാനോ ബോദ്ധ്യപ്പെടുത്താനോ ഉദ്ദേശിച്ചിരുന്നില്ലെന്ന് കാണുകയും ചെയ്യുന്നിടത്ത്, കൈമാററം വാങ്ങിയ ആരം ആ വസ്തു പ്രത ഫലം കൊടുക്കുകയോ ബോദ്ധ്യപ്പെടുത്തുകയോ ചെയ്യുന്ന ആളുടെ ഗുണത്തിനായി വച്ചു കൊള്ളണം.

ഈ വകുപ്പിലെ യാതൊന്നും സിവിൽനടപടി നിയമസംഹിത, 1908-ലെ 317-ാം വകുപ്പിനേയോ അല്ലെങ്കിൽ 1859-ലെ 11-ാം ആക്ററ് (ബംഗാരം പ്രസിഡൻസിയുടെ കീഴിലുള്ള ലോവർ പ്രവിശ്യകളിലെ റവന്യു കുടിശ്ശികകൾക്കുള്ള ഭൂമി വില്പന സംബന്ധിച്ച നിയമം പരിഷ്കരിക്കുന്നതിനുള്ളത്) 36-ാം വകുപ്പിനേയോ ബാധിക്കുന്നതായി കരുതപ്പെടുന്നതല്ല.

83. നടപ്പാക്കാൻ കഴിയാത്തതോ അല്ലെങ്കിൽ ട്രസ്ററ്വസ്തു മുഴുവൻ തീർക്കാതെ നടപ്പാക്കിയിട്ടുള്ളതോ ആയ ട്രസ്ററ്:—ഒരു ട്രസ്ററ് നടപ്പാക്കാൻ കഴിയാത്തതാകുന്നിടത്തോ, അല്ലെങ്കിൽ ട്രസ്ററ് വസ്തു മുഴുവൻ തീർക്കാതെ ട്രസ്ററ് പൂർണ്ണമായി നടപ്പാക്കിയിട്ടുള്ളിടത്തോ, വിപരീതമായ നിദേശത്തിന്റെ അഭാവത്തിൽ, ട്രസ്ററി ട്രസ്ററ്വസ്തുവോ അല്ലെങ്കിൽ അതിൽ തീർക്കാതെയുള്ളത്രയോ ട്രസ്ററ് കർത്താവിന്റേയോ അയാളുടെ നിയമാനുസൃതപ്രതിനിധിയുടേയോ ഗുണത്തിനായി വച്ചുകൊള്ളണം.

### ദൃഷ്ടാന്തങ്ങൾ

(ക) ക ഒരു ഭൂമി ഖ യ്ക്ക്—

"ട്രസ്ററായി" കൈമാററം കൊടുക്കുകയും ട്രസ്ററ് ഒന്നും പ്രഖ്യാപിക്കാതിരിക്കുകയും ചെയ്യുന്നു ; അല്ലെങ്കിൽ

"പിന്നീട് പ്രഖ്യാപിക്കപ്പെടേണ്ട ട്രസ്ററായി" കൈമാററം കൊടുക്കുകയും അങ്ങനെ പ്രഖ്യാപനം ഒന്നും ഒരിക്കലും ചെയ്യാതിരിക്കുകയും ചെയ്യുന്നു; അല്ലെങ്കിൽ

നടപ്പാക്കാൻ കഴിയാത്തവിധം അത്ര അവ്യക്തമായ ട്രസ്ററുകളായി കൈമാററം കൊടുക്കുന്നു ; അല്ലെങ്കിൽ

ഫലത്തിൽ വരാൻ കഴിയാത്തവയായിത്തീരുന്ന ട്രസ്ററുകളായി കൈമാററം കൊടുക്കുന്നു ; അല്ലെങ്കിൽ

"ഗ യ്ക്കുവേണ്ടി ട്രസ്ററായി" കൈമാററം കൊടുക്കുകയും ഗ ട്രസ്ററിൻകീഴിലുള്ള തന്റെ അവകാശം പരിത്യജിക്കുകയും ചെയ്യുന്നു.

ഈ സംഗതികൾ ഓരോന്നിലും ഖ ഭൂമി വച്ചുകൊള്ളുന്നതു കയുടെ ഗുണത്തിനായിട്ടാണ്.

(ഖ) ആണ്ടുതോറും കിട്ടാനുള്ളതായിത്തീരുന്ന പലിശ ഗ യ്ക്ക് ആജീവനാന്തം നല്കുന്നതിനുള്ള ട്രസ്ററായി ക 10,000 രൂപയുടെ നാല് ശതമാനം പത്രങ്ങൾ ഖ യ്ക്കു കൈമാററം ചെയ്യുന്നു. ക മരിക്കുന്നു. പിന്നീട് ഗ മരിക്കുന്നു. ഖ ആ സംഖ്യ വച്ചുകൊള്ളുന്നത് ക യുടെ നിയമാനുസൃത പ്രതിനിധിയുടെ ഗുണത്തിനായിട്ടാണ്.

(ഗ) ക, ഭൂമി അതു വില്ക്കുകയും കിട്ടുന്ന തുകയിൽ ഒരു പകുതി ധർമ്മപരമായ ചില ആവശ്യങ്ങൾക്കും മറേറത് ഒരു വിഗ്രഹത്തിന്റെ ആരാധന നിലനിറുത്തുന്നതിനുംവേണ്ടി വിനിയോഗിക്കുകയും ചെയ്യുന്നതിനുള്ള ട്രസ്ററായി ഖ യ്ക്ക് കൈമാററം കൊടുക്കുന്നു. ഖ ഭൂമി വില്ക്കുന്നു,

എന്നാൽ ധർമ്മപരമായ ആവശ്യങ്ങൾ മുഴുവനും പരാജയപ്പെടുകയും ആരാധന നിലനിറുത്തുന്നത് ആ തുകയുടെ രണ്ടാമത്തെ പകുതി തീർക്കാതിരിക്കയും ചെയ്യുന്നു. ഖ ആ തുകയുടെ ആദ്യത്തെ പകുതിയും രണ്ടാമത്തെ പകുതിയുടെ വിനിയോഗിക്കാത്ത ഭാഗവും വച്ചുകൊള്ളുന്നത്, ക യുടേയോ അയാളുടെ നിയമാനുസൃത പ്രതിനിധിയുടേയോ ഗുണത്തിനായിട്ടാണ്.

(ഘ) മുഴുവനായോ ഭാഗികമായോ ഫലത്തിൽ വരാതിരുന്ന ചില ആവശ്യങ്ങൾക്ക് കൈമാററം കൊടുക്കുവാൻ ഭൂമി വാങ്ങുന്നതിന് ചെലവാക്കാനായി, ക ഖ യ്ക്ക് 10,000 രൂപ മരണശാസനം വഴി നല്കുന്നു. ആ പണത്തിലോ ഭൂമി വാങ്ങിയിട്ടുണ്ടെങ്കിൽ അതിലോ ഉള്ള, വ്യയനം ചെയ്തുപോയിട്ടില്ലാത്ത അവകാശം ഖ വച്ചുകൊള്ളുന്നത് ക യുടെ നിയമാനുസൃത പ്രതിനിധിയുടെ ഗുണത്തിനായിട്ടാണ്.

84. <u>നിയമവിരുദ്ധമായ ആവശ്യത്തിനുവേണ്ടിയുള്ള കൈമാററം</u>.—വസ്തുവിന്റെ ഉടമസ്ഥൻ, അതു ഒരു നിയമവിരുദ്ധമായ ആവശ്യത്തിലേക്ക് മററാൾക്ക് കൈമാററം ചെയ്യുകയും അങ്ങനെയുള്ള ആവശ്യം നടപ്പാക്കാതിരിക്കുകയോ അല്ലെങ്കിൽ കൈമാററം ചെയ്യുന്ന ആൾ കൈമാററം വാങ്ങുന്ന ആളോളം അപരാധി അല്ലാതിരിക്കയോ, അല്ലെങ്കിൽ കൈമാററം ചെയ്യുന്ന ആൾ കൈമാററം വാങ്ങുന്ന ആളെ വസ്തു വച്ചുകൊണ്ടിരിക്കാൻ അനുവദിക്കുന്നതിന്റെ ഫലം ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകളെ പരാജയപ്പെടുത്തുന്നതായിരിക്കുകയോ ചെയ്യുകയും ചെയ്യുന്നിടത്ത്, കൈമാററം വാങ്ങുന്ന ആൾ വസ്തു കൈമാററം ചെയ്യുന്ന ആളുടെ ഗുണത്തിനായി വച്ചുകൊള്ളണം.

85. <u>നിയമവിരുദ്ധമായ ആവശ്യത്തിനുവേണ്ടിയുള്ള ഒസ്യത്ത്</u>.—ഒസ്യത്ത് കർത്താവ് ഒരു വസ്തു ട്രസ്ററായി ഒസ്യത്ത് വഴി നല്കുകയും ഒസ്യത്ത് നോക്കിയാൽത്തന്നെ ട്രസ്ററിന്റെ ആവശ്യം നിയമാനുസൃതമല്ലെന്നു കാണുകയോ അല്ലെങ്കിൽ ഒസ്യത്ത് കർത്താവിന്റെ ജീവിതകാലത്ത് അയാളോട് വസ്തു നിയമാനുസൃതമല്ലാത്ത ഒരു ആവശ്യത്തിന് വിനിയോഗിക്കാൻ ഒസ്യത്തവകാശി സമ്മതിക്കുകയോ ചെയ്യുന്നിടത്ത്, ഒസ്യത്തവകാശി വസ്തു ഒസ്യത്ത് കർത്താവിന്റെ നിയമാനുസൃത പ്രതിനിധിയുടെ ഗുണത്തിനായി വച്ചുകൊള്ളണം.

<u>ബലാൽക്കാരണംവഴി പിൻവലിക്കൽ തടയപ്പെട്ട ഒസ്യത്ത്</u>.—വസ്തു ഒസ്യത്ത് വഴി നല്കുകയും, ഒസ്യത്ത് പിൻവലിക്കുന്നത് ബലാൽക്കാരണംവഴി തടയപ്പെടുകയും ചെയ്യുന്നിടത്ത്, ഒസ്യത്തവകാശി വസ്തു ഒസ്യത്തുകർത്താവിന്റെ നിയമാനുസൃതപ്രതിനിധിയുടെഗുണത്തിനായി വച്ചുകൊള്ളണം.

86. <u>റദ്ദാക്കപ്പെടാവുന്ന കാൺട്രാക്ററിന് അനുസൃതമായ കൈമാററം</u>.—റദ്ദാക്കപ്പെടാവുന്നതോ അല്ലെങ്കിൽ വഞ്ചനയാലോ തെററിനാലോ പ്രചോദിപ്പിച്ചിടയാക്കപ്പെട്ടതോ ആയ ഒരു കാൺട്രാക്ററിന് അനുസൃതമായി വസ്തു കൈമാററം ചെയ്യപ്പെടുന്നിടത്ത്, അങ്ങനെയാണെന്നുള്ളതിന് നോട്ടീസ് കിട്ടുമ്പോൾ, ആൾ വസ്തു, യഥാർത്ഥത്തിൽ കൊടുത്തിട്ടുള്ള പ്രതിഫലം കൈമാററം ചെയ്യുന്ന ആൾ തിരികെ നല്കുന്നതിന് വിധേയമായി, അയാളുടെ ഗുണത്തിനായി കൈമാററം വാങ്ങുന്നയാൾ വച്ചുകൊള്ളണം.

87. <u>അധമർണ്ണൻ ഉത്തമർണ്ണന്റെ പ്രതിനിധി ആകുന്നത്</u>.—ഒരു അധമർണ്ണൻ തന്റെ ഉത്തമർണ്ണന്റെ എക്സിക്യൂട്ടറോ മററു നിയമാനുസൃത പ്രതിനിധിയോ ആകുന്നടത്ത്, അയാൾ കടം അതത് കിട്ടുന്നതിന് അവകാശമുള്ള ആളുകളുടെ ഗുണത്തിനായി വച്ചുകൊള്ളണം.

88. വിശ്വാസാധിഷ്ഠിതൻ നേടുന്ന പ്രയോജനം.— മറ്റൊരാളുടെ അവകാശം രക്ഷിക്കുവാൻ വിശ്വാസാധിഷ്ഠിത സ്വഭാവത്തിൽ ബാദ്ധ്യസ്ഥനായ ട്രസ്റ്റിയോ, എക്സിക്യൂട്ടറോ, പങ്കാളിയോ, ഏജൻറോ, കമ്പനി ഡയറക്ടറോ, നിയമോപദേഷ്ടാവോ വേറെ ആളോ തൻെറ ആ സ്വഭാവം ഉപയോഗിച്ച് തനിക്കായി ഏതെങ്കിലും ആർത്ഥികമായ പ്രയോജനം നേടുന്നിടത്തോ അല്ലെങ്കിൽ അങ്ങനെ ബാദ്ധ്യസ്ഥനായ ഏതെങ്കിലും ആൾ തൻെറ സ്വന്തം അവകാശങ്ങൾ ആ മറേറ ആളുടെ അവകാശങ്ങൾക്ക് എതിരായിരിക്കുന്നതോ എതിരായേക്കാവുന്നതോ ആയ പരിത:സ്ഥിതികളിൽ, ഏതെങ്കിലും ഇടപാടുകളിൽ ഏർപ്പെടുകയും അതുവഴി തനിക്കായി ആർത്ഥികമായ പ്രയോജനം നേടുകയും ചെയ്യുന്നിടത്തോ, അയാൾ അങ്ങനെ നേടുന്ന പ്രയോജനം ആ മറേറ ആളുടെ ഗുണത്തിനായി വച്ചുകൊള്ളണം.

ദൃഷ്ടാന്തങ്ങൾ

(ക) ഒരു എക്സിക്യൂട്ടറായ ക ഒരു ഒസ്യത്തവകാശിയായ ഖ യിൽ നിന്ന് ഒസ്യത്തിൻകീഴിലുള്ള അയാളുടെ അവകാശം കുറഞ്ഞവിലയ്ക്ക് വാങ്ങുന്നു. ആ ഒസ്യത്തവകാശത്തിൻെറ മൂല്യത്തെക്കുറിച്ച് ഖ അജ്ഞനാണ്. ആ വാങ്ങിയ വിലയും അതിൻെറ മൂല്യവും തമ്മിലുള്ള വ്യത്യാസം ഖ യുടെ ഗുണത്തിനായി ക വച്ചുകൊള്ളണം.

(ഖ) ഒരു ട്രസ്ററിയായ ക ട്രസ്ററ്വസ്തു തൻെറ സ്വന്തം ബിസിനസ്സിൻെറ ആവശ്യത്തിനായി ഉപയോഗിക്കുന്നു. അങ്ങനെയുള്ള ഉപയോഗത്തിൽനിന്നുള്ള ആദായം ക വച്ചുകൊള്ളുന്നത് ഗുണാനുഭോക്താവിൻെറ ഗുണത്തിനായിട്ടാണ്.

(ഗ) ഒരു ട്രസ്ററിയായ ക, തൻെറ പിൻഗാമി ഒരു പണത്തുക കൊടുത്തതിനു പ്രതിഫലമായി തൻെറ ട്രസ്ററിൽനിന്ന് വിരമിക്കുന്നു. ക ആ പണം വച്ചുകൊള്ളുന്നത് തൻെറ ഗുണാനുഭോക്താവിൻെറ ഗുണത്തിനായിട്ടാണ്.

(ഘ) ഒരു പങ്കാളിയായ ക പങ്കാളിത്തത്തിൻെറ വകയായ പണംകൊണ്ട് തൻെറ സ്വന്തം പേരിൽ ഭൂമി വാങ്ങുന്നു. ക, ആ ഭൂമി വച്ചുകൊള്ളുന്നത് പങ്കാളിത്തത്തിൻെറ ഗുണത്തിനായിട്ടാണ്.

(ങ) ഒരു പാട്ടത്തിനുള്ള (വാടകയ്ക്കുള്ള) ഏർപ്പാടിൽ നിബന്ധനകളെക്കുറിച്ച് കൂടിയാലോചന നടത്തുന്നതിന് തനിക്കുവേണ്ടിയും തൻെറ കൂട്ടുപങ്കാളികൾക്കുവേണ്ടിയും നിയോജിക്കപ്പെടുന്ന ഒരു പങ്കാളിയായ ക, തനിക്ക് ഒരു ലക്ഷം രൂപ നല്കണമെന്ന് പാട്ട (വാടക) കർത്താവുമായി ഗൂഢമായി വ്യവസ്ഥ ചെയ്യുന്നു. ക ആ ഒരു ലക്ഷം രൂപ വച്ചുകൊള്ളുന്നത് പങ്കാളിത്തത്തിൻെറ ഗുണത്തിനായിട്ടാണ്.

(ച) ക യും ഖ യും പങ്കാളികളാണ്. ക മരിക്കുന്നു. ഖ പങ്കാളിത്തത്തിൻെറ കാര്യങ്ങൾ സമാപനം ചെയ്യുന്നതിനുപകരം എല്ലാ അസ്തികളും ആ ബിസിനസ്സിൽതന്നെ വച്ചുപോരുന്നു. ഖ മൂലധനത്തിലെ ക യുടെ ഓഹരിയിൽനിന്ന് ഉത്ഭവിക്കുന്ന ആദായത്തിന് ക യുടെ നിയമാനുസൃത പ്രതിനിധിയോട് കണക്കു പറയണം.

(ഛ) ഖ യ്ക്കുവേണ്ടി പാട്ടത്തിന് (വാടകയ്ക്ക്) ഉള്ള ഒരു ഏർപ്പാട് സമ്പാദിക്കുന്നതിന് നിയോഗിക്കപ്പെട്ട ഒരു ഏജൻറായ ക പാട്ട ഏർപ്പാട് തനിക്കായി സമ്പാദിക്കുന്നു. ക ആ പാട്ടം ഏർപ്പാട് വച്ചുകൊള്ളുന്നത് ഖ യുടെ ഗുണത്തിനായിട്ടാണ്.

(ജ) ഒരു രക്ഷാകർത്താവായ ക, തൻെറ രക്ഷാധീനനായ ഖ യുടെ എസ്റേററിൻമേലുള്ള ചില കുടിക്കടങ്ങൾ തനിക്കായി കുറഞ്ഞ വിലയ്ക്ക് വാങ്ങുന്നു. അപ്രകാരം വാങ്ങിയ കുടിക്കടങ്ങൾ ക വച്ചുകൊള്ളുന്നത് ഖ യുടെ ഗുണത്തിനായിട്ടാണ്; താൻ യഥാർത്ഥത്തിൽ കൊടുത്ത പണത്തിന് മാത്രമേ അയാൾക്ക് ഖ യെ ബാദ്ധ്യതപ്പെടുത്താനാവൂ.

89. <u>അനുചിതമായ സ്വാധീനം പ്രയോഗിക്കുന്നതുവഴി നേടുന്ന പ്രയോജനം</u>.—അനുചിതമായ സ്വാധീനം പ്രയോഗിച്ച് മററൊരാളുടെ അവകാശങ്ങൾക്ക് ന്യൂനത വരുത്തുന്ന ഏതെങ്കിലും പ്രയോജനം നേടുന്നിടത്ത്, പ്രതിഫലം കൂടാതേയോ അങ്ങനെയുള്ള സ്വാധീനം പ്രയോഗിച്ചുവെന്നതിനെക്കുറിച്ച് നോട്ടീസ്സോടുകൂടിയോ ആ പ്രയോജനം നേടുന്ന ആൾ, അത് ആരുടെ അവകാശങ്ങൾക്കാണോ അങ്ങനെ ഭംഗം വന്നിട്ടുള്ളത്, ആ ആളുടെ ഗുണത്തിനായി വച്ചുകൊള്ളണം.

90. <u>പരിമിതാവകാശത്തിൻെറ ഉടമസ്ഥൻ നേടുന്ന പ്രയോജനം</u>.—ഏതെങ്കിലും വസ്തുവിൻെറ ആജീവനാവകാശിയോ, കൂട്ടുടമസ്ഥനോ, പണയഗൃഹിതാവോ മററുള്ള പരിമിതാവകാശത്തിൻെറ ഉടമസ്ഥനോ, തൻെറ അങ്ങനെയുള്ള സ്ഥാനം ഉപയോഗിച്ച് ആ വസ്തുവിൽ അവകാശമുള്ള മററാളുകളുടെ അവകാശങ്ങൾക്ക് ന്യൂനത വരത്തക്കവിധം ഒരു പ്രയോജനം നേടുന്നിടത്തോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ഉടമസ്ഥൻ, അങ്ങനെയുള്ള വസ്തുവിൽ അവകാശമുള്ള എല്ലാ ആളുകളേയും പ്രതിനിധാനം ചെയ്തുകൊണ്ട് ഏതെങ്കിലും പ്രയോജനം നേടുന്നിടത്തോ, അങ്ങനെ നേടുന്ന പ്രയോജനം അയാൾ അങ്ങനെ അവകാശമുള്ള എല്ലാവരുടേയും ഗുണത്തിനായി വച്ചുകൊള്ളണം. എന്നാൽ അത്, അങ്ങനെയുള്ള ആളുകൾ അങ്ങനെയുള്ള പ്രയോജനംനേടുന്നതിന് ശരിയാംവണ്ണം നേരിട്ടിട്ടുള്ള ചെലവുകളിൽ അവരുടെ ശരിയായ ഓഹരി തിരിയെ കൊടുക്കുന്നതിനും, ശരിയാംവണ്ണം നേരിട്ടിട്ടുള്ള ബാദ്ധ്യതകൾക്ക് അവർ നഷ്ടോത്തരവാദം ചെയ്യുന്നതിനും വിധേയമായിരിക്കും.

ദൃഷ്ടാന്തങ്ങൾ

(ക) ഒരു പാട്ടവസ്തുവിൻെറ ആജീവനാവകാശിയായ ക, പാട്ടത്തിനുള്ള ഏർപ്പാട് തൻെറ സ്വന്തം പേരിൽ തൻെറ സ്വന്തം ഗുണത്തിനായി പുതുക്കുന്നു. ക പുതിയ ഏർപ്പാട് വച്ചുകൊള്ളുന്നത് പഴയ ഏർപ്പാടിൽ അവകാശമുണ്ടായിരുന്ന എല്ലാവരുടേയും ഗുണത്തിനായിട്ടാണ്.

(ഖ) ഒരു ഗ്രാമം ഒരു ഹിന്ദു കുടുംബത്തിൻെറ വകയാണ്. അതിലെ അംഗങ്ങളിൽ ഒരാളായ ക, ഗവൺമെൻറിലേക്ക് നസറാണ കൊടുക്കുകയും അതുവഴി ആ ഗ്രാമത്തിൻെറ ഇനാംദാരായി തൻെറ പേർ ചേർപ്പിച്ചെടുക്കുകയും ചെയ്യുന്നു. ക ആ ഗ്രാമം വച്ചുകൊള്ളുന്നത് തൻേറയും മററുള്ള അംഗങ്ങളുടേയും ഗുണത്തിനായിട്ടാണ്.

(ഗ) ക ഖ യ്ക്ക് ഭൂമി പണയം കൊടുക്കുകയും ഖ അത് കൈവശം എടുക്കുകയും ചെയ്യുന്നു. ഭൂമി വില്പനയ്ക്ക് വയ്പിക്കുകയും താൻ അതിൻെറ ക്രേതാവായിത്തീരുകയും ചെയ്യണമെന്ന ലക്ഷ്യത്തോടെ ക ഗവൺമെൻറ് നികുതി കുടിശ്ശികയാകാൻ ഇടകൊടുക്കുന്നു. അതനുസരിച്ച് ഭൂമി ഖയ്ക്ക് വില്ക്കപ്പെടുന്നു. പണയത്തിൻമേൽ കിട്ടേണ്ട സംഖ്യയും, പണയഗൃഹിതാവെന്ന നിലയിൽ തനിക്ക് ന്യായമായി നേരിട്ടിട്ടുള്ള ചെലവുകളും തിരിച്ചുകിട്ടുന്നതിന് വിധേയമായി, ക യുടെ ഗുണത്തിനായിട്ടാണ് ഖ ഭൂമി വച്ചുകൊള്ളുന്നത്.

91. നിലവിലുള്ള കാൺട്രാക്റ്റിനെക്കുറിച്ചുള്ള നോട്ടീസ്സോടുകൂടി ആർജ്ജിക്കുന്ന വസ്തു.—ഒരാൾ ഒരു വസ്തു, അതിനെ ബാധിക്കുന്നതും വിനിർദ്ദിഷ്ടമായവിധം നിർവ്വഹിപ്പിക്കാവുന്നതുമായ നിലവിലുള്ള ഒരു കാൺട്രാക്റ്റിൽ, മറ്റൊരാൾ ഏർപ്പെട്ടിട്ടുണ്ടെന്നുള്ളതിനെക്കുറിച്ചുള്ള നോട്ടീസ്സോടുകൂടി വാങ്ങുന്നിടത്ത്, ആദ്യം പറഞ്ഞ ആൾ, വസ്തു സംബന്ധിച്ച് ചെയ്തിട്ടുള്ള ആ കാൺട്രാക്റ്റ് ഫലത്തിൽ കൊണ്ടുവരാൻ ആവശ്യമായിടത്തോളം രണ്ടാമത് പറഞ്ഞആളുടെ ഗുണത്തിനായി ആ വസ്തു വച്ചുകൊള്ളണം.

92. ട്രസ്റ്റായി വച്ചുകൊള്ളാനായി വസ്തു വാങ്ങാൻ കാൺട്രാക്റ്റ് ചെയ്യുന്ന ആൾ വാങ്ങുന്നത്.—ചില ഗുണാനുഭോക്താക്കൾക്കുവേണ്ടി ട്രസ്റ്റായി വച്ചുകൊള്ളുന്നതിന് വസ്തു വാങ്ങാൻ ഒരാൾ കാൺട്രാക്റ്റ് ചെയ്യുകയും, അതനുസരിച്ച് ആ വസ്തു വാങ്ങുകയും ചെയ്യുന്നിടത്ത്, അയാൾ ആ കാൺട്രാക്റ്റ് ഫലത്തിൽ കൊണ്ടുവരാൻ ആവശ്യമായിടത്തോളം ആ വസ്തു അവരുടെ ഗുണത്തിനായി വച്ചുകൊള്ളണം.

93. രാജിയാക്കുന്ന പല ഉത്തമർണ്ണൻമാരിൽ ഒരാൾ രഹസ്യമായി നേടുന്ന പ്രയോജനം.—ഉത്തമർണ്ണൻമാർ തങ്ങൾക്ക് കിട്ടേണ്ട കടങ്ങൾ രാജിയാക്കുകയും അങ്ങനെയുള്ള ഉത്തമർണ്ണൻമാരിൽ ഒരാൾ, അധമർണ്ണനുമായി രഹസ്യമായുള്ള ഒരു ഏർപ്പാടുവഴി തന്റെ സഹ ഉത്തമർണ്ണൻമാരുടെ മീതെ ഒരു അനർഹമായ പ്രയോജനം നേടുകയും ചെയ്യുന്നിടത്ത്, അയാൾ അങ്ങനെ നേടിയ ആ പ്രയോജനം അങ്ങനെയുള്ള ഉത്തമർണ്ണൻമാരുടെ ഗുണത്തിനായി വച്ചുകൊള്ളണം.

94. പ്രകടമായ വ്യവസ്ഥയില്ലാത്ത സംഗതികളിൽ നിയമസങ്കല്പിത ട്രസ്റ്റുകൾ.—ഇതിനുമുമ്പുള്ള വകുപ്പുകളിൽ ഏതിന്റെയെങ്കിലും പരിധിയിൽവരാത്ത ഏതെങ്കിലും സംഗതിയിൽ, ഒരു ട്രസ്റ്റ് ഇല്ലാതിരിക്കുകയും എന്നാൽ വസ്തു കൈവശമുള്ള ആൾക്ക്, അതിലെ മുഴുവൻഗുണാനുഭോഗാവകാശവും ഇല്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, അയാൾ ആ വസ്തു (അതതു സംഗതിപോലെ) അങ്ങനെയുള്ള അവകാശമോ അവകാശത്തിന്റെ അവശിഷ്ടമോ ഉള്ള ആളുകൾ ന്യായമായി ആവശ്യപ്പെടുന്നത് നിറവേറ്റിക്കൊടുക്കുന്നതിന് മതിയാകുന്നിടത്തോളം, അവരുടെ ഗുണത്തിനായി വച്ചുകൊള്ളണം.

ദൃഷ്ടാന്തങ്ങൾ

(ക) ഒരു എക്സിക്യൂട്ടറായ ക, ഒസ്യത്ത് കർത്താവായ ഖ യുടെ ആസ്തികൾ ക യുടെ കടങ്ങൾ മുഴുവനും കൊടുത്തു തീർക്കാതെ ഒസ്യത്തവകാശികൾക്ക് വീതിച്ചുകൊടുക്കുന്നു. അങ്ങനെ വീതിച്ചുകൊടുക്കുന്ന ആസ്തികൾ ഒസ്യത്തവകാശികൾ വച്ചുകൊള്ളുന്നത് ക യുടെ ഉത്തമർണ്ണൻമാർ ന്യായമായി ആവശ്യപ്പെടുന്നത് നിറവേറ്റിക്കൊടുക്കുന്നതിന് മതിയായിടത്തോളം അവരുടെ ഗുണത്തിനായിട്ടാണ്.

(ഖ) ക തെറ്റായി ഖ യ്ക്ക്വേണ്ടിയുള്ള ഒരു ട്രസ്റ്റിയുടെ സ്വഭാവം കൈക്കൊള്ളുകയും ട്രസ്റ്റ് പ്രകാരമാണെന്ന ഭാവത്തിൽ ഏതോ പണം വാങ്ങുകയും ചെയ്യുന്നു. അയാളെ, അങ്ങനെയുള്ള പണത്തിന്റെ കണക്കു പറയാൻ ഖ യ്ക്ക് നിർബന്ധിക്കാവുന്നതാണ്.

(ഗ) ക, ഖ യ്ക്കു ദാനമായി ഒരു ലക്ഷം രൂപ, ആ ദാനം 10,000 രൂപ സംബന്ധിച്ചിടത്തോളം ഇഷ്ടാനുസരണം പിൻവലിക്കാനുള്ള അധികാരം ഖ യുടെ സമ്മതത്തോടുകൂടി തനിക്കുതന്നെ വച്ചുകൊണ്ട്, നല്കുന്നു. 10,000 രുപ സംബന്ധിച്ചിടത്തോളം ആ ദാനം ശൂന്യമാണ് ; ഖ ആ സംഖ്യ വച്ചുകൊള്ളുന്നത് ക യുടെ ഗുണത്തിനായിട്ടാണ്.

95. കടപ്പാടുള്ള ആളുടെ കർത്തവ്യങ്ങളും ബാദ്ധ്യതകളും അവശതകളും.—ഈ അദ്ധ്യായത്തിലെ മുൻവകുപ്പുകളിൽ ഏതെങ്കിലും അനുസരിച്ച് വസ്തുവച്ചുകൊള്ളുന്ന ആരം, കഴിയുന്നത്ര, ആരുടെ ഗുണത്തിനായിട്ടാണോ അയാരം ആ വസ്തു വച്ചുകൊള്ളുന്നത്, അയാരംക്കുവേണ്ടി ആ വസ്തുവിന്റെ ട്രസ്റ്റിയായിരുന്നാലെന്നപോലെ അതേ കർത്തവ്യങ്ങരം നിർവ്വഹിക്കേണ്ടതും കഴിയുന്നത്ര അതേ ബാദ്ധ്യതകരംക്കും അവശതകരംക്കും വിധേയനായിരിക്കുന്നതും ആകുന്നു :

എന്നാൽ, (ക) അയാരം ശരിയാംവണ്ണം വസ്തുവിൽ കൃഷി ചെയ്യുകയോ അത് കച്ചവടത്തിനോ ബിസിനസ്സിനോ വിനിയോഗിക്കുകയോ ചെയ്യുന്നിടത്ത്, അങ്ങനെയുള്ള കൃഷിയിലേയോ വിനിയോഗത്തിലേയോ അയാളുടെ ബുദ്ധിമുട്ടിനും നൈപുണ്യത്തിനും സമയനഷ്ടത്തിനും ന്യായമായ വേതനത്തിന് അയാരംക്ക് അവകാശമുണ്ട് ;

(ഖ) ആരുടെ ഗുണത്തിനായിട്ടാണോ അയാരം ആ വസ്തു വച്ചുകൊള്ളുന്നത്, അയാളുമായോ അല്ലെങ്കിൽ ആരിൽ കൂടിയാണോ അങ്ങനെയുള്ള ആരം അവകാശപ്പെടുന്നത്, ആ ആളുമായോ ഉള്ള ഒരു കാൺട്രാക്റ്റിന്റെ ബലത്തിൽ, അത് അയാരം വച്ചുകൊള്ളുന്നിടത്ത് അയാരംക്ക് കോടതിയുടെ അനുവാദം കൂടാതെ ആ വസ്തുവോ അതിന്റെ ഏതെങ്കിലും ഭാഗമോ വിലയ്ക്കു വാങ്ങുകയോ അല്ലെങ്കിൽ പാട്ട (വാടക) ക്കാരനോ അതിന്റെ പണയ ഗൃഹീതാവോ ആവുകയോ ചെയ്യാവുന്നതും ആണ്.

96. ഉത്തമവിശ്വാസപൂർവ്വം വിലയ്ക്ക് വാങ്ങുന്നവരുടെ അവകാശങ്ങരം ഒഴിവാക്കൽ :—ഈ അദ്ധ്യായത്തിൽ അടങ്ങിയ യാതൊന്നും ഉത്തമവിശ്വാസപൂർവ്വം പ്രതിഫലത്തിന് കൈമാററം വാങ്ങുന്ന ആളുകളുടെ അവകാശങ്ങരംക്ക് കോട്ടം തട്ടിക്കുകയോ അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിൽനിന്ന് ഒഴിഞ്ഞുമാറുന്ന തരത്തിൽ ഒരു കടപ്പാട് സൃഷ്ടിക്കുകയോ ചെയ്യുന്നതല്ല.

പട്ടിക

(രണ്ടാം വകുപ്പു നോക്കുക)

## സ്ററാററ്യൂട്ടുകൾ

| വർഷവും അദ്ധ്യായവും | ചുരുക്കപ്പേര് | റദ്ദാക്കലിന്റെ വ്യാപ്തി |
| --- | --- | --- |
| 29 ചാററൽസ് രണ്ടാമൻ അദ്ധ്യായം 3 | ദി സ്ററാററ്യൂട്ട് ആഫ് ഫ്റാഡ്സ് | 7, 8, 9, 10, 11 വകുപ്പുകൾ |

## ഗവർണ്ണർ ജനറൽ-ഇൻ-കൗൺസിലിന്റെ ആക്ററുകൾ

| നമ്പരും വർഷവും | ചുരുക്കപ്പേര് | റദ്ദാക്കലിന്റെ വ്യാപ്തി |
| --- | --- | --- |
| 1866-ലെ XXVIII | ട്രസ്ററികളുടേയും പണയ ഗൃഹിതാക്കളുടേയും അധികാരങ്ങൾ ആക്ററ്, 1866 | 2, 3, 4, 5, 32, 33, 34, 35, 36, 37 വകുപ്പുകൾ. |
| | | 43-ാം വകുപ്പിൽ "ട്രസ്ററി" എന്ന വാക്ക് ഉള്ളിടത്തെല്ലാം; 43-ാം വകുപ്പിൽ "മാനേജുമെൻറ് അല്ലെങ്കിൽ" എന്നും "ട്രസ്ററുവസ്തു അല്ലെങ്കിൽ" എന്നുമുള്ള വാക്കുകൾ. |
| 871-ലെ 1 | പ്രത്യേക നിവൃത്തി ആക്ററ്, 1877, | 12-ാം. വകുപ്പിൽ ഒന്നാമത്തെ ദൃഷ്ടാന്തം. |